ണ്

GRADE IV BOOK 9

1013
~~32292~~

# കുട്ടികളുടെ യേശു

ഗ്രന്ഥകർത്താ:

**കെ. സി. ചാക്കോ**

എം. ഏ ബി. ഇ; എം. എസ്; ഏ. എം. ഐ. ഇ



**ബാലൻ പ്രസിദ്ധീകരണങ്ങൾ**

തിരുവനന്തപുരം.

വില: 1 രു. 25 ന. പൈ

NATIONAL BOOK STALL

*Balan Children's Series* No. 9

General Editor-Mathew M. Kuzhivelil

(Malayalam)

# KUTTIKALUDE YESU

By

K. C. CHACKO

M. A. B. E., M. S; A. M. I. E.

First impression 1949

Printed at

Star Press, Tvm.

Price Re. 1. nP. 25

Copyright by

Balan Publications

Publishers

Balan Publications, Trivandrum.

3rd Impression August 1962

Copies 500

# പ്രസ്താവന

കേരളത്തിലെ ബാലലോകത്തിനുവേണ്ടി ചില 'സമ്മാന' ഗ്രന്ഥങ്ങൾ പ്രസാധനം ചെയ്യുവാൻ എൻെറ ബഹുമാന്യ ഗുരുഭൂതനും ബാലസാഹിത്യപരിപോഷണത്തിൽ ഉൽസുകനുമായ ശ്രീ. കുഴിവേലി തയ്യാറായി. ബാലലോകത്തോട്ട് എനിക്കുള്ള ഹാർദ്ദമായ വാത്സല്യവും സഹാനുഭൂതിയും അദ്ദേഹത്തിൽ അവിസ്മരണീയമായി പതിഞ്ഞിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ പ്രഥമസമ്മാനഗ്രന്ഥത്തിൻെറ പ്രണേതാവായി എന്നെ തിരഞ്ഞെടുത്തു ബഹുമാനിച്ചിരിക്കയാണെന്നു തോന്നുന്നു.

വിദ്യാഭ്യാസവും പരിശീലനവുംമൂലം അചേതനവസ്തുക്കളുടെ ഒരു 'ശില്പി' ആയിരിക്കേണ്ട ഞാൻ, ആഗ്രഹവും സാഹചര്യവുംകൊണ്ട് സചേതന വ്യക്തികളുടെ ശില്പി ആയ ഒരു അദ്ധ്യാപകനായി തീന്നിരിക്കുന്നതിനാൽ, എൻെറ ഗുരുവിൻെറ നിർദ്ദേശം ഞാൻ സസന്തോഷം സ്വീകരിക്കുന്നു.

ശ്രീയേശുവിൻെറ, ചോദ്യം ചെയ്യപ്പെടാത്ത സർവ്വാദരണീയത ഗ്രന്ഥകാരനും പ്രസാധകനും ഒന്നുപോലെ സ്വീകാര്യമായി കാണപ്പെട്ടു. ഈ പരിതസ്ഥിതികളിൽ "കുട്ടികളുടെ യേശു" രൂപം പ്രാപിച്ചു.

ബാലന്മാക്കു മാത്രമല്ല, വയോജനങ്ങൾക്കും നല്കാൻ എനിക്കു കഴിയുന്നതിൽ ഏററവും ഉൽകൃഷ്ടമായ സമ്മാനം എന്ന നിലയിലാണ് ഞാൻ ഈ കഥ സ്വീകരിച്ചിട്ടുള്ളതു്. ചരിത്രപുരുഷനായ ദൈവപുത്രൻ യേശുവിൻെറ ഏററവും സ്നേഹയോഗ്യമായ മാനുഷികസ്വഭാവം എന്നെ എന്നും ആകർഷിച്ചിട്ടുണ്ട്. കഴിഞ്ഞ ഇരുപതോളം കൊല്ലങ്ങളായി, യേശുവിൻെറ ജീവചരിത്രം കഴിയുന്നതും വിശദമായി മനസ്സിലാക്കുവാൻ ഞാൻ അനുസ്യൂതമായി ശ്രമിച്ചുവന്നു. ഈ ശ്രമത്തിൽ വർണ്ണനാപ്രധാനമായി പപ്പീനിയും ഭക്തിസംവർദ്ധകമായി ഗുഡിയറും, പണ്ഡിതോചിതമായി ലബ്രട്ടണും, ദൈവശാസ്ത്രപരമായി ഗ്രാൻമെയ്സണും,

യാഥാർത്ഥ്യബോധത്തോടെ അബേഷ്യവാർഡും വിമർശനപ്രമുഖമായി ഫെൽഡറും യഹൂദസംസ്കാരപ്രചോദിതമായി എദർഷീമും അദ്ധ്യയനസൗകര്യം മുൻനിർത്തി ഒബ്രിയനും, പലസ്തീനായിലെ സ്ഥലകാലജീവിതരീതികളെ ആസ്പദമാക്കി മോർട്ടണും എല്ലാ പ്രകാരത്തിലും ശാസ്ത്രീയമായി റിസിയോസിററിയും യേശുവിനെപ്പററി എഴുതിയിട്ടുള്ള മഹാഗ്രന്ഥങ്ങൾ പലവട്ടം ഞാൻ വായിക്കുകയും പഠിക്കുകയും ചെയ്തു. അവയെ സുവിശേഷഗ്രന്ഥങ്ങളുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാനും ഞാൻ ഉത്സാഹിച്ചു.

യേശുവിൻെറ ദിവ്യത്വത്തെ ചോദ്യം ചെയ്യുന്ന റെനാൻ, ഷേയിലർമാത്യൂസ്, ഏർണസ്റ്റ്ബാർണസ്, മുതലായവരുടെ പ്രസിദ്ധ ഗ്രന്ഥങ്ങളുടെ ഉള്ളടക്കവും നിഷേധാത്മകമായ വാദമുഖങ്ങളും അറിയുവാനും ഞാൻ ശ്രമിക്കാതിരുന്നില്ല.

ഈ പഠനത്തിൽ കൂടിയെല്ലാം എൻെറ മനസ്സിൽ പതിഞ്ഞിട്ടുള്ള യേശുവിൻെറ ചിത്രം സുവിശേഷങ്ങളിലെ സംഭവക്രമത്തെ ആധാരമാക്കി പ്രകാശിപ്പിക്കാനാണ് എൻെറ ഉദ്യമം.

നാളെ പ്രബുദ്ധവും പ്രശസ്തവും ആയിത്തീരുന്ന ഇന്നത്തെ ബാലലോകത്തിൻെറ മുൻപിൽ, ബാലൻെറ ഈ സമ്മാനഗ്രന്ഥം ഞാൻ സമർപ്പിക്കുന്നു.

ഇതിൻെറ പ്രസിദ്ധീകരണത്തിൽ പ്രസാധകന്മാർക്ക് നേരിട്ടിട്ടുള്ള വൈഷമ്യങ്ങൾ പൂർണ്ണമായി അറിയാൻ കഴിഞ്ഞിട്ടുള്ള എനിക്ക് അവരോടുള്ള കൃതജ്ഞത നിസ്സീമമത്രേ.

'കുട്ടികളുടെ യേശു' അവരേയും അനുഗ്രഹിക്കട്ടെ!!

തിരുവിതാംകൂർ സർവ്വകലാശാല
തിരുവനന്തപുരം. കെ. സി. ചാക്കോ.
25-12-49

## വിഷയവിവരം


1. യേശു ജനിച്ച ലോകം
2. യേശുവിൻെറ ജനനം
3. യേശുവിനെ അന്നു കണ്ട ലോകം
4. യേശു അന്നു കണ്ട ലോകം
5. യേശു വളർന്ന ലോകം
6. യേശുവിൻെറ അജ്ഞാതജീവിതം
7. യേശുവും യോഹന്നാനും
8. യേശുവും ശിഷ്യന്മാരും
9. യേശു കാനായിൽ
10. യേശു ജറുശലേമിൽ
11. യേശുവും സമേരിയാക്കാരിയും
12. യേശു വീണ്ടും കാനായിൽ
13. യേശു കഫർണഹാമിൽ

# കുട്ടികളുടെ യേശു


## 1. യേശു ജനിച്ച ലോകം

ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് ലോകത്തിൽ ഒരു വലിയ സംഭവം ഉണ്ടായി. അതു് ഇന്നുവരെ ലോകത്തിനു് മറക്കാൻ കഴിഞ്ഞിട്ടില്ല, ഇനി ഒരിക്കലും അതു് മറക്കാൻ കഴിയുകയുമില്ല. പ്രഖ്യാതമായ ആ മഹാ സംഭവത്തെ അടിസ്ഥാനമാക്കി, ഇന്നു ലോകചരിത്രം മുഴുവൻ രണ്ടു് ഭിന്നഘട്ടങ്ങളായി തിരിച്ചിരിക്കുന്നു; ബി. സി. എന്നും, എ. ഡി. എന്നും. ഈ അക്ഷരങ്ങൾ ചേർത്താണ് ഇന്നു് പണ്ഡിതന്മാർ കാലഘട്ടത്തെ പൊതുവെ വിവേചിക്കുന്നതു്. ബി. സി. എന്നതു് 'ക്രിസ്തുവിനു് മുമ്പ്" എന്നർത്ഥമുള്ള രണ്ടു് ഇംഗ്ലീഷ് വാക്കുകളുടെ ആദ്യക്ഷരങ്ങളും, (Before Christ) എ. ഡി. ക്രിസ്തുവിനെ ആധാരമാക്കിയുള്ള കാലനിർണ്ണയം കുറിക്കുന്ന രണ്ടു ലത്തീൻ വാക്കുകളുടെ (Anno Domini) ആദ്യക്ഷരങ്ങളും ആകുന്നു. ഇങ്ങനെ ലോകചരിത്രത്തിലെ സ്മരണീയങ്ങളായ സംഭവങ്ങളെ ക്രിസ്തുവിനു് മുമ്പുണ്ടായവയും, പിമ്പുണ്ടായവയും എന്നു് വിവേചിക്കുവാൻ തക്ക പ്രാധാന്യം ലോകത്തിനു നല്കിയ ഒരു മഹാവ്യക്തി ആയിരുന്നു ക്രിസ്തു. അദ്ദേഹത്തിനു് മാതാപിതാക്കന്മാർ നൽകിയ പേരു യേശു എന്നാണു്.

യേശു മദ്ധ്യധരണ്യാഴിയുടെ കിഴക്കേ തീരത്തുള്ള പലസ്തീനാരാജ്യത്ത് ജനിച്ചു, വളൎന്നു, മരിച്ചു. അദ്ദേഹത്തിൻെറ ജീവിതത്തിലെ അവിസ്മരണീയങ്ങളായ പല സംഭവങ്ങളും പലസ്തീനായുടെ പല ഭാഗങ്ങളിലായി നടന്നു. ആ സംഭവങ്ങളുടെ ചരിത്രപരമായ യാഥാൎത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനു് പ്രസ്തുത രാജ്യത്തിൻെറ ഭൂപ്രകൃതിയും ഭരണചരിത്രവും അറിയേണ്ടതു് ആവശ്യമാണു്.

പലസ്തീനാരാജ്യം മദ്ധ്യധരണ്യാഴിയോടു് ഏറെക്കുറെ സമാന്തരമായി തെക്കുവടക്കു് ഉദ്ദേശം നൂററൻപതുമൈൽ നീളത്തിൽ കിടക്കുന്നു. കിഴക്കുപടിഞ്ഞാറുള്ള ദൈൎഘ്യം ഏററം കുറഞ്ഞതു് വടക്കേടത്തു് ഇരുപതു മൈലും, കൂടിയതു തെക്കേടത്തു് തൊണ്ണൂറു മൈലും ആകുന്നു. കന്യാകുമാരി മുതൽ കോട്ടയംവരെ നീണ്ടും, കോട്ടയം മുതൽ സഹ്യപൎവ്വതങ്ങൾ കടന്നു് ഒരു പത്തിരുപതു മൈലോളം കിഴക്കോട്ടു് വികസിച്ചും കിടക്കുന്ന ഒരു ഭൂവിഭാഗം, നേരെ വടക്കുതെക്കായി കിടക്കുന്ന രൂപം സങ്കല്പിച്ചാൽ പലസ്തീനായുടെ ആകൃതിയും വലിപ്പവും ഏകദേശം ഗ്രഹിക്കാം. വടക്കു ഹെമ്മോൺ കുന്നുകളും, തെക്കു് ചാവുകടലിനോടടുത്തു് ബീർഷബാ തടവും, പലസ്തീനായുടെ അതിൎത്തികളെന്നു കരുതാം. പടിഞ്ഞാറു കടലും, കിഴക്കു് അറേബ്യൻ മരുഭൂമിയും ഈ ഭൂവിഭാഗത്തെ മററുള്ളവയിൽ നിന്നും സ്വാഭാവികമായി വേൎതിരിക്കുന്നു. ഈ അതിരുകൾക്കകത്തുള്ള വിസ്തീൎണ്ണം, ഏതാണ്ടു് അറുപത്തഞ്ചു് ലക്ഷം ഏക്കർ വരുമെന്നു കണക്കാക്കിയിരിക്കുന്നു.

1013



ഈ രാജ്യത്തിൻെറ മദ്ധ്യഭാഗത്തുകൂടി യോർദാൻ എന്ന നദി ഒഴുകുന്നു. ഹെർമ്മോൺ കുന്നുകളിൽ നിന്നു ഉത്ഭവിച്ചു നേരെ തെക്കോട്ടു് ഒഴുകി ചാവുകടലിൽ വീഴുന്ന ഈ നദിയ്ക്കു് നൂററിനാല്പതു മൈൽ നീളമുണ്ടു്. ഉത്ഭവസ്ഥാനത്തു നിന്നു് ഇരുപത്തഞ്ചു മൈൽ തെക്കു് ഹൂലേ എന്ന ജലാശയവും, അവിടെ നിന്നും പത്തു മൈൽ തെക്കു് റൈറബീരിയസ് അഥവാ ഗന്നസറത്തു് എന്നറിയപ്പെടുന്ന ഗലീല തടാകവും യോർദാൻെറ സൈ്വരഗതിയെ നിയന്ത്രിക്കുന്നു. പതനത്തോടു് പത്തു മയിലടുക്കുന്നതുവരെ നദിയുടെ പാർശ്വഭാഗങ്ങൾ ഇടതിങ്ങി വളരുന്ന വൃക്ഷലതാദികൾ നിറഞ്ഞിരിക്കുന്നു. ചാവുകടലിനോടടുക്കുമ്പോൾ സസ്യജാലത്തിൻെറ ജീവലക്ഷണങ്ങൾ പോലും കുറഞ്ഞു കാണാം.

യോർദ്ദാൻ നദിയുടെ പടിഞ്ഞാറുള്ള പ്രദേശത്തിൽ വടക്കുപടിഞ്ഞാറേ തീരത്തു നിന്നു്, നദിയുടെ മദ്ധ്യഭാഗത്തേക്കു് നീണ്ടുകിടക്കുന്ന എസ്ദ്രലോൺ താഴ്വര, കുന്നും മലയും നിറഞ്ഞ ആ ഭൂമിയെ രണ്ടു ഭാഗങ്ങളായി കരുതുവാൻ സഹായിച്ചു. എസ്ദ്രലോൺ താഴ്വരയ്ക്കു് വടക്കുള്ള സ്ഥലം ഗലീല എന്നും തെക്കുള്ള കുന്നുകൾ നിറഞ്ഞ തടം സമറിയ എന്നും വിളിച്ചു വന്നു സമറിയായ്ക്കും തെക്കുള്ള ഭൂവിഭാഗമാണു് യൂദയാ എന്നറിയപ്പെട്ടിരുന്നതു്. യൂദയായിൽ നിന്നു ഗലീലയിലേയ്ക്കുള്ള വഴി സമറിയായിൽ കൂടി ആയിരുന്നു.

യോർദ്ദാൻെറ മറുകരയിലെ പ്രധാന സ്ഥലങ്ങൾ ഡമാസ്കസും, ഗന്നസറത്തു് തടാകത്തിൻെറ കിഴക്കേ തീരത്തുള്ള ഹിപ്പോസും ആയിരുന്നു.

യൂദയായിലെ പ്രധാന നഗരിയായ ജരുസലേം, അതിനോടടുത്തു തെക്കായി സ്ഥിതിചെയ്യുന്ന ബത്’ല ഹേം. സമീപസ്ഥമായ ഒലിവുമലകൾ, ബെഥനി, എസ്’ദ്രലോൺ താഴ്’വരയ്ക്കു് വടക്കുള്ള നസ്സറത്തു്, കാനാ, ഗലീലാ കടലോരത്തുള്ള റൈറബീരിയസ്, മഗ്’ദല, ഈ സ്ഥലങ്ങളെല്ലാം പലസ്തീനായുടെ പട ത്തിൽ പ്രത്യേകം അടയാളപ്പെടുത്തിയിരിക്കുന്നു. യേ ശുവിൻെറ ജീവിതത്തിൽ ഈ സ്ഥലങ്ങൾക്കുള്ള പ്രാധാന്യം കൊണ്ടു് അവയുടെ സ്ഥാനം നന്നായി മന സ്സിൽ പതിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

ഈ കഥ നടക്കുന്ന കാലത്തു്, അറിയപ്പെട്ടിരുന്ന ലോകം മുഴുവൻ അടക്കി ഭരിച്ചിരുന്ന റോമ്മാ ചക്ര വത്തി അഗസ്റ്റസിൻെറ ആശ്രിതനായ ഒരു ഹേറോ ദേസ്, ആ ചക്രവത്തിയുടെ പ്രതിപുരുഷനായി പല സ്തീനരാജ്യം ഭരിച്ചു വന്നു. ഒരു തനി യഹൂദനെന്നോ, ഒരു രാജാവെന്നോ കരുതുവാൻ നിവൃത്തിയില്ലാത്ത പാരമ്പര്യം മാത്രം ഉണ്ടായിരുന്ന ഹേറോദേസ്, ചക്ര വത്തിയെ പ്രീണിപ്പിക്കുന്നതിനുള്ള പാടവം കൊണ്ടു് മാത്രമാണു് അധികാരസ്ഥാനത്തു് എത്തുകയും അതു തുടൎന്നുകൊണ്ടു് പോവുകയും ചെയ്തതു്. വഞ്ചനയും, ദുഷ്ട തയും, ക്രൗര്യവും നിറഞ്ഞ മാൎഗ്ഗങ്ങളിൽക്കൂടി കൈവ ന്നമായ രാജസ്ഥാനവും അധികാരവും നിലനിത്തുവാൻ

വേണ്ടി, അയാൾ സ്വന്തം ഭാര്യയേയും, മക്കളേയും, പല ബന്ധുക്കളേയും പല അവസരങ്ങളിലായി നിഗ്രഹിച്ചു ഈ പരമാർത്ഥം ഗ്രഹിച്ച അഗസ്റ്റസ് ചക്രവർത്തി, ഒരിക്കൽ നേരമ്പോക്കായി പറഞ്ഞു. 'ഹേറോദേസിന്റെ പന്നികൾ അയാളുടെ പുത്രന്മാരേക്കാൾ അനുഗ്രഹീതരാകുന്നു. ഒരു യഹൂദനായ അയാൾക്ക് പന്നി ഇറച്ചി ഭക്ഷിക്കാൻ പാടില്ലാത്തതു് അവയുടെ രക്ഷ.' അത്ര ഹൃദയശൂന്യനും, സ്വാർത്ഥതല്പരനും ദ്രോഹിയുമായ ഒരു ഭരണാധികാരിയായിരുന്നു ഹേറോദേസ്. പക്ഷേ ജനങ്ങൾ അയാളുടെ സ്വഭാവം. നല്ലതുപോലെ മനസ്സിലാക്കി അയാളെ വളരെ അധികം വെറുത്തു എന്നു് അറിവാനുള്ള ബുദ്ധി അയാൾക്കുണ്ടായിരുന്നു. അന്നു പ്രാബല്യത്തിലിരുന്ന യഹൂദന്മാരെ സ്വാധീനപ്പെടുത്തുന്നതിനോ, കുറഞ്ഞപക്ഷം നിഷ്പക്ഷമായി നിർത്തുന്നതിനോ, വേണ്ടി, അയാൾ മനഃപൂർവ്വം യഹൂദന്മാക്കു് പല ഒത്താശകളും ചെയ്കയും അവരുടെ ഉപയോഗത്തിനായി ഒരു വലിയ ദേവാലയം ജരുസലേമിൽ പുതുക്കിപ്പണിയിപ്പിക്കയും ചെയ്തു.

അന്നു ദൈവവിശ്വാസത്തിൽ ഉറച്ചു ജീവിച്ചിരുന്ന ജനത യഹൂദന്മാർ മാത്രമായിരുന്നു. മററുള്ളവർ മിക്കവാറും ശരിയായ ജ്ഞാനമില്ലാത്തവരും പല അന്ധവിശ്വാസങ്ങൾക്കു് വിധേയരും ആയിരുന്നു. യഹൂദന്മാരുടെ മതപരമായ തീക്ഷ്ണതയുടെ കൂടുതൽകൊണ്ടു് മററു മതവിശ്വാസികളായിരുന്ന അവരുടെ സമകാലീനന്മാരെ അവർ അജ്ഞാനികളെന്നു കരുതി വെറുത്തു

അജ്ഞാനികൾ ഊഹാതീതമായ ഹീനകൃത്യങ്ങൾ പതിവായി ചെയ്തിരുന്നു എന്നു് യഹൂദന്മാർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഒഴിച്ചുകൂടാൻ പാടില്ലാത്ത അത്യാവശ്യ കർമ്മങ്ങൾക്കു മാത്രമേ യഹൂദന്മാർ അജ്ഞാനികളുടെ സേവനം ഉപയോഗിച്ചിരുന്നുള്ളു. അജ്ഞാനികളെ സംബന്ധിക്കുന്ന സകലതും അശുദ്ധമായി അവർ കരുതി വന്നു.

അജ്ഞാനികളുടെ ഭവനങ്ങൾ, അവരുടെ ആഘോഷങ്ങൾ, അവർ സ്പർശിക്കുന്ന സാധനങ്ങൾ ഇവ എല്ലാം ഈ അശുദ്ധിയുടെ പരിധിയിൽ വന്നു. അവരുടെ പ്രധാനപ്പെട്ട തിരുനാളുകൾക്കു് വളരെ ദിവസങ്ങൾക്കു മുമ്പേ അവരുമായുള്ള സകല ഇടപാടുകളും യഹൂദന്മാർ നിർത്തിവയ്ക്കുക പതിവായിരുന്നു. അവരുടെ സഹകരണം അജ്ഞാനികളുടെ ഉല്ലാസാഘോഷങ്ങൾക്കു് നൽകുന്ന ഒരു പ്രോത്സാഹനമാകുമെന്നു് ഭയന്നു് അവർ ഈ ക്രമങ്ങളെല്ലാം പാലിച്ചു. അജ്ഞാനികൾ വിഗ്രഹാരാധന ചെയ്യുന്നതു് അവർക്കു് അസഹ്യമായിരുന്നു. വിഗ്രഹങ്ങൾക്കു് സമർപ്പിച്ച വൃക്ഷങ്ങളുടെ നിഴൽ പോലും പാപകരമായി അവർ കരുതി. എന്നാൽ ഇത്ര നിഷ്കർഷയോടെ അന്ധവിശ്വാസികളിൽ നിന്നും അജ്ഞന്മാരിൽ നിന്നും അകന്നു ജീവിച്ചവരും, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളും ആയ യഹൂദന്മാർക്കു ഏകയോഗമായി, പരസ്പര സഹിഷ്ണുതയോടുകൂടി ജീവിക്കുവാൻ കഴിഞ്ഞില്ല. അഭിപ്രായവ്യത്യാസങ്ങൾ മൂലം യോജിക്കുവാൻ കഴിവില്ലാതിരുന്ന പല വിഭാഗങ്ങൾ യഹൂദവംശത്തിൽ ഉണ്ടായിരുന്നു. അവ

യിൽ പ്രധാനമായ ഒരു വിഭാഗമാണ് ഫരിസേയർ. ഹിബ്രു ഭാഷയിൽ 'വേർതിരിക്കപ്പെട്ടവർ' എന്നാണ് ഫരിസേയർ എന്ന പദത്തിന്റെ അർത്ഥം. മററു യഹൂദ വിഭാഗങ്ങളേക്കാൾ പാപം ചെയ്യാത്തവരായും, നിയമജ്ഞന്മാരായും, വിജ്ഞാനികളായും സ്വയം ഭാവിച്ച് വേർതിരിഞ്ഞ ഒരു ഉൽകൃഷ്ട ജാതിക്കാർ എന്നായിരുന്നു ആ സംജ്ഞയുടെ സൂചന. അല്പം ആക്ഷേപത്തിൽ അന്യർ അവക്കു നല്കിയ വിവേചനാലക്ഷ്യമായിരുന്നു ആ 'ഫരിസേയ'ത്വവും.

മോശയുടെ നിയമങ്ങളെ അക്ഷരംപ്രതി പാലിക്കണമെന്നുള്ള നിർബന്ധബുദ്ധിയോടെ അവർ മോശ എഴുതി സൂക്ഷിച്ചിരുന്ന നിയമസംഹിതയെ പോഷിപ്പിക്കുന്ന കുറെ പാരമ്പര്യാചാരങ്ങളും നിർമ്മിച്ചു. പാരമ്പര്യം അനുസരിച്ചുള്ള ആചാരങ്ങൾക്കും നിയമസാധുത്വം ഉണ്ടെന്നും, വേണമെന്നും അവർ ശഠിച്ചു യഹൂദന്മാക്ക് പൊതുവായിരുന്ന വിശ്വാസം അവക്കും സ്വീകാര്യമായിരുന്നു. എങ്കിലും ആചാരക്രമങ്ങളുടെ അതിരു കടന്ന നിഷ്കർഷ അവരെ പ്രത്യേകമായി വേർതിരിച്ചു. സാധാരണ ആളുകൾക്ക് ചുമക്കാവുന്നതിലധികം ഭാരമേറിയ നിർദ്ദേശങ്ങൾ അവർ അവരുടെ തോളുകളിൽ ചുമത്തി. ദിവസത്തിൽ അനേകവട്ടം ഓരോരുത്തരും സ്വയം കഴുകി ശുദ്ധി വരുത്തണമെന്നുള്ള നിർദ്ദേശം തന്നെ ആക്ഷേപകരമാംവിധം ബാലിശമായിരുന്നു. വിശ്രമത്തിനും ദേവാരാധനയ്ക്കും ആയി നീക്കിവെച്ചിരുന്ന ശാബത് ദിനത്തിൽ

ചെയ്യാൻ പാടില്ലെന്നു് അവർ വിലക്കിയിരുന്ന കർമ്മങ്ങളുടെ പട്ടിക പലരേയും അത്ഭുതപ്പെടുത്തി. ശാബത്തിൻെറ തലേദിവസത്തെ സൂര്യാസ്തമനത്തിനു് മുമ്പേ മുതൽ ആ ശുദ്ധദിനാചരണം ആരംഭിക്കണമെന്നായിരുന്നു അവരുടെ അഭിപ്രായം.

നിയമനിർവ്വഹണത്തിൽ ഇത്രയേറെ നിർബന്ധം കാണിച്ച ആ ഫരിസേയർ ആത്മാർത്ഥമായും ഉത്തമവിശ്വാസത്തോടുകൂടിയും അതു ചെയ്തില്ല എന്നു പലരും സംശയിച്ചു. അഹങ്കാരവും ആത്മവഞ്ചനയും ആണു് യഥാർത്ഥത്തിൽ അവിടെ നിഴലിച്ചതു് എന്നു് ജനസാമാന്യം വിശ്വസിച്ചു.

ഇങ്ങനെ മററുള്ളവരുടെ അവജ്ഞാപാത്രമായിരുന്ന ഫരിസേയരിലെ പ്രഗത്ഭരായ ചില ബുദ്ധിമാന്മാർ യഹൂദന്മാരുടെ നിയമങ്ങളിലും ആചാരക്രമങ്ങളെപ്പററിയുള്ള വിജ്ഞാനത്തിലും വിദഗ്ദ്ധമായ ഉപദേശങ്ങൾ നൽകുവാൻ പ്രാപ്തരായിരുന്നു. അവരെ ഫരിസേയത്വംകൊണ്ടു് പ്രകടമായി പുച്ഛിക്കാതെ നിയമജ്ഞന്മാർ (Scribes എന്നു് ജനങ്ങൾ വിളിച്ചുവന്നു. യഹൂദന്മാരുടെ ഉയർന്ന ഭരണസ്ഥാപനമായ 'സൻഹേദ്രിം' സഭയ്ക്കു് ആവശ്യമായ നിയമവ്യാഖ്യാനങ്ങൾ കൊടുക്കുവാൻ ഇവർ ചുമതലപ്പെട്ടിരുന്നു.

ഫരിസേയരുടെ വിശ്വാസാചാരങ്ങളിൽ നിന്നും അല്പസ്വല്പം അകന്നു്, ഗ്രീക്കുസംസ്കാരത്തെ പ്രധാനമായി ആശ്രയിച്ചും പ്രോത്സാഹിപ്പിച്ചും വന്ന "സദ്ദൂക്കായർ". മററുള്ളവരുമായി ഇടയാതെ അവിടെ ജീവി

ച്ചിരുന്നു. 'സാദോക്ക്' എന്ന അവരുടെ ഒരു പൂർവ്വികൻ ഒരു മഹാപുരോഹിതനായിരുന്നു എന്ന വിശ്വാസത്തിൽ അവർ പൗരോഹിത്യത്തോട് ബന്ധം പുലർത്തിയിരുന്നതായിക്കാണാം.

യഹൂദന്മാരും അല്ലാത്തവരും ആയി പലസ്തീനായിൽ ജീവിച്ചിരുന്നവർ ആറാമായ എന്ന ഭാഷ സംസാരിച്ചിരുന്നു. സുറിയാനി ഭാഷയുടെ ഒരു ദേശീയ വിഭാഗമായി, ആറാമായയെ കരുതാം. നിയമജ്ഞന്മാർ മോശയുടെ പഴയ നിയമസംഹിതയെ ഔദ്യോഗികമായി വ്യാഖ്യാനിച്ചു വന്നതു് ഈ ഭാഷയിലായിരുന്നു. ഈ ഭാഷയ്ക്കു് ദേശീയമായ ചില ഉച്ചാരണഭേദങ്ങളും ഉണ്ടായിരുന്നു. തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിന്റെ വടക്കേ ഭാഗങ്ങളിൽ ദൈർഘ്യം കുറച്ചുള്ള പദോച്ചാരണം, മലയാളഭാഷയിൽ കാണുന്നതുപോലെ ഗലീലയിൽ പ്രയോഗത്തിലിരുന്ന ആറാമായ, തെക്കഭാഗങ്ങളെ അപേക്ഷിച്ചു് വ്യത്യാസപ്പെട്ടിരുന്നു. അതു് കേരംവിക്ക് കൂടുതൽ ശക്തിയും മാധുര്യവും ഉള്ളതായിരുന്നു എന്നു ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഏതായാലും കേട്ടാൽ ഉടൻ തിരിച്ചറിയാൻ മാത്രം ഉച്ചാരണവ്യത്യാസം അതിനുണ്ടായിരുന്നു.

## 2. യേശുവിൻെറ ജനനം

ഗലീലയിലെ പൊതുനിരത്തുകളിൽ നിന്നു കൊണ്ടു് കുറെ പട്ടാളക്കാർ പെരുമ്പറയടിച്ചു് ശബ്ദമുണ്ടാക്കി, ആളുകളെ ആകർഷിച്ചു. പിന്നീടു് അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"മഹാനായ അഗസ്റ്റസ് ചക്രവർത്തി തിരുമനസ്സിലെ ആഗ്രഹം അറിഞ്ഞു്, ഹേറോദേസ് രാജാവു് കല്പിക്കുന്നു. സാമ്രാജ്യത്തിലെ ജനസംഖ്യക്കണക്കു് എടുക്കുവാൻ ചക്രവർത്തി തിരുമനസ്സുകൊണ്ടു് ഉത്തരവായിരിക്കുന്നു. എല്ലാവരും അവരവരുടെ ജന്മദേശത്തു പോയി അധികാരികളുടെ പക്കൽ കണക്കു കൊടുക്കുക. സർവ്വശക്തവും, സർവ്വവ്യാപകവുമായ റോമ്മാ സാമ്രാജ്യത്തിൻെറ പ്രാഭവവും മഹത്വവും പ്രസ്പഷ്ടമാക്കുന്ന ഒരു കാനേഷുമാരിക്കണക്കെടുക്കുവാൻ എൻെറ വിശ്വസ്തരായ പ്രജകൾ ആത്മാർത്ഥമായി സഹകരിക്കുക—"

പട്ടാളക്കാർ ആവർത്തിച്ചാവർത്തിച്ചു് രാജകീയ സന്ദേശം ജനങ്ങളെ വിളിച്ചറിയിച്ചു. അനന്തരം അവർ അടുത്ത പട്ടണത്തിലേയ്ക്കു് നീങ്ങി

രാജകീയ വിളംബരം പല പ്രാവശ്യവും വിളിച്ചറിയിക്കുന്നതു് പലരും കേട്ടു. അക്കൂട്ടത്തിൽ ഗലീലയിലെ നസറത്തിലുള്ള ഒരു മരപ്പണിക്കാരൻ ജോസഫും അതു കേട്ടു. ആ ക്ഷണത്തിൽ ജോസഫ് ഒന്നു ഞെട്ടി. ഒട്ടും താമസിക്കാതെ അയാൾ വീട്ടിലെത്തി. പ്രിയ ഭാര്യയെ സമീപത്തു വിളിച്ചു സങ്കട

ത്തൊട്ടുകൂടി അയാൾ പറഞ്ഞു. "മേരി, രാജകല്പന നീ കേട്ടില്ലേ? ചക്രവർത്തി തിരുമനസ്സിലെ ആഗ്രഹം അനുസരിച്ച് നാം ഉടനെ ബത്‌ലഹേമിലേക്ക് പോകണമെന്ന്! സാമ്രാജ്യവ്യാപകമായ ഒരു ജനസംഖ്യക്കണക്ക് ശരിയാക്കുന്നതിന് ഓരോരുത്തരും അവരവരുടെ ജന്മദേശത്തു തന്നെ കണക്കു കൊടുക്കണംപോലും!"—

മേരി ദീർഘമായി ഒന്നു നിശ്വസിച്ചു. യാതൊന്നും ശബ്ദിക്കാതെ കണ്ണുകളെ സ്വർഗ്ഗത്തേക്ക് ഉയർത്തി. അനന്തരം സാവധാനത്തിൽ സ്തോഭരഹിതയായി തല തിരിച്ച് ഭർത്താവിനെ നോക്കി.

"മേരി, നീ എന്തു പറയുന്നു. ഈ അവസ്ഥയിൽ ഇത്രയും ദൂരം നാം എങ്ങനെ യാത്ര ചെയ്യാനാണ്? ഇവിടെ നിന്നും ബത്‌ലഹേമിലേക്ക് ദൂരം എത്രയുണ്ട്! പോരെങ്കിൽ നമുക്ക് ഒട്ടും സ്വാഗതം അരുളാൻ ഇടയില്ലാത്ത സമറിയായിൽ. കൂടിയാണു പോകേണ്ടതും. കാലാവസ്ഥയും ഒട്ടും അനുകൂലമല്ല. ഇക്കൊല്ലം രാത്രികാലങ്ങളിൽ പതിവിൽ കൂടുതൽ തണുപ്പുണ്ടെന്ന് എനിക്ക് ചിലപ്പോൾ തോന്നിയിട്ടുണ്ട്."

"അങ്ങ് ഒന്നുകൊണ്ടും ചഞ്ചലപ്പെടേണ്ട. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ലല്ലോ എന്റെ ഈ അവസ്ഥ തന്നെ അവിടുത്തെ അനന്തമായ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും അത്ഭുതഫലമല്ലേ? നിത്യകന്യാവ്രതം നേരുകയും അതനുസരിച്ച് മാത്രം ജീവിക്കുകയും ചെയ്ത ഞാൻ ഇന്ന് ഒരു മാതാവാകാൻ

 1013

ഒരുങ്ങുന്നതിനേക്കാം, അത്ഭുതാവഹമായി, അപ്രതീക്ഷിതമായി, എന്തുണ്ട്?"

"ശരിതന്നെ അന്ന് ഞാൻ ഉറങ്ങുമ്പോൾ എനിക്കു കാണപ്പെട്ട ആ ദൈവദൂതൻ അക്കാര്യം എന്നെ ശരിക്കു മനസ്സിലാക്കി. ദൈവാനുഗ്രഹത്താൽ ദൈവപുത്രൻനിന്നിൽ നിന്നും മനുഷ്യാവതാരം ചെയ്യുന്നു എന്ന വാർത്ത എന്നെ അത്യധികം അത്ഭുതപ്പെടുത്തി ആനന്ദിപ്പിച്ചു; ആശ്വസിപ്പിച്ചു. പക്ഷേ.................

പക്ഷേ?"

"ഞാൻ പറയുവാൻ വന്നതു് ബത്ലഹേമിലേക്കു പോകാനുള്ള വൈഷമ്യങ്ങൾ—അവിടെ ചെന്നെത്തിയാൽത്തന്നെ, താമസിക്കുവാൻ ഒരു സ്ഥലം കണ്ടുപിടിക്കുന്നതിനു് നേരിടാവുന്ന പ്രയാസങ്ങൾ—എല്ലാററിലും ഉപരിയായി എന്നെ എപ്പോഴും ആകാംക്ഷാഭരിതനാക്കുന്ന നിൻെറ ഇപ്പോഴത്തെ അവസ്ഥ......."

"നാഥാ, ദൈവത്തിൻെറ ദാസിയായ ഞാൻ ഇതാ എന്നെ പൂർണ്ണമായി അങ്ങേയ്ക്കു സമർപ്പിക്കുന്നു. അവിടത്തെ ഇഷ്ടത്തിനു ഞാൻ വിധേയയാണു് എന്നല്ലേ ഞാൻ സ്വർഗ്ഗസന്ദേശവാഹിയായ ഗബ്രിയേൽ ദൂതനോട് ഏററു പറഞ്ഞതു്. ഭൃത്യയ്ക്കുണ്ടോ യജമാനൻെറ ഹിതാഹിതങ്ങളെപ്പററി വിവേചിക്കുവാനും ചോദ്യം ചെയ്യുവാനും അവകാശം?"

"എങ്കിലും നിൻെറ വിശ്വാസദാർഢ്യം"

"ഞാൻ എന്തിനു് അവിശ്വസിക്കണം? നമ്മുടെ പൂർവികന്മാർ ഒരു ലോകരക്ഷകനെ പ്രതീക്ഷിച്ചിരുന്നി

ല്ലേ? ദാവീദിൻെറ ഗോത്രത്തിൽ നിന്നും രക്ഷകൻ ജനിക്കുമെന്നും പ്രവചനങ്ങൾ ഉണ്ടായിട്ടില്ലേ? പോരെങ്കിൽ സ്പഷ്ടമായി, ദൈവദൂതൻ വിവരങ്ങൾ എന്നെ അറിയിക്കുകയും ചെയ്തില്ലേ? എൻെറ ഇളയമ്മ എലിശബായുടെ അനുഭവംതന്നെ ഇതിനു തെളിവല്ലേ? ദൈവദൂതൻ അക്കാര്യം ഒരു അടയാളമായി എന്നെ അനുസ്മരിപ്പിച്ചിട്ടുമുണ്ട്."

"വാസ്തവം തന്നെ. എലിസബത്തിൻെറ കഥ വിസ്മയാവഹമായിരിക്കുന്നു. അവരുടെ വാർദ്ധക്യത്തിൽ അവക്ക് ഒരു പുത്രൻ ഉണ്ടാകുക! അതും പിതാവ് മൂകനായിത്തീർന്ന ആ അഭൗമദർശനത്തിനുശേഷം! സക്കറിയാ ഇപ്പോൾ മൂകത്വം നീങ്ങി സംസാരിക്കുന്നുമുണ്ട്. ഇതിലെല്ലാം ഏതോ ദിവ്യരഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. എനിക്കും ഒരു വിശ്വാസവും തോന്നുന്നുണ്ട്."

"എന്നെ കണ്ടപ്പോൾ എലിശബായുടെ ഉദരത്തിൽ കിടന്ന പ്രജ സന്തോഷംകൊണ്ട് കുതിച്ചു ചാടിയതും എനിക്കു ലഭിച്ചിരിക്കുന്ന ദിവ്യസമ്മാനത്തിൻെറ സൂചന ആയിരുന്നില്ലേ?"

"നിശ്ചയമായും. അതുകൊണ്ട് എല്ലാം ദൈവത്തിൽ ഭരമേല്പിച്ച് നമുക്ക് ബത്ലഹേമിലേയ്ക്കു പോകാം."

"അങ്ങനെ തന്നെ."

അവർ രാജാജ്ഞയ്ക്കു് കീഴ്വഴങ്ങി രാജാധിരാജനായ ദൈവകുമാരനേയും വഹിച്ചുകൊണ്ട് തെക്കോട്ടു

യാത്ര തിരിച്ചു. കുറെ ദിവസങ്ങൾകൊണ്ടു് അവർ ബെത്‌ലഹേമിൽ എത്തി. സമയം സന്ധ്യയോടടുത്തി രുന്നു. താമസിക്കുവാനായി അവിടെയുള്ള വഴിയമ്പല ങ്ങളിലും സത്രങ്ങളിലും അവർ സ്ഥലം അന്വേഷിച്ചു. നേരത്തെ നേരത്തെ വന്ന യാത്രക്കാർ അവിടെയെല്ലാം തിങ്ങിക്കൂടിയിരുന്നു. 'ഇവിടെ സ്ഥലമില്ല' 'ഇവിടെ സ്ഥലമില്ല' എന്നു പലരും ജോസഫിനെ പറഞ്ഞ യച്ചു. യാത്രയുടെ ക്ലേശങ്ങൾ കൊണ്ടു് മേരിക്കു് വിശ്രമം അത്യാവശ്യമായിരുന്നു. ഗർഭസ്ഥിതമായ ദിവ്യശിശു ഭൂജാതനാകേണ്ട സമയവും ആസന്നമായി. പൊതുമന്ദിരങ്ങളും ബന്ധുഗൃഹങ്ങളും, അവരെ സ്വീക രിച്ചില്ല മേരിയുടെ അസുഖം വർദ്ധിച്ചുവന്നതോടു കൂടി ജോസഫ് അടുത്തുണ്ടായിരുന്ന ഒരു കാലിത്തൊഴു ത്തിൽ പ്രവേശിച്ചു അതിൻെറ ഒഴിഞ്ഞ ഒരു ഭാഗത്തു കുറെ വയ്ക്കോലുകൾ കൂട്ടി ഒരു കിടക്ക തയ്യാറാക്കി. കയ്യിൽ ഉണ്ടായിരുന്ന വസ്ത്രങ്ങൾ കിടക്കയിൽ വിരിച്ചു. അങ്ങനെ കേവലം ഒരു കാലിക്കൂട്ടിൽ ഏററവും ദരിദ്രന്മാക്കുപോലും ചേരാത്ത സാഹചര്യങ്ങ ളിൽ മേരി സർവ്വലോക നിയന്താവായ ദൈവകുമാ രൻെറ മാതാവാകാൻ ഒരുങ്ങി.

ബെത്‌ലഹേം നഗരിയിൽ അന്നു് കണക്കിൽ കവിഞ്ഞ ബഹളങ്ങൾ ഉണ്ടായിരുന്നു. വളരെ നാളു കൾ കൂടി സ്വദേശത്തെത്തി ബന്ധമിത്രാദികൾ തമ്മിൽ പരിചയം പുതുക്കുന്നവരുടെ ബഹളം ഒരി ടത്തു്. അപരിചിതരായ വിദേശികൾ സത്രങ്ങളിൽ

തിങ്ങിക്കൂടി അവിടുത്തെ പരിമിതമായ സൗകര്യ ങ്ങളെ പഴിക്കുന്ന ബഹളം വേറൊരിടത്തു്. അഭൂത പൂർവ്വമായ ഒരു ജനസംഖ്യാ നിർണ്ണയ ചടങ്ങിന്റെ ഔചിത്യാനൗചിത്യങ്ങളെപ്പററിയുള്ള വാദകോലാഹ ലങ്ങൾ മറെറാരിടത്തു്. യാത്രാക്ലമം നീക്കുവാൻ ഭോജന പാനീയശാലകളിൽ തിങ്ങിക്കൂടിയവർ അതും ഇതും വിളിച്ചു ചോദിക്കുന്ന ശബ്ദവും ബഹ ളവും മററ ചിലയിടങ്ങളിൽ. ഈ കോലാഹലങ്ങളുടെ നടുവിൽ, എന്നാൽ അവയിലൊന്നും സംബന്ധി ക്കാതെ മേരിയും ജോസഫും അവരുടെ ചുററും മൂക മായി വിശ്രമിച്ചുകൊണ്ടിരുന്ന കന്നുകാലികളുടെ ഇട യിൽ ലോകരക്ഷകനെ പ്രതീക്ഷിച്ചുകൊണ്ടു്, ഉല്ക്കണ്ഠാ കുലരായിക്കഴിഞ്ഞു. നേരം പാതിരാത്രി ആയി. അപ്പോൾ, ആകാശത്തിൽ നിന്നും അഭൗമമായ ഒരു മധുരഗാനത്തിന്റെ മാറെറാലി അവർ കേട്ടു. "ഉന്നത ങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ സന്മനസ്സു ള്ളവക്കു് സമാധാനം" എന്നു് ദിവ്യദൂതന്മാർ ആവ ർത്തിച്ചാവർത്തിച്ചു പാടി. അതിമധുരമായ ആ ദിവ്യ സംഗീതം ഭൂമിയിൽ ലയിച്ചതോടുകൂടി ദൈവപുത്ര നായ യേശു, കാലിത്തൊഴുത്തിൽ ഭൂജാതനായി!!

## 3 യേശുവിനെ അന്നു കണ്ട ലോകം

യൂദായായിലെ കുന്നിൻചരിവുകളിൽ ആടുമേച്ചു നടന്ന അജപാലകർ പകലത്തെ അദ്ധ്വാനം കഴിഞ്ഞു പതിവുപോലെ രാത്രികാലത്തു വിശ്രമിക്കുകയായിരുന്നു. അവരുടെ സർവ്വസമ്പത്തും കേന്ദ്രീകരിച്ചിരുന്ന ആട്ടിൻപററത്തെ സംരക്ഷിക്കുവാൻ അവശ്യം ചുററമായി അവർ രാത്രികാലങ്ങളിൽ കാവൽ കിടന്നു. അവിടവിടെയായി ചെറിയ തീക്കുണ്ഡങ്ങൾ കൂട്ടി, ആവശ്യത്തിനു വെളിച്ചവും അതിലേറെ ആവശ്യമായ ചൂടും അവർ അവിടെ ഉണ്ടാക്കി. അദ്ധ്വാനക്കൂടുതൽകൊണ്ടു ക്ഷീണിതരായിരുന്ന അവർ പാതിരാത്രിയായപ്പോഴേക്കും ഗാഢനിദ്രയിൽ ലയിച്ചു. അപ്പോൾ സ്വർഗ്ഗദൂതന്മർ ലോകത്തിനു് മംഗളം ആശംസിച്ചും ജഗദീശ്വരനെ സ്തുതിച്ചും ആനന്ദസംദായകമായ കീർത്തനങ്ങൾ ആലപിച്ചുംകൊണ്ടു് ആകാശത്തിൽ പ്രത്യക്ഷപ്പെട്ടു. അപ്രതീക്ഷിതവും അത്ഭുതകരവും ആസ്വാദ്യതരവുമായ ഗാനമാധുരി ഉറങ്ങിക്കിടന്ന ആട്ടിടയന്മാരെ തട്ടിഉണർത്തി. അവർ ഇതികർത്തവ്യതാമൂഢരായി ശ്രദ്ധിച്ചു. "ദൈവത്തിനു് സ്തുതി" "ഭൂമിയിൽ സമാധാനം".... അവർക്കു് ഒന്നും മനസ്സിലായില്ല. അവർ വീണ്ടും ശ്രദ്ധിച്ചു. കാതുകൾക്കു മാത്രമല്ല കണ്ണിനും കരളിനും ഏതോ ഒരു ശാന്തിയുടെ സന്ദേശം അനുഭൂതമാകുന്നതായി അവർക്കുതോന്നി. ദൈവദൂതന്മാർ ആകാശത്തിലെ ശൂന്യതയിൽ ഉല്ലാസപൂർവ്വം പാടുകയും പറക്കുകയും ചെയ്യുന്നതു് അവർ കേൾക്കുകയും കാണുകയും ചെയ്തു. ആട്ടിടയന്മാർ തമ്മിൽ തമ്മിൽ

പറഞ്ഞു. "ഞാൻ കുറച്ചു നേരത്തെ ഒരു ദൈവദൂതനെ കണ്ടു എന്നു തോന്നുന്നു. ആ ദിവ്യൻ എന്നോടു പറഞ്ഞു നിങ്ങൾക്ക് ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു. നിങ്ങൾ അന്വേഷിക്കുക. തണുപ്പ് ഏല്ക്കാതെ കീറത്തുണിയിൽ പൊതിഞ്ഞ ഒരു ശിശുവിനെ ഒരു കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ നിങ്ങൾ കണ്ടെത്തും അതായിരിക്കും രക്ഷകന്റെ അടയാളം." ഓരോരുത്തരും അതു കണ്ടതായി അവർ പരസ്പരം സമ്മതിച്ചു. ആ ബോധവും ആകാശം നിറഞ്ഞു മുഴങ്ങിയ ദിവ്യഗാനാലാപവും! അവർ ആടുകളെ ക്ഷണനേരത്തേക്ക് വിസ്മരിച്ചു. 'വരു നമുക്ക് ബത്ലഹേമിലേക്കു പോകാം. ദൈവം നമുക്ക് വെളിവാക്കിയ ഈ വസ്തുതകളെ നമുക്കു ചെന്നു കാണാം.' അവർ ബദ്ധപ്പെട്ട് ഭൂജാതനായ ദൈവകുമാരനെ അന്വേഷിച്ച് ഓടി. ജോസഫും മേരിയും യേശുവും വസിച്ചിരുന്ന ഗുഹയിൽ വേഗം അവർ ചെന്നെത്തി. ദിവ്യദൂതന്മാർ പറഞ്ഞതുപോലെ കീറത്തുണികൾ മാത്രംകൊണ്ട് പൊതിഞ്ഞ ശിശുവിനെ അവർ കണ്ടു, ദിവ്യദർശനത്തിന്റെ യാഥാർത്ഥ്യം അവർക്കു ബോദ്ധ്യപ്പെട്ടു ഭക്തിപൂർവം അവർ ആ ശിശുവിനെ ആരാധിച്ചു. രക്ഷകന്റെ ജനനത്തെപ്പററി അവർക്കു കിട്ടിയ അറിവും അവർ കണ്ടകാഴ്ചകളും അവർ കണ്ണിൽ കണ്ടവരേയെല്ലാം പറഞ്ഞു കേൾപ്പിച്ചു. അതു കേട്ടവർ ഈ വസ്തുതകളിൽ വിസ്മയിച്ചു. 'രക്ഷകൻ' ജനിച്ചിരിക്കുന്നു എന്ന അവരുടെ സന്ദേശം ശ്രവിച്ച മേരിക്ക് അതു് ഏററവും



യേശുവിനെ ആദ്യമായി ദർശിച്ച് ആരാധിക്കാൻ ഭാഗ്യം ലഭിച്ചവർ

ചിന്തോദ്ദീപകമായ ഒരു മധുരവാൎത്തയായിരുന്നു. അങ്ങനെ യേശുവിൻെറ ജീവിതം ലോകത്തിനു ഏതോ ഒരു വലിയ മാതൃകയോ സൂചനയോ നല്കി ക്കൊണ്ടു് ആരംഭിച്ചു. സകല വിജ്ഞാനത്തിൻെറയും കേന്ദ്രവും സകല സമ്പത്തുകളുടേയും ആസ്ഥാനവും ആയിരുന്ന ആ ദിവ്യകുമാരൻ—ലോകത്തിൻെറ സ്രഷ്ടാവു്—ലോകത്തേക്കു് വന്നപ്പോൾ, വെറും കാലി ത്തൊഴുത്തു മാത്രമാണു് പാൎപ്പിടമായി സ്വീകരി ച്ചതു്. തൻെറ മനുഷ്യാവതാരത്തെപ്പററിയുള്ള സന്ദേശം ആദ്യമായി നല്കിയതു വിദ്യാവിഹീനരും സാധുക്കളുമായ കുറെ ആട്ടിടയന്മാൎക്കു് ആയിരുന്നു. യേശുവിനെ ആദ്യമായി ദർശിച്ചു് ആരാധിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു്, അന്നു് പരമാധികാരത്തോടെ വാണിരുന്ന ചക്രവൎത്തിമാൎക്കോ, അവരുടെ പ്രതിപുരു ഷന്മാൎക്കോ ആയിരുന്നില്ല. ദിവ്യത്വത്തിൻെറ ബാഹ്യപ്രകടനങ്ങൾ എത്ര ആർഭാടരഹിതവും വിന യപൂർണ്ണവും വിസ്മയാവഹവും ആകുന്നു.

ആട്ടിടയന്മാർ ആനന്ദതുന്ദിലരായി, അത്ഭുതപ്പെ ട്ടുകൊണ്ടു് അവരുടെ ആടുകളുടെ പക്കലേക്കു് തിരിച്ചു പോയി. അതിനുശേഷം എട്ടു ദിവസത്തേക്കു് യേശു ഭവനരഹിതനായി-അജ്ഞാതനായി ലോകത്തിൽ വിശ്രമിച്ചു. എട്ടാം ദിവസം യഹൂദന്മാരുടെ ജാത്യാ ചാരം അനുസരിച്ചു യേശുവിൻെറ ഛേദനകൎമ്മം നടന്നു ഒരു യഹൂദബാലൻെറ ജീവിതത്തിലെ ഏററം വലിയ കൎമ്മം ഇതായിരുന്നു. യഹോവയുടെ തിരഞ്ഞെ ടുക്കപ്പെട്ട ജനതയുടെ മാറാത്ത അടയാളമായി യഹൂദ

ന്മാർ ഈ ചടങ്ങിനെ വ്യാഖ്യാനിച്ചിരുന്നു. അവർ ഇതു് ഒരു ശുദ്ധീകരണ നടപടി എന്ന നിലയിൽ സാർവ്വത്രികമായി സ്വീകരിച്ചു പോന്നു. സ്വന്തം പിതാവിൻെറ മേൽനോട്ടത്തിലോ, പിതാവു തന്നെയോ വീട്ടിൽവെച്ചു് കുട്ടികളുടെ ഈ ശുദ്ധീകരണ കർമ്മം നടത്തുകയും അന്നുതന്നെ അവക്കു് ഔദ്യോഗികമായി ഒരു പേരു ഇടുകയുമായിരുന്നു പതിവു്. അതനുസരിച്ചു് എട്ടാം ദിവസം ജോസഫും മേരിയും കൂടി അവരുടെ സംരക്ഷണയിൽ വളന്ന ദിവ്യശിശുവിനു് ദൈവനിർദ്ദേശം അനുസരിച്ചു് യേശു എന്ന പേരു നല്കി.

യേശുവിൻെറ ഒന്നാമത്തെ സന്ദർശകർ അന്നത്തെ ഉൽകൃഷ്ടജാതിക്കാരായ ഫരിസേയ പ്രമാണികൾ പുഛിച്ചുവന്ന കുറെ ആട്ടിടയരായിരുന്നു വല്ലോ. എന്നാൽ അടുത്ത പടിയായി തന്നെ സന്ദർശിക്കാൻ വന്നതു് . പൂർവ്വദേശത്തു നിന്നും ചില വിജ്ഞാനികൾ ആയിരുന്നു. ജ്യോതിശ്ശാസ്ത്രപടുക്കളായിരുന്ന ആ പൗരസ്ത്യപണ്ഡിതന്മാർ അപരിചിതമായ ഒരു നക്ഷത്രം കണ്ടു. ശാസ്ത്രങ്ങൾ പരിശോധിച്ചതിൽ ആ നക്ഷത്രം 'യൂദന്മാരുടെ രാജാവിനെ കുറിക്കുന്ന' ഒന്നാണെന്നു് അവർ ധരിച്ചു. പ്രവചന സിദ്ധാന്തങ്ങളേയും ജ്യോതിശ്ശാസ്ത്ര നിയമങ്ങളേയും ആധാരമാക്കി ചിന്തിച്ചപ്പോൾ, ബത്‌ലഹേമിൽവച്ചു മാത്രമേ ആ രാജാവിനെ കാണാൻ കഴിയൂ എന്നു് ആ രാജപണ്ഡിതർ ഗ്രഹിച്ചു. അവർ ഉടനെ രാജോചിതമായ കാഴ്ച

ദ്രവ്യങ്ങളുമായി പടിഞ്ഞാറേയ്ക്കു യാത്ര തിരിച്ചു. അത്ഭുതപൂർവ്വമായ ആ 'രാജാവിന്റെ നക്ഷത്രം' അവക്ക് വഴികാട്ടിയായി മുമ്പിൽ സഞ്ചരിച്ചു അവർ ബത്ലഹേമിൽ എത്തിയപ്പോൾ ആ നക്ഷത്രം അല്പ നേരത്തേയ്ക്കു് അദൃശ്യമായി. അതു ഒരു സൂചനയായിരുന്നു. ഉടനെ അവിടെ കണ്ടവരോട് അവർ അന്വേഷിച്ചു

"യൂദന്മാരുടെ രാജാവു് ജനിച്ചിരിക്കുന്നതു് എവിടെയാണ്? ഞങ്ങൾ അദ്ദേഹത്തിന്റെ നക്ഷത്രം കാണുകയുണ്ടായി. ആ രാജാവിനെ ഞങ്ങൾക്കു കാണിച്ചുതരിക. ഞങ്ങളുടെ സ്നേഹാദരങ്ങളും അല്പമായ കാഴ്ചദ്രവ്യങ്ങളും ഞങ്ങൾ ആ രാജസന്നിധിയിൽ സമർപ്പിക്കട്ടെ" ജെരുസലെമിലെ ചുററുപാടുകൾ ഒന്നും അറിയാതിരുന്ന ഈ വിദേശികളുടെ ചോദ്യം ബത്ലഹേം നിവാസികളെ അല്പം വിഭ്രമിപ്പിച്ചു. "യൂദന്മാരുടെ രാജാവു്" ജനിച്ചിരിക്കുന്നു! എന്തൊരു കഥയില്ലായ്മ! ഹേറോദേസിന്റെ പ്രതാപപൂർണ്ണമായ പ്രാഭവകാലത്തു് മററൊരു യഹൂദരാജാവു് ഉണ്ടാകുകയോ? ഹേറോദേസിന്റെ ഔദ്ധത്യവും ഹൃദയകാഠിന്യവും എത്രയെന്നു് ഈ അപരിചിതർ അറിഞ്ഞിരുന്നെങ്കിൽ അവർ ഇങ്ങനെ ഒരു ചോദ്യം ചോദിക്കുവാൻ ധൈര്യപ്പെടുകയില്ലായിരുന്നു. അഥവാ ഈ വിദേശികൾ വല്ല ഗൂഢവിപ്ലവവും കരുപ്പിടിക്കുകയായിരിക്കുമോ?

ഹേറോദേസിന്റെ സമർത്ഥരായ രഹസ്യപ്പോലീസിന്റെ പക്കൽ ഈ അന്വേഷണവാർത്ത എത്തി.

ഉടൻ തന്നെ ഹേറോദേസിൻെറ പക്കലും. അയാൾ ആലോചിച്ചു "ഇതു സംഭവ്യമാണോ? യൂദയായിൽ എനിക്കു് ഒരു പ്രതിയോഗിയോ?—ഹേയ് ഒരിക്കലു മില്ല. ഈ വിദേശികൾ—അവർ ദോഷൈകദൃക്കുകളോ മറേറാ ആയിരിക്കും; വല്ല കെട്ടുകഥയും കൊണ്ടുവന്ന തായിരിക്കാം......അല്ല അല്ല ഇതു് ഒരു മതഭ്രാന്തു് ആയിരിക്കാനും ഇടയുണ്ടു്. ഇസ്രായേലിനെ സമുദ്ധരി ക്കുവാനുള്ള ഒരു രക്ഷകൻ, ഒരു രാജാവു് ജനിക്കും എന്നു് ഒരു പ്രവചനമോ എന്തോ ഉണ്ടല്ലോ? ശരി. നമ്മുടെ പ്രധാന ആചാര്യന്മാരെയും നിയമജ്ഞരേയും വരുത്തി ഒന്നാലോചിക്കുക തന്നെ."

അടുത്തക്ഷണം അവർ ഹേറോദേസിൻെറ മുമ്പിൽ ആനീതരായി അദ്ദേഹം അവരോടു ചോദിച്ചു "ഇസ്രാ യേൽ വംശോദ്ധാരകനായി വാഗ്ദത്തം ചെയ്യപ്പെട്ടി രിക്കുന്ന അഭിഷിക്തൻ എവിടെയാണു് ജനിക്കുവാൻ പോകുന്നതു്?" "പ്രധാനാചാര്യന്മാൎക്കു് സംശയം ഉണ്ടാ യില്ല. അനേകായിരം വർഷങ്ങളായി അവരുടെ പൂർ വ്വികന്മാർ പ്രതീക്ഷിച്ചിരുന്ന ആ നേതാവിൻെറ ജന നസ്ഥലത്തെപ്പററിയുള്ള പ്രവചനങ്ങൾ അസന്നിഗ് ദ്ധമാംവിധം വിശദമായിരുന്നു. "യൂദയായിലെ ബെത് ലഹേമിൽ...." അവർ ഉടൻ മറുപടി പറഞ്ഞു. "എന്തു് ബെത്‌ലഹേമിലോ, ഇത്ര അടുത്തോ? ആകട്ടെ പൊ യ്ക്കൊൾക."

അല്പം കഴിഞ്ഞു് പൂർവ്വദിക്കിൽ നിന്നു വന്ന സ ന്ദൎശകന്മാർ ഹേറോദേസിൻെറ സവിധത്തിൽ എത്തി

"പ്രേഷ്ഠമിത്രങ്ങളെ," ഹേറോദേസ് സ്നേഹവും ബഹുമാനവും താല്പര്യവും നടിച്ചു പറഞ്ഞു "നിങ്ങളുടെ അന്വേഷണത്തിൽ നമുക്കും താല്പര്യമുണ്ട്. നിങ്ങൾ അന്വേഷിക്കുന്ന ആൾ ബത്‌ലഹേമിൽ കാണും. അദ്ദേഹത്തിന്റെ ജന്മസ്ഥലം കൃത്യമായി അറിഞ്ഞ് നിങ്ങൾ ഈ വഴി മടങ്ങുക. ഞാനും കാര്യങ്ങൾ മനസ്സിലാക്കി അദ്ദേഹത്തെ ആരാധിക്കുവാൻ കൊതിയ്ക്കുന്നു."

അവർ യാത്ര തുടർന്നു മറഞ്ഞുപോയ നക്ഷത്രം വീണ്ടും അവർക്ക് മാർഗ്ഗദർശനം നൽകാൻ പ്രത്യക്ഷപ്പെട്ടു. പിന്നീട് വഴി തെറ്റാതെ അവർ യേശുവിന്റെ സമീപത്ത് എത്തി രാജോചിതമായ അവരുടെ കാഴ്ചദ്രവ്യങ്ങൾ—പൊന്നും, മൊരുളും, കുന്തിരിക്കവും—അവർ തിരുമുൽക്കാഴ്ചയായി ആ ദിവ്യശിശുവിന് അർപ്പിച്ചു. അവർ യേശുവിനെ ഭക്തിപൂർവ്വം ആരാധിച്ചു. തിരിച്ച് പോകുമ്പോൾ ഹേറോദേസിന്റെ അരമനയിൽക്കൂടെ മടങ്ങുവാൻ അവർ ആലോചിച്ചു പക്ഷേ ദൈവികമായ ഒരു പ്രേരണയാൽ അവർ വേറെ വഴിക്ക് മടങ്ങിപ്പോയി.

1013

# 4. യേശു കണ്ട ലോകം

മനുഷ്യനെ അന്വേഷിച്ചു വന്ന ദൈവത്തെ സ്വീകരിക്കാൻ സന്നദ്ധരാകാത്ത മനുഷ്യർ നിറഞ്ഞ ലോകത്തെ ആദ്യമായി യേശു കണ്ടു. ബുദ്ധിശക്തി കൂടിയ മനുഷ്യരേക്കാൾ ബുദ്ധിയില്ലാത്ത മൃഗങ്ങൾ സ്രഷ്ടാവിന്റെ ആഗമനം അറിഞ്ഞു് ആദരപൂർവ്വം തലകുനിക്കുന്നതു് അദ്ദേഹം ദർശിച്ചു. രാജാക്കന്മാരിലും പ്രഭുക്കന്മാരിലും നിന്നു് അകന്നു്, മണിമേടകൾക്കു വെളിയിൽ സ്രഷ്ടാവിന്റെ തുറന്ന ആകാശവിരിപ്പിൻകീഴിൽ. സ്വന്തം ജോലി ഏററം കൃത്യബോധത്തോടെ നിർവ്വഹിച്ചുകൊണ്ടിരുന്ന ഒരുകൂട്ടം തൊഴിലാളികൾ ആദ്യമായി ദൈവപുത്രനെ സ്വീകരിച്ചു വണങ്ങുന്നതും സ്വന്തം ദിവ്യശക്തിയാൽ യേശു ഗ്രഹിച്ചു. ദൈവപുത്രനെപ്പോലും മാനുഷികമായ ശുദ്ധീകരണത്തിനു് വിധേയമാക്കുവാൻ വെമ്പൽകൊണ്ട സാമൂഹ്യ വ്യവസ്ഥിതിയേയും മതാചാരങ്ങളേയും അപലപിക്കാതെ അവയ്ക്കു് പൂർണ്ണവിധേയത്വം സ്വീകരിക്കുകയും അങ്ങനെ സ്വന്തം മനുഷ്യസ്വഭാവത്തിനു് സമ്പൂർണ്ണരൂപം നൽകുകയും ചെയ്യുവാൻ യേശുവിനു് മനസ്സുണ്ടായി. ശുദ്ധീകരണത്തിനായി നാല്പതാംദിവസം ദേവാലയത്തിൽ തന്നെ കൊണ്ടുപോയ സ്വമാതാവു് നിശ്ചിതനാണ്യങ്ങളോടുകൂടി വഴിപാടുകൾ മുടക്കം വരുത്താതെ കഴിച്ചതും വൃദ്ധനായ ശിമയോൻ ആകാംക്ഷയോടെ രക്ഷകന്റെ നാളുകളെ പ്രതീക്ഷിച്ചു ജീവിച്ചിരുന്നതും സർവ്വജ്ഞനായ താൻ ശിശുപ്രായത്തിൽ പോലും കാണാതിരുന്നില്ല. ഇങ്ങനെ ബത്‌ലഹേ

മിൽ കാണൻ കഴിഞ്ഞ ഓരോന്നും യഹൂദന്മാരുടെ ജീവിതാദർശങ്ങളേയും ജീവിതരീതിയേയും വിളിച്ചറിയിക്കുന്നവയായിരുന്നു. നിയമങ്ങളുടെ ആന്തരാത്ഥത്തേക്കാൾ കൂടുതലായി അക്ഷരാത്ഥത്തെ അന്വേഷിക്കുകയും അനുസരിക്കുകയും ചെയ്ത ഉൽകൃഷ്ടജാതികളുടെ സ്വാത്ഥതല്പരത തൻെറ ഏററം ഒതുങ്ങിയ അനുഭവങ്ങളിൽ കൂടിയും യേശു അറിയാതിരുന്നില്ല. മാതൃകാപരമായ ജീവിതം വഴി മനുഷ്യനെ സമുദ്ധരിക്കുവാൻ അവതരിച്ച ദൈവകുമാരൻ ജീവിതത്തിലെ പല പ്രതിസന്ധിഘട്ടങ്ങളേയും തരണംചെയ്തു ലോകത്തിനു് ഓരോരോ മാതൃകകൾ നൽകണമെന്നായിരുന്നു നിശ്ചയിച്ചതു്. ഉടുക്കാൻ വസ്ത്രവും കിടക്കാൻ പാർപ്പിടവും ഇല്ലാതെ ലോകരംഗത്തുവന്ന യേശു അപരിചിതമായ വിദേശത്തുപോയി പരദേശിയായി ജീവിക്കണമെന്നും സ്വയം തീർച്ചപ്പെടുത്തിയിരുന്നു. അതിനിടയാക്കിയ സാഹചര്യങ്ങൾ രസാവഹമാകുന്നു. യേശുവിനെ അവസാനമായി സന്ദർശിച്ച പണ്ഡിതന്മാർ വേറെ വഴിക്കു തിരിച്ചു പോയപ്പോൾ അവരുടെ പ്രത്യാഗമനം പ്രതീക്ഷിച്ചിരുന്ന ഹേറോദേസ് കോപാവിഷ്ടനായി. യൂദയായുടെ രാജാവായ താൻ വഞ്ചിതനാകയോ? യൂദന്മാരുടെ രാജാവാകാൻ ജനിച്ചവൻ ഹേറോദേസിൻെറ പിടിയിൽ നില്ക്കാതെ വളൎന്നുവരുമെന്നോ? അയാൾ സംഭ്രാന്തനായി ഏതു വിധത്തിലും ഈ രാജാവാകാൻ പിറന്നവനെ നിഗ്രഹിക്കുകതന്നെ കരണീയമെന്നു് അയാൾ ഉറച്ചു. അതിനു് എന്താണു് ഉപായം

1013

32272

ബത്ലഹേമിൽ ഈ അടുത്ത കാലത്തു് ജനിച്ച ശിശുക്കളെ എല്ലാം—വേണ്ട ആൺകുട്ടികളെ എല്ലാം—കൊന്നുകളയാം. ഈ കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കുള്ളിൽ ജനിച്ച ആൺകുട്ടികളെയെല്ലാം—ഒരു പത്തുമുപ്പതിൽ കൂടുതൽ കാണുകയില്ല. ഒരുപക്ഷേ അഗസ്റ്റസ് ചക്രവൎത്തി ഈ ക്രൂരകൃത്യത്തിനു് എന്നെ ശാസിച്ചേക്കാം...എങ്കിൽ,....എങ്കിൽ ഞാൻ പറയും, ചക്രവൎത്തി ജനിച്ച കാലത്തു് ഒരു പുതിയ ചക്രവൎത്തി ജനിക്കുവാൻ പോകുന്നു എന്ന ഒരു കേൾവിയെപ്പററി റോമ്മാ റിപ്പബ്ളിക്കിലെ ഭരണസംഘം പ്രതിപാദിച്ചതും, ആ ചക്രവൎത്തിത്വം തടയുവാൻ ഒരു വർഷക്കാലത്തിനിടയിൽ ജനിച്ചതും ജനിക്കുന്നതുമായ ശിശുക്കളെ എല്ലാം വധിക്കുവാൻ പ്രസ്തുത ഭരണസംഘം തീർച്ചപ്പെടുത്തിയതും. ഞാൻ അതെല്ലാം ചക്രവൎത്തിയെ അനുസ്മരിപ്പിക്കും...അഥവാ ഈ യൂദയായിലെ പത്തോ ഇരുപതോ കുഞ്ഞുങ്ങൾ എനിക്കു് എന്നപോലെ ചക്രവൎത്തിക്കും എത്ര നിസ്സാരമാണു്?"

ഹേറോദോസ് അതു തന്നെ തീർച്ചപ്പെടുത്തി. അടുത്ത ക്ഷണം കല്പനയും പുറപ്പെട്ടു. രണ്ടു വയസ്സിൽ താഴെ ബത്ലഹേമിൽ ഉണ്ടായിരുന്ന ശിശുക്കളെ എല്ലാം വധിക്കുവാൻ രാജകിങ്കരന്മാർ ഇറങ്ങി. എന്നാൽ അതിനു് തലേരാത്രി ജോസഫിനെ ഒരു ദൈവദൂതൻ വന്നു് ഉറക്കത്തിൽ നിന്നും ഉണർത്തി, യേശുവിനേയുംകൊണ്ടു് ഈജിപ്തിലേയ്ക്കു ഓടിപ്പോകുവാൻ ഉപദേശിച്ചിരുന്നു ദൈവഹിതത്തിനു് എപ്പോഴും പരിപൂൎണ്ണവിധേയത്വം പാലിച്ചിരുന്ന ജോസഫ്

പതിയും ബത്‌ലഹേം വിട്ടതിനുശേഷമാണ് രാജാവിന്റെ പടയാളികൾ പ്രയോജനരഹിതമായ അവരുടെ നിഷ്ഠുരകർമ്മം നടത്തിയതു്.

യേശുവും മാതാപിതാക്കന്മാരുംകൂടി ഒരു ചെറിയ കഴുതയുമായി ബെത്‌ലഹേമിൽനിന്നുംനേരെ തെക്കോട്ടു് തിരിച്ചു ഹെബ്രോൺ, ബെർഷബാ മുതലായ സ്ഥലങ്ങൾ കടന്നു് പടിഞ്ഞാറോട്ടു നീങ്ങി; ഗലീലയിൽനിന്നും ഈജിപ്തിലേയ്ക്കു് കച്ചവടക്കാർ കൂട്ടംകൂടി പോയിരുന്ന ഒരു വഴി കടൽതീരം ചേർന്നുണ്ടായിരുന്നു; ആ വഴിയിൽ പ്രവേശിച്ചു്, അവർ നേരെ ഈജിപ്തിലേക്കു പോയി. ബിർഷബാമുതൽ നൈൽനദീതടംവരെ വ്യാപിച്ചുകിടന്ന മരുഭൂമിയിൽക്കൂടിയുള്ള അവരുടെ യാത്ര ഒരാഴ്ചയിലധികംകാലം ദീർഘിച്ചിരിക്കും. ഒരു ഇലയോ, വള്ളിയോ, ചെടിയോ, കുളമോ, കിണറോ, ഒന്നും ഇല്ലാത്ത മണലാരണ്യത്തിൽക്കൂടി ഇളംപ്രായത്തിലുള്ള ഒരു ശിശുവുമായി മേരിയും ജോസഫും ചെയ്ത യാത്ര ഏററംവൈഷമ്യമേറിയതും ആപല്ക്കരവുമായിരുന്നു. ഈ യാത്രയിൽ ദൈവപുത്രനെ ശുശ്രൂഷിക്കുവാൻ സ്വപിതാവു് പ്രത്യേക ദൂതന്മാരെ അയച്ചിരുന്നു എന്നോ, മരുഭൂമിയിൽ ഇടവിട്ടുള്ള പ്രദേശങ്ങളിൽ നിന്ന ഈന്തപ്പനകൾ അവയുടെ ഫലഭൂയിഷ്ടമായ തലകൾ ചായ്ച്ചു് യേശുവിനു് പതിവായി ഉപഹാരങ്ങൾ നല്കി എന്നോ സങ്കല്പിക്കുന്നതിൽ വലിയ തെററില്ല അത്ര പ്രയാസമേറിയതായിരുന്നു ഈജിപ്തിലേക്കുള്ള യാത്ര.

അവർ എത്രകാലം ഈജിപ്തിൽ താമസിച്ചു എന്നു ഖണ്ഡിതമായി പറഞ്ഞുകൂടാ. ബത്‌ലഹേമിലെ കൂട്ടക്കൊല കഴിഞ്ഞു് മൂന്നോ നാലോ മാസങ്ങൾക്കുള്ളിൽ ആ ഹീനകർമ്മത്തിന്റെ പൈശാചിക പ്രയോക്താവായ ഹേറോദേസ് മരിച്ചു. ചരിത്രം ചിലപ്പോൾ നിഷ്ഠുരമായ പ്രതികാരബുദ്ധിയോടെ ചില സംഭവങ്ങൾ ക്രമപ്പെടുത്തുന്നു എന്നു തോന്നും. ഹേറോദേസിന്റെ ചരിത്രത്തിലും അർത്ഥവത്തായ ഒരു അന്ത്യരംഗം ഉണ്ടു്. അയാളുടെ മരണശേഷം അയാൾ സംസ്കരിക്കപ്പെട്ട കുന്നിൽനിന്നു നോക്കിയാൽ കാണാവുന്ന ഏററം പ്രാധാന്യം അർഹിക്കുന്ന കാഴ്ച, അയാൾ ആയുഷ്ക്കാലത്തു് ഏററം ഭയപ്പെട്ടിരുന്ന അയാളുടെ പ്രതിയോഗി-അതെ ആ യഹൂദന്മാരുടെ രാജാവു്—ജനിച്ച കാലിത്തൊഴുത്തു സ്ഥിതിചെയ്യുന്ന ഗൃഹവും, അയാൾ നിഷ്ക്കരുണം ഹനിച്ച നിർദ്ദോഷികളായ ശിശുക്കളുടെ ശ്മശാനഭൂമിയും ആകുന്നു. ഇന്നു് ആ കുന്നിന്റെ മുകളിൽനിന്നു നോക്കിയാൽ ബത്‌ലഹേമിലേക്കുള്ള വശത്തു് ഒഴിച്ചു് മരണത്തിന്റെയും നാശത്തിന്റെയും അധോഗതിയുടേയും അവശിഷ്ടങ്ങൾ മാത്രമേ കാണാനുള്ളു. അതുപോകട്ടെ. ഹേറോദേസ് മരിച്ചു എന്നു് വീണ്ടും ഒരു ദൈവദൂതൻ സ്വപ്നത്തിൽ ജോസഫിനെ അറിയിച്ചു. ഇസ്രായേലിന്റെ രാജ്യത്തേക്കു് തിരിച്ചു പോകുവാൻ ആ ചെറുകുടുംബത്തിനു് നിർദ്ദേശം ലഭിച്ചു. ഏറെത്താമസിയാതെ അവർ പലസ്തീനായിലേക്കു് തിരിച്ചുപോയി.

## 5. യേശു വളർന്ന ലോകം

ഹേരോദേസ് തൻെറ മരണശേഷം രാജ്യം വിഭജിച്ചു മൂന്നു പുത്രന്മാർക്കായി കൊടുക്കണം എന്നു നിശ്ചയിച്ചു് മരണപത്രം എഴുതി. റോമ്മാചക്രവർത്തിയുടെ അംഗീകാരത്തിനു് സമർപ്പിച്ചിരുന്നു. യൂദയാ, സമറിയാ, ഇദുമിയാ തുടങ്ങിയ പ്രധാന ഭൂവിഭാഗങ്ങളെ രാജസ്ഥാനത്തോടു ചേർത്തു് അർക്കലാവോസ് എന്ന പുത്രനും, ഗലീലയും പെറിയായും, അൻറിപാസ് ഹേരോദേസ് എന്ന പുത്രനും, ബാക്കി വടക്കു് അടുത്ത ദേശം മൂന്നാമതൊരു പുത്രൻ ഫിലിപ്പിനും നൽകണമെന്നു് പിതാവു് ആശിച്ചിരുന്നു. എന്നാൽ ഈ വിഭജനം അവകാശികളായ പുത്രന്മാർക്കും ഭരണീയരായ ജനങ്ങൾക്കും സ്വീകാര്യമായിരുന്നില്ല. അൻറിപ്പാസിനെ കിരീടാവകാശിയായി ഒരിക്കൽ പിതാവു നിർദ്ദേശിച്ചിരുന്നു അതുകൊണ്ടു് അൻറിപാസും അർക്കലാവോസും തമ്മിൽ യോജിക്കാതെ ചക്രവർത്തിയെ പ്രീതിപ്പെടുത്തി കാര്യം കാണാൻ രണ്ടുപേരും റോമ്മയിലേക്കു പോയി. അതേസമയം ഹേരോദേസ് വംശജരുടെ ദുഷ്ടത സഹിക്കവയ്യാതെ ജനങ്ങൾ ആ ദുർഭരണത്തിൽനിന്നു മോചനവും റോമ്മാചക്രവർത്തിയുടെ നേരിട്ടുള്ള ഭരണവും അപേക്ഷിക്കുവാൻ അൻപതു പേരടങ്ങിയ ഒരു നിവേദകസംഘത്തെയും റോമിലേയ്ക്കയച്ചു.

ചക്രവർത്തി ഭിന്നതാല്പര്യങ്ങളെ പെട്ടെന്നു് സ്വീകരിക്കയോ നിഷേധിക്കയോ ചെയ്തില്ല. ഹേരോദേ-

സിന്റെ പുത്രന്മാരിൽ ആൎക്കും രാജസ്ഥാനം നൽകാതെ ഓരോരുത്തൎക്കും പിതാവു് നിൎദ്ദേശിച്ചിരുന്ന സ്ഥലങ്ങളിൽ പരീക്ഷാൎത്ഥമുള്ള ഭരണാധികാരം മാത്രം നൽകി അവരെ തിരിച്ചയച്ചു. നിവേദകസംഘം താല്ക്കാലികമായി ഇച്ഛാഭംഗപ്പെട്ടു് മടങ്ങുകയും ചെയ്തു.

അൎക്കെലാവോസിന്റെ ഭരണം വേഗം പരാജയത്തിൽ കലാശിച്ചു. ഭരണം തുടങ്ങി എട്ടുപത്തു വൎഷങ്ങൾക്കകം വീണ്ടും ജനങ്ങളുടെ ഒരു നിവേദകസംഘം ചക്രവൎത്തിയെ സന്ദൎശിച്ചു സങ്കടം ഉണൎത്തിച്ചു. ഇപ്രാവശ്യം ചക്രവൎത്തി അൎക്കെലാവോസിനെ ആളയച്ചു വരുത്തി കുററാരോപണങ്ങൾക്കു് സമാധാനം ആവശ്യപ്പെട്ടു. സമാധാനം തൃപ്തികരമല്ലെന്നുള്ള ഭാവത്തിൽ അയാളെ രാജ്യഭ്രഷ്ടനാക്കുകയും, പ്രസ്തുത ഭൂവിഭാഗങ്ങൾ ചക്രവൎത്തിയുടെ നേരിട്ടുള്ള ഭരണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

റോമ്മാ ചക്രവൎത്തിമാർ ദൂരസ്ഥമായ ഭൂവിഭാഗങ്ങളുടെ ഭരണം ഗവൎണ്ണർമാർ വഴി നടത്തിവന്നു. ഹെറോദേസിന്റെ കാലത്തു്, അഗസ്റ്റസ് സീസർ ചക്രവൎത്തിയുടെ സ്മരണക്കായി, പലസ്തീനായുടെ പടിഞ്ഞാറെ കടൽത്തീരത്തു് സെസാറിയ എന്ന ഒരു തുറമുഖപട്ടണം പണി കഴിച്ചിരുന്നു. സെസാറിയായിൽ താമസം ഉറപ്പിച്ചുകൊണ്ടു് ഒരു ഗവൎണ്ണർ അൎക്കെലാവോസിൽ നിന്നും ഏററു വാങ്ങിയ രാജ്യങ്ങൾ ഭരിക്കണമെന്നു് ചക്രവൎത്തി തീരുമാനിച്ചു. ഈ പ്രദേശങ്ങൾ സാമ്രാജ്യത്തിന്റെ അംശമായ സിറിയായോടു് ചേൎത്തു് ഒരു ഘടകമാക്കണമെന്നും, സിറിയായിലെ ഗവൎണ്ണ

റന്മാർ, യൂദയായിലെ ഗവർണ്ണറന്മാരുടെ മേൽ അധി കാരം ഉള്ളവരായിരിക്കണം എന്നും കൂടി ചക്രവത്തി ഭരണക്രമം ക്ലിപ്തപ്പെടുത്തി.

ഗവർണ്ണർമാർ, സൈന്യങ്ങളുടെ നിയന്ത്രണവും, നികുതി പിരിവും, ആഭ്യന്തര നിയമസമാധന പാലനവും നടത്തി വന്നു. കുററക്കാരെ മരണശിക്ഷക്ക് വിധിക്കുവാനുള്ള അധികാരവും അവർക്കുണ്ടായിരുന്നു. പരമാധികാരിയുടെ പ്രതിപുരുഷനായ ഗവർണ്ണറുടെ പക്കൽ എത്താതെ പല കുററങ്ങളും വിസ്തരിക്കുന്നതിനും, കുററക്കാരെ ശിക്ഷിക്കുന്നതിനും ഉള്ള ഏർപ്പാടുകൾ ഇവിടെ ഉണ്ടായിരുന്നു. ഈ ദേശസ്ഥാപനങ്ങളിൽ പ്രമുഖമായിരുന്നതു് യഹൂദന്മാരുടെ 'സൻഹേന്ദ്രിൻ' എന്നറിയപ്പെടുന്ന അധികാരി സഭയായിരുന്നു. മുഖ്യമായി മതപരവും, സാമാന്യേന സാമൂഹ്യ വിഷയകവുമായ സംഗതികൾ അവരുടെ അധികാരത്തിൽ കീഴിൽ വന്നു. എന്നാൽ മരണശിക്ഷ നടത്തുവാൻ അവർക്ക് തനിയെ അധികാരമില്ലായിരുന്നു

റോമൻ.ഗവർണ്ണറന്മാർ കഴിയുന്നതും യഹൂദാചാരങ്ങളെ ആദരിച്ചുതന്നെ ഭരിച്ചു സാമാന്യേന അവരുടെ പൊതുഭരണം അവരുടെ പ്രധാനാചാര്യൻെറ ചുമതലക്കു വിട്ടുകൊടുത്തു. ഈ പ്രധാനാചാര്യൻെറ നിയമനത്തിൽ മാത്രം അവർ നന്നായി ശ്രദ്ധിച്ചു.

യേശുവിൻെറ ചരിത്രത്തിൽ പ്രസ്താവ്യമായ ഭാഗം വഹിച്ചിട്ടുള്ള രണ്ടു പ്രധാനാചാര്യന്മാർ അന്നാസും കയ്യാപ്പാസും ആകുന്നു. അന്നാസിൻെറ അഞ്ചു പുത്രന്മാരും ഒന്നിനു പിറകേ ഒന്നായി ഈ സ്ഥാനം

വഹിച്ചിട്ടുണ്ട്. കയ്യാപ്പാസ് അന്നാസിന്റെ ജാമാതാവും ആയിരുന്നു പ്രധാനാചാര്യപദം രാജസ്ഥാനം പോലെ ഒരു കുടുംബത്തിന്ന് അവകാശപ്പെട്ടതാണെന്നു തോന്നുമായിരുന്നു ഇവരുടെ ഭരണം കണ്ടാൽ. പലപ്പോഴും ഈ നിയമനങ്ങൾ, പണത്തിന്റെയും ശുപാർശകളുടേയും സ്വാധീനത്തെ ആശ്രയിച്ചിരുന്നു എന്നു കരുതുന്നതിൽ തെററില്ല. അന്നാസിന്റെ ജീവിതകാലത്തു തന്നെ പ്രധാനാചാര്യപദം അയാൾക്ക് നഷ്ടപ്പെടുകയും അയാളുടെ ബന്ധുക്കൾ സ്ഥാനാരോഹണം ചെയ്കയുമാണുണ്ടായതു്. ആദ്യകാലങ്ങളിൽ ഈ സ്ഥാനം ആയുഷ്കാലം മുഴുവൻ നീണ്ടു നിന്നിരുന്നു. പിന്നീട് ഇതു ഗവർണ്ണറന്മാരുടെ ഇഷ്ടംപോലെ എളുപ്പത്തിൽ മാററാവുന്ന ഒന്നായിത്തീർന്നു. ഏതായാലും അന്നാസിന്റെ ആചാര്യപദം നഷ്ടപ്പെട്ടിരുന്ന കാലത്തും അയാളുടെ ബന്ധുക്കൾ ആ സ്ഥാനത്തു വന്നതുകൊണ്ട് അയാളുടെ സ്വാധീനം കുറെയെല്ലാം അക്കാലം മുഴുവൻ നിലവിലിരുന്നു.

യഹൂദന്മാരുടെ വിധി അനുസരിച്ചുള്ള ബലി അർപ്പിക്കുന്നതിനും വഴിപാടുകൾ നടത്തുന്നതിനും വേണ്ട സഹായങ്ങളും പ്രോത്സാഹനങ്ങളും റോമൻ ഗവർണ്ണറന്മാർ നല്കിവന്നു.

കോപ്പോണിയസ്, അംബിവിയസ്, റൂഫസ്, വലേറിയസ്, പീലാത്തോസ് ഇങ്ങനെ പല ഗവർണ്ണറന്മാർ ഒന്നിനു പുറകെ ഒന്നായി യൂദയായിലേക്ക് നിയമിതരായി.

അഗസ്റ്റസും, റൈറബീരിയസ് തുടങ്ങിയ അയാളുടെ പിൻഗാമികളും ഗവർണ്ണറന്മാരെ തിരഞ്ഞെടുക്കുന്നതിൽ ഓരോ ആദർശങ്ങൾ മുൻനിറുത്തിയിരുന്നു. റൈബീരിയസിനു് പൊതുവെ യഹൂദന്മാരോട് വലിയ തൃപ്തിയില്ലായിരുന്നു. അതുകൊണ്ടു് യഹൂദന്മാരെ തീരെ കാര്യമായി ഗണിക്കാൻ വഴിയില്ലെന്നു് അയാൾക്കു തോന്നിയിരുന്ന ഗവർണ്ണറന്മാരെ അയാൾ ആഗ്രഹിച്ചിരിക്കാം. പന്തിയോസ് പീലാത്തോസിനെ ഗവർണ്ണറായി അയാൾ നിയമിക്കുവാൻ ഉണ്ടായ പ്രേരണ എന്തുതന്നെ ആയിരുന്നാലും ആ വിഷയത്തിൽ അയാൾ റൈബീരിയസിനു് യോജിച്ചവൻ ആയിരുന്നു. പീലാത്തോസ് യഹൂദന്മാരെ മനസ്സുകൊണ്ടു് മാത്രം വെറുക്കുകയല്ല ചെയ്തതു്. കഴിയുന്ന അവസരങ്ങളിലെല്ലാം അവരെ പുഛിക്കുന്നതിനും വേദനിപ്പിക്കുന്നതിനും അയാൾ ഉത്സാഹിക്കുക കൂടി ചെയ്തു. ചക്രവത്തി ചോദ്യം ചെയ്യും എന്ന പേടി ഇല്ലായിരുന്നെങ്കിൽ യഹൂദവൃന്ദത്തെ ഒന്നാകെ അടിമക്കപ്പലുകളിലെ ജോലിയ്ക്കു് അയയ്ക്കുവാൻ അയാൾ ശ്രമിക്കുമായിരുന്നു.

പക്ഷേ മുൻവിധിയോടുകൂടിയ അയാളുടെ ഈ സ്വഭാവം സാമ്രാജ്യതാല്പര്യങ്ങൾക്കു് സ്പഷ്ടമായി വിരുദ്ധമായിരുന്നു. യഹൂദന്മാരെ ലജ്ജിപ്പിക്കുവാനും സ്വന്തഹിതം അനുസരിച്ചു ഭരിക്കുവാനും ഉള്ള ബദ്ധപ്പാടിൽ അയാൾ അനുഷ്ഠിച്ച പല കമ്മങ്ങളും ചക്രവത്തിയെ തൃപ്തിപ്പെടുത്തിയില്ല എന്നു് അയാൾക്കു തന്നെ പലപ്പോഴും തോന്നിയിട്ടുണ്ടു്. സ്വന്തം അധികാരം

 1013

പൂർണ്ണമായി ചക്രവർത്തിയുടെ സന്മനസ്സിനെ ആശ്രയിച്ചിരുന്നതുകൊണ്ട് അയാൾക്ക ചക്രവർത്തിയെ വലിയ ഭയമായിരുന്നു എന്നും കരുതാം. ഇങ്ങനെ യഹൂദന്മാരെ ഒട്ടും ബഹുമാനിക്കാതെയും, എന്നാൽ അവരുടെ മേൽ അധികാരം ലഭിച്ചും വിദൂരസ്ഥനായ ഒരു ചക്രവർത്തിയുടെ ഹിതാഹിതങ്ങളെ ആദരിച്ചും, യുദയായുടെ താല്ക്കാലിക ഭരണാധികാരിയായി പീലാത്തോസ് വാഴുമ്പോഴാണ് യഹൂദന്മാർ ഉൾപ്പെട്ട മനുഷ്യവംശത്തെ ഉദ്ധരിക്കുവാൻ യേശു പരസ്യമായി പ്രയത്നിച്ചത്.

അഗസ്റ്റസിൻെറ പരീക്ഷണത്തിൽ കൂടുതൽ വിജയിയായത് അൻറിപ്പാസ് ഹേറോദേസ് ആയിരുന്നു. അയാളുടെ ബാല്യം റോമായിൽ കഴിഞ്ഞിരുന്നു. വിദ്യാഭ്യാസവും മുഖ്യമായി അവിടെത്തന്നെ കഴിഞ്ഞു. അതുകൊണ്ട് റോമ്മാചക്രവർത്തിമാരുടെ താല്പര്യങ്ങളെ കൂടുതൽ ആദരിക്കുവാൻ അയാൾ പ്രാപ്തനായി. അഗസ്റ്റസ് ചക്രവർത്തിയുടേയും ബന്ധുക്കളുടേയും പേരുകൾ നിലനിത്തുവാൻ, സ്വന്തം രാജ്യത്തിൽ പല പുതിയ സ്ഥാപനങ്ങളും അവരുടെ സ്മാരകങ്ങളായി അയാൾ ഏർപ്പെടുത്തി. ചക്രവർത്തിയുടെ പിൻഗാമിയായിരുന്ന ടൈറബീരിയസിൻെറ ഓമ്മയ്ക്കായി അയാൾ ഗന്നസറത്ത് തടാകത്തിൻെറ പടിഞ്ഞാറേക്കരയിൽ ടൈറബീരിയസ് എന്ന ഒരു പുതിയ നഗരം തന്നെ നിമ്മിച്ചു. ടൈറബീരിയസിൻെറ സാമ്രാജ്യത്തോട് ബന്ധിച്ചിരുന്ന അനേകം പൗരസ്ത്യ ഉപരാജ്യങ്ങളിലെ ഭരണാധികാരികളെ

ച്ചററി രഹസ്യമായ റിപ്പോർട്ടുകൾ അയച്ച് ചക്രവ ത്തിയെ പ്രീതിപ്പെടുത്തുവാനും അൻറിപ്പാസ് ശ്രമിച്ചു.

അൻറിപ്പാസ് ഒരിക്കൽ റോമ്മാ സന്ദർശിച്ചപ്പോൾ അയാളുടെ ഒരു സഹോദരനായ ഫിലിപ്പിൻെറ അതിഥിയായി താമസിച്ചു. ഈ ഫിലിപ്പ്, അൻറിപ്പാസിൻെറ പിതാവിൻെറ അനേക ഭാര്യമാരിൽ ഒരുവളുടെ പുത്രനും, ഫിലിപ്പിൻെറ പത്നി ഹീറോദിയാ, ആ പിതാവിൻെറ വേറൊരു പുത്രൻെറ മകളും ആയിരുന്നു. അൻറിപ്പാസിൻെറ പ്രാഭവവും ശക്തിയും കണ്ട് മതിമറന്ന ഹീറോദിയ, സ്വപുത്രിയായ സലോമിയും ഒന്നിച്ച് അയാളോടുകൂടി പലസ്തീനായിലേക്ക പോയി. സഹോദരപത്നിയെ സ്വപത്നിയായി സ്വീകരിക്കുക തുടങ്ങി ആക്ഷേപാർഹമായ പല ദുഷ്കൃത്യങ്ങൾ അൻറിപ്പാസിൽ കണ്ട ജനങ്ങൾ അദ്ദേഹത്തെ ശക്തിയായി വെറുക്കുകയും നശിപ്പിക്കുവാൻ മാർഗ്ഗം ആരായുകയും ചെയ്തു. അൻറിപ്പാസിനെ ഈ സാഹചര്യങ്ങളിൽ ഉപേക്ഷിച്ചുപോയ അയാളുടെ ആദ്യത്തെ ഭാര്യയുടെ പിതാവും അയാൾക്ക് പ്രബലനായ ഒരു ശത്രുവായിത്തീൎന്നു ഈ അൻറിപ്പാസ് ഹേറോദേസായിരുന്നു യേശു വളൎന്ന കാലത്ത് ഗലീലയുടെയും പെറിയായുടേയും പ്രാദേശിക ഭരണാധികാരി. ഈ പ്രദേശങ്ങൾ നേരിട്ട് റോമ്മാചക്രവത്തിയുടെ കീഴിലാകുന്നതുവരെ കററക്കാരെ മരണശിക്ഷക്ക് വിധിക്കുവാനുള്ള അവകാശം ഹേറോദേസിനുണ്ടായിരുന്നു

1013 1013

## 6. യേശുവിൻെറ അജ്ഞാതജീവിതം

"മേരി, എത്ര നാളായി നാം ഇവിടെ നിന്നും പോയിട്ട്. ഇനിയും നമ്മുടെ സ്വൈരജീവിതത്തെ അലട്ടുന്ന ഒന്നും ഉണ്ടാകാതിരുന്നെങ്കിൽ മതിയായിരുന്നു."

"അങ്ങേയ്ക്ക് എപ്പോഴും ആകാംക്ഷ തന്നെ. അതിൽ അത്ഭുതപ്പെടാനുമില്ല. വരണം എന്നു പറഞ്ഞാൽ വരണം, പോകണം എന്നു പറഞ്ഞാൽ പോകണം. ബത്‌ലഹേമിലേക്കെങ്കിൽ അങ്ങോട്ട്. ഈജിപ്തിലേയ്ക്കെങ്കിൽ അങ്ങോട്ട്. എനിയ്ക്കു അനുസരിച്ചാൽ മാത്രം മതിയല്ലോ. എന്നെയും കുഞ്ഞിനെയും വളർത്തുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ചുമതല അങ്ങേയ്ക്കല്ലേ." മേരി ഭർത്താവിനെ അഭിനന്ദിച്ചുകൊണ്ട് അഭിമാനപൂർവ്വം പറഞ്ഞു.

"അതെ, അതെ. ചുമതലയും സാമർത്ഥ്യവും ഒന്നും പറയാനില്ല. അപ്പഴപ്പോൾ ദൈവം തന്നെ വേണ്ട നിർദ്ദേശങ്ങൾ തരുന്നു. ആ ഹേറോദേസ് കുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നതിനു മുമ്പ് ദൈവദൂതൻ മുന്നറിയിപ്പ് നൽകിയിരുന്നില്ലെങ്കിൽ...." ജോസഫിൻെറ കണ്ണുകൾ നിറഞ്ഞു. അടുത്തു വരാന്തയിൽ, തറയിൽ ഇരുന്ന ബാലനെ നിർന്നിമേഷനായി നോക്കിക്കൊണ്ട് അയാൾ അല്പനേരം മൗനം അവലംബിച്ചു. "വീണ്ടും, ഇപ്പോഴെങ്കിലും ഹേറോദേസ് മരിച്ച കാര്യം അറിയുന്നതിനും, തിരിച്ച് ഇങ്ങോട്ടു വരുന്നതിനും നമുക്ക് ഉപദേശം നൽകിയതും ദൈവദൂതൻ തന്നെയല്ലേ....?

അവസാനം, തിരിച്ച് ബത്ലഹേമിലേക്കു പോകേണ്ടാ എന്നും, അക്കർലാവോസ് നമ്മെ ഉപദ്രവിച്ചേക്കാമെന്നും എനിക്ക് അഭൗമമായ ഒരു അറിയിപ്പു ലഭിച്ചില്ലായിരുന്നെങ്കിൽ നമുക്ക് എന്തു സംഭവിക്കുമായിരുന്നു എന്ന് ആരറിഞ്ഞു........"

"ഞാൻ പറയാറില്ലേ. ഒന്നുകൊണ്ടും അങ്ങ് അധൈര്യപ്പെടരുതെന്ന്. ദൈവത്തിൽ ആശ്രയിക്കുക, ദൈവത്തിന് കീഴ്‌വഴങ്ങുക, ഇതു മാത്രമേ മനുഷ്യരായ നമ്മിൽ നിന്നും ദൈവം ആവശ്യപ്പെടുന്നുള്ളു. കുഞ്ഞിനെ യാതൊരു അപകടവും കൂടാതെ വളർത്തുക. അതാണ് ഇനി നമ്മുടെ കർത്തവ്യം. ആ അമൂല്യ സമ്പത്ത് നമ്മുടെ കൈയിൽ വന്നിട്ട് ഇപ്പോൾ രണ്ടു കൊല്ലമായി. നാം കുറെ ബുദ്ധിമുട്ടി എങ്കിലും കുഞ്ഞിന് യാതൊരു അസുഖവും ഇന്നേവരെ വന്നില്ല. അതു തന്നെ വലിയ സന്തോഷം."

"അങ്ങനെ തന്നെ. ഞാൻ സമീപസ്ഥലത്തു കൂടിയെല്ലാം ഒന്നു പോകട്ടെ. പതിവായി വല്ല കട്ടിലും കസേരയും ഒക്കെ പണിയിക്കാൻ വന്നിരുന്നവർ നാം തിരിച്ചു വന്ന വിവരവും മററും അറിയണമല്ലോ? ഇനിയും ജോലി പതിവായി ചെയ്യേണ്ടെങ്കിലല്ലേ നമ്മുടെ ആവശ്യങ്ങൾ നടന്നു പോകൂ?" "അതു മാത്രമോ. ആവശ്യങ്ങൾ ഒന്നിനൊന്നു കൂടിയല്ലേ വരുന്നത്. യേശുവിന് ഇപ്പോൾ പ്രായമായില്ലേ?"

"അതു നല്ലതല്ലേ. എനിക്കു ഒരു സഹായമായിരിക്കുമല്ലോ. ചെറുതാണെങ്കിലും നന്മനസ്സ് പിന്നിലുള്ള

രണ്ടു് കൈകൾ എന്തു ശക്തിയുള്ളവയാണെന്നറിയാമോ. ”

‘അതിൽ എനിക്കു സംശയമില്ല. യേശുവിൻെറ സന്മനസ്സിലും അവൻ നമുക്കു രണ്ടുപേക്കും വേണ്ട എല്ലാ സഹായങ്ങളും ചെയ്തുതരും എന്നു തന്നെ എൻെറ വിശ്വാസം—എൻെറ പ്രതീക്ഷ.

അങ്ങനെ നാളുകൾ കടന്നുപോയി. നസറത്തിലെ അനുഗ്രഹീതമായ ചെറുകുടുംബം ദുഷ്ടശക്തികളിൽ നിന്നു് അകന്നും, ഒഴിഞ്ഞും, സമാധാനമായും, സന്തോഷത്തോടുകൂടെയും ജീവിച്ചു. ആറു വയസ്സായപ്പോൾ മുതൽ, സമവയസ്കരായ മററു് ബാലന്മാരോടുകൂടി യേശുവും അവരുടെ പ്രാർത്ഥനാലയങ്ങളിലും ആചാര്യന്മാരുടെ സദസ്സുകളിലും സംബന്ധിച്ചിരുന്നു. വർഷംതോറും ദേവാലയങ്ങളിൽ ഉള്ള പ്രധാന തിരുനാളുകളിൽ സംബന്ധിക്കുന്നതിനും യേശു സന്തോഷം പ്രദർശിപ്പിച്ചിരുന്നു. ആകൃതിയിലും പ്രകൃതിയിലും വിജ്ഞാനത്തിലും, ദൈവാനുഗ്രഹങ്ങളിലും ദിവസംതോറും വളർന്നുവന്ന ബാലനെ കൂടുതൽ ഉല്ലാസപ്രദമായ കാഴ്ചകൾ കാണിക്കുന്നതിനും, കൂടുതൽ ഭക്തിസംവർദ്ധകമായ ചടങ്ങുകളിൽ സംബന്ധിപ്പിക്കുന്നതിനും മേരി ആഗ്രഹിച്ചു. ആ മനസ്വിനിയുടെ ഏതു് ആഗ്രഹവും ജോസഫിനു് സ്വീകാര്യമായിരുന്നു.

യഹൂദന്മാർക്കു് ദേവാലയസംബന്ധമായ ചടങ്ങുകളിൽ ഏററവും പ്രാധാന്യമേറിയതു് ‘പെസഹാ’ എന്നറിയപ്പെട്ടിരുന്ന വാർഷികതിരുനാൾ ആയിരുന്നു.

ഏകദേശം മാർച്ചുമദ്ധ്യത്തിൽ ആരംഭിക്കുന്ന നിസാൻമാസം 14-ാംനു-മുതൽ ഒരാഴ്ചത്തേക്ക് ദീർഘിക്കുന്ന ഒന്നായിരുന്നു പെസഹാതിരുനാൾ. അന്നു് ഉച്ചയ്ക്കുശേഷം കുടുംബത്തലവന്മാർ ഒരു കുഞ്ഞാടിനെ ദേവാലയത്തിൽ കൊണ്ടുപോയി അതിന്റെ മതില്പകങ്ങളിൽവച്ചു് കഴുത്തറുത്തു് ബലി ചെയ്യുമിരുന്നു. ആട്ടിൻകുട്ടിയുടെ രക്തം ശേഖരിച്ചു് പുരോഹിതന്മാരെ ഏല്പിക്കുകയും അവർ അതു് യാഗപീഠത്തിൽ തളിക്കുകയും വേണ്ടിയിരുന്നു. അതിനുശേഷം മതില്പകങ്ങളിൽവച്ചു തന്നെ ആടിന്റെ തോലുരിഞ്ഞു് അതിന്റെ മാംസം വീട്ടിലേക്കു കൊണ്ടുപോയി പാകപ്പെടുത്തി വൈകുന്നേരം കുടുംബാംഗങ്ങൾ എല്ലാംകൂടി ഒരുമിച്ചിരുന്നു ഭക്ഷിക്കുകയും ആ ചടങ്ങിന്റെ അംശമായിരുന്നു! പത്തു് ഇരുപതു് പേരെങ്കിലും ഈ പെസഹാ ഭക്ഷണത്തിൽ സംബന്ധിക്കത്തക്കതുപോലെ ബന്ധുക്കൾ പരസ്പരം ക്ഷണിക്കുകയും കൂട്ടം കൂടുകയും ചെയ്തുവന്നു. ഈ ഭക്ഷണവേളയിൽ നാലു പ്രാവശ്യമെങ്കിലും ഓരോരുത്തരും മുന്തിരിങ്ങാനീരു കുടിക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. ഇടയ്ക്കിടയ്ക്കു് പ്രാർത്ഥനയും സ്തോത്രഗീതാലാപങ്ങളും ആയി ആരംഭിക്കുന്ന പെസഹാഭക്ഷണം, അനൗപചാരികമായി ഒരു സദ്യയിൽ അവസാനിക്കുകയും ചെയ്യും.

ഇതുപോലുള്ള പെസഹാതിരുനാളുകളിൽ സംബന്ധിക്കുന്നതിനു് യേശുവും ജറൂസലേമിലേക്കു് പതിവായി പൊയ്ക്കൊണ്ടിരുന്നു.

നിയമപ്രകാരം സ്ത്രീകളാരും ഇതിൽ സംബന്ധി ക്കേണ്ടിയിരുന്നില്ല ഭക്തജനങ്ങൾക്ക് അതു നിഷിദ്ധ വുമല്ലായിരുന്നു. പതിമ്മൂന്നു വയസ്സു കഴിഞ്ഞ ആൺ കുട്ടികളും പുരുഷന്മാർ എല്ലാവരും പെസഹായിൽ സംബന്ധിക്കുവാൻ നിർബന്ധിതരായിരുന്നു. പെസ ഹാതിരുനാളിനോട്ട് അനുബന്ധിച്ച ആൾക്കൂട്ടവും മററ് ആഘോഷങ്ങളും കാണുന്നതിന് പ്രായമാകാത്ത ധാരാളം കുട്ടികളും ദേവാലയത്തിൽ പതിവായി വ ന്നുകൊണ്ടിരുന്നു. വർഷംതോറും ഉദ്ദേശം രണ്ടരലക്ഷം ആടുകളെ യാഗമായി അർപ്പിച്ചിരുന്നു എന്നറിയു മ്പോൾ ജറൂസലേമിലെ ഒരു പെസഹാതിരുനാളി ൻെറ ബഹളം ഏകദേശം ഊഹിക്കാൻ കഴിയും, അ ന്ന് ദേവാലയപരിസരങ്ങളിൽ നിന്ന് രക്തപ്പുഴകൾ ഒഴുകമായിരുന്നു എന്ന് ഒട്ടും അതിശയോക്തികൂടാതെ പറയാം.

യേശുവും ജോസഫും ജറൂസലേമിലേക്ക് പോയ പ്പോൾ മേരിയും അവരെ അനുഗമിച്ചു. യേശുവിനെ പിരിഞ്ഞു ജീവിക്കുന്ന കാര്യം മേരിക്ക് ആലോചി ക്കാൻപോലും കഴിയാത്തവിധം ദുസ്സഹമായിരുന്നു!

നസറത്തുപോലെ എഴുപതും എഴുപത്തഞ്ചും മൈൽ ദൂരെയുള്ള സ്ഥലങ്ങളിൽനിന്നും ആളുകൾ കഴി യുന്നതും സംഘം ചേർന്നും നാലഞ്ചു ദിവസംകൊണ്ടും ആണു് ജറൂസലേമിലേക്ക് പോയിരുന്നതു്. അവർ പെസഹായ്ക്കു് ഒന്നു രണ്ടു ദിവസം മുമ്പു് അവിടെ എ ത്തുകയും ചെയ്യും. അന്നുമുതൽ നിസാൻ' ഇരുപത്തൊ

ന്നാം തീയതിവരെ പെസഹാചാരം മുഴുവൻ അവിടെ താമസിച്ചിട്ട് മാത്രം തിരിച്ചു പോകുന്നവരും കുറവായിരുന്നില്ല.

ദേവാലയത്തിൽ ലക്ഷക്കണക്കിന് ആളുകൾ കൂടുന്നിടത്ത് ബന്ധുമിത്രാദികൾ തമ്മിൽ കൂട്ടംപിരിയൽ സാധാരണമാണ്. ജനബാഹുല്യത്തിൽ ഉള്ള ഒരു പൊതുരക്ഷ കണക്കാക്കി, കൂട്ടം പിരിയുന്നവർ അധികം പരിഭ്രമിക്കുകയും പതിവില്ല. അങ്ങനെ ജറുസലേമിൽ വന്നശേഷം കുടുംബാംഗങ്ങൾ പലരും അപൂർവ്വമായേ സന്ധിച്ചിരുന്നുള്ളൂ. നഗരത്തിൽ നിന്നും തിരിച്ചുപോകുന്നതിനുള്ള സമയം നേരത്തെ നിശ്ചയിച്ചിരിക്കും. തന്മൂലം മടക്കയാത്രയിൽ വഴിയിൽവച്ച് ബന്ധുക്കൾ വീണ്ടും ഒന്നിക്കുകയും എളുപ്പമായിരുന്നു

പെസഹാ ചടങ്ങുകൾ കഴിഞ്ഞു്, നിശ്ചയമനുസരിച്ച് ജോസഫും മേരിയും ഓരോ സംഘങ്ങളോടുകൂടി നസറത്തിലേക്ക് തിരിച്ചു. അന്നു വൈകുന്നേരം ഈ സംഘങ്ങൾ എല്ലാം വഴിയിൽ ഒന്നാമത്തെ താവളത്തിൽ വിശ്രമിക്കുമെന്നും, അവിടെവച്ച് ബന്ധുക്കളെ കണ്ടുമുട്ടുക എളുപ്പമാണെന്നും ഉള്ള പ്രതീക്ഷയിൽ പലരും സ്വന്ത കൂട്ടംവിട്ട് യാത്ര ചെയ്തിരുന്നു. ജോസഫും മേരിയും ആ കൂട്ടത്തിൽ പെട്ടു. അന്നു രാത്രി വിശ്രമസങ്കേതത്തിൽ വച്ച് അവർ തമ്മിൽ കണ്ടുമുട്ടി. പക്ഷെ യേശു അക്കൂട്ടത്തിൽ വന്നുചേർന്നില്ല. പിന്നീടു വന്ന ഓരോ കൂട്ടങ്ങളിലും അവർ ആകാംക്ഷയോടെ യേശുവിനെ അന്വേഷിച്ചു ഒരിടത്തും കണ്ടില്ല. സ്നേഹം നിറഞ്ഞ ആ അമ്മയുടെ ഹൃദയം

1013

കലുഷിതമായി ബത്ലഹേമിലെ പുൽക്കൂട്ടിലെ നിസ്സഹായാവസ്ഥ—മൂന്നോ നാലോ മാസംമാത്രം പ്രായമുള്ള ഒരു ശിശുവുമായി ഈജിപ്തിലേയ്ക്കുള്ള ഒളിച്ചോട്ടം—അജ്ഞാനികളുടേയും വിദേശികളുടേയും നടുവിലുള്ള അജ്ഞാതവാസം—അത്യദ്ധ്വാനം നിറഞ്ഞ അവരുടെ അനുദിനജീവിതം—ഇതിലൊന്നും ക്ഷീണിതമാകാത്ത ആ മാതൃഹൃദയം തകർന്നു. പന്ത്രണ്ടു പതിമൂന്നു കൊല്ലങ്ങൾക്കുമുമ്പ് ഗബ്രിയേൽ ദൈവദൂതൻ, തന്നെ അഭിവാദ്യംചെയ്ത അവസരത്തിൽ ദൈവം തന്റെ സംരക്ഷണത്തിനും സൂക്ഷിപ്പിനും ഏൽപിച്ച ആ ദിവ്യശിശു—ആ ദിവ്യബാലൻ—യേശു;....അവളുടെ ഹൃദയം നീറി... ബത്ലഹെമിലെ ഇരുളും തണുപ്പും നിറഞ്ഞ തെരുവുകളിൽ ജനിച്ച് മരിക്കാമായിരുന്ന ആ ശിശു—ഹേറോദേസിന്റെ നിഷ്ഠുര കിങ്കരന്മാരുടെ മനുഷ്യവേട്ടയിൽ മരിക്കാമായിരുന്ന ആ പൈതൽ-ഈജിപ്തിലേക്കുള്ള ഓട്ടത്തിൽ മരുഭൂമിയിൽ വച്ച് ഉണങ്ങി വരണ്ട് കരിഞ്ഞുപോകാമായിരുന്ന ആ കുട്ടി-നസ്രത്തിലെ കഠിനമായ അദ്ധ്വാനത്തിലും ദാരിദ്ര്യത്തിലുംകൂടി ക്ഷീണിതനായി മരിക്കാമായിരുന്ന ആ ബാലൻ-യേശു-അവയെ എല്ലാംഅതിജീവിച്ചതു് ഈ മനുഷ്യമഹാസമുദ്രത്തിൽ മറഞ്ഞുപോകുന്നതിനായിരുന്നോ? .... മേരി ജോസഫിനേയും ജോസഫ് മേരിയേയും പരസ്പരം നോക്കി. അടുത്ത ക്ഷണത്തിൽ അവർ വീണ്ടും ജറുസലേമിലേക്ക് തിരിച്ചു. വഴിയിൽ അങ്ങിങ്ങായി കണ്ട ചെറുസംഘങ്ങളെയെല്ലാം അവർ പരിശോധിച്ചു. യാതൊരു വിവരവും



യേശു അവിടെ വേദശാസ്ത്രികളോടു് സംഭാഷണത്തിൽ
ഏർപ്പെട്ടിരിക്കുന്നതു്.

കിട്ടിയില്ല അടുത്ത ദിവസം മുഴുവനും, വഴിയിലും
ജറൂസലമിലും അന്വേഷണം നടത്തി. വിശേഷം
ഒന്നും ഉണ്ടായില്ല. ഇച്ഛാഭംഗപ്പെടാതെ മൂന്നാംദിവ
സവും അവർ അന്വേഷണം തുടർന്നു. പെസഹാക്കാല
ത്തെതീർത്ഥയാത്രക്കാർ മിക്കവരും മടങ്ങിക്കഴിഞ്ഞിരു
ന്നു അതുകൊണ്ട് ആളുകളുടെ തിക്കും തിരക്കും വളരെ
കുറയുകയും ചെയ്തു ദേവാലയത്തിനുള്ളിൽ ഒരു സം
ഘം ആളുകൾ വാഗ്വാദങ്ങൾ നടത്തുന്നതായി അവർ
അറിഞ്ഞു അവർ ഓടി അവിടെയെത്തി. യേശു അ
വിടെ വേദശാസ്ത്രികളോടുകൂടി സംഭാഷണത്തിൽ
ഏർപ്പെട്ടിരിക്കുന്നത് അവർ കണ്ടു. ആ മാതാപിതാ
ക്കന്മാർ ആശ്വസിച്ചു. അവരുടെ പരിഭ്രമം തീരുന്നതു
വരെ അവർ അടുത്തു പോയില്ല. യേശു സംഭാഷണം-
ചോദ്യോത്തരങ്ങൾ-തുടർന്നു. പന്ത്രണ്ടുവയസ്സുള്ള ബാ
ലൻ വേദപണ്ഡിതന്മാരായ യഹൂദാചാര്യന്മാരോട് ഗഹ
നമായ വിഷയങ്ങളെപ്പറ്റിയും ദൈവശാസ്ത്ര വിധി
കളെപ്പറ്റിയും നൽകിയ മറുപടികൾ വിസ്മയാവ
ഹമായിരുന്നു. ആചാര്യന്മാരും നിയമജ്ഞന്മാരും യേശു
വിനെ കൗതുകത്തോടും ആശ്ചര്യത്തോടും കൂടി നോക്കു
ന്നതു് ആ മാതാവു് കണ്ടു. മകന്റെ പാണ്ഡിത്യവും
വാചാലതയും മഹത്വവും അമ്മയുടെ കരളിനെ കുളു
ർപ്പിച്ചു എങ്കിലും മൂന്നു ദിവസത്തെ മനോവ്യഥ, അതു്
നിശ്ശേഷം മറക്കുവാനോ, മറയ്ക്കുവാനോ ആ അമ്മയ്ക്കു
കഴിഞ്ഞില്ല ഇക്കാലമെല്ലാം തന്നെയും ജോസഫിനേ
യും വേർപിരിയാതെ—തങ്ങളുടെ ഹിതാഹിതങ്ങളെ
അന്വേഷിച്ചറിഞ്ഞു് അവ അനുസരിച്ചു വളർന്നുവന്ന

ആ പുത്രൻ—എന്തുകൊണ്ട് ആ ബാലൻ ഈ അത്യാഹിതത്തിനു് അവസരം നൽകി? ഒരമ്മയ്ക്കു് അതു് അറിയാൻ, അതു് അന്വേഷിക്കാൻ, അതിനു് സ്വപുത്രനെ കുററപ്പെടുത്തുവാൻ അവകാശമുണ്ടു്. കത്തവ്യമുണ്ടു്. ആ അമ്മ അതു് നിർവഹിക്കുകയും ചെയ്യും.

മേരി മകനെ സമീപിച്ചു "കുഞ്ഞേ, നീ എന്തുകൊണ്ടു് ഞങ്ങളോടു് ഇങ്ങനെ പ്രവത്തിച്ചു ഞാനും നിൻെറ പിതാവും നിന്നെ അന്വേഷിച്ചു് നടന്നു് എന്തു മനോവേദന അനുഭവിച്ചു!" മേരിക്കു് ഇനി ഒന്നും പറയുവാൻ ഉണ്ടായിരുന്നില്ല. യേശു തല ഉയത്തി, അമ്മയെ നോക്കി അമ്മയുടെ ചോദ്യം യേശു മനസ്സിൽ ആവർത്തിച്ചു. 'ഞാനും നിൻെറ പിതാവും എന്നെ അന്വേഷിച്ചു—അല്ലേ,' യേശു ആത്മഗതം കൊണ്ടു. 'എൻെറ പിതാവു —എൻെറ പിതാവു്'— ആ വാക്കുകൾ യേശുവിൻെറ ഹൃദയത്തിൽ തുളച്ചു കയറി അതു തന്നെയായിരുന്നു അദ്ദേഹത്തിൻെറ സദാസമയവുമുള്ള ചിന്ത: തൻെറ ഏകചിന്ത തൻെറ പിതാവിനെപ്പററി, സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനെപ്പററി, തൻെറ പിതാവായ ദൈവത്തെപ്പററി, മാത്രം ആയിരുന്നു അതു തന്നെ അമ്മയോടു് സമാധാനമായി പറയാം എന്നു യേശു വിചാരിച്ചു. എല്ലാക്കാര്യങ്ങളും അറിയേണ്ടിയിരുന്ന തൻെറ മാതാവു് തന്നെപ്പററി ആകാംക്ഷാഭരിതയാകേണ്ട ആവശ്യം ഉണ്ടായിരുന്നില്ലാ എന്നു അമ്മയെ അനുസ്മരിപ്പിക്കാൻ യേശു നിശ്ചയിച്ചു

"എന്നെ നിങ്ങൾ അന്വേഷിക്കേണ്ട ആവശ്യം എന്തായിരുന്നു? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കണം എന്നു് നിങ്ങൾ അറിയുന്നുണ്ടല്ലോ?" യേശു എഴുന്നേററ് അമ്മയുടെ കൂടെ പോകാൻ തയ്യാറായി. യേശുവിന്റെ ചരിത്രത്തിൽ ആദ്യമായി യേശു സംസാരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ ഇവയത്രെ. 'എന്റെ പിതാവിന്റെ കാര്യങ്ങൾ—' ദൈവപുത്രനായ യേശു മനുഷ്യാവതാരം ചെയ്തതു് പിതാവായ ദൈവത്തിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടതിനു മാത്രമായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ ചരിത്രകാരന്മാർ എല്ലാം ആദ്യമായി അദ്ദേഹത്തിൽ നിന്നും കേൾക്കുന്നതു് സർവ്വപ്രധാനമായ ആ ദിവ്യദൗത്യത്തെപ്പററി ആയിരിക്കുന്നതു് ഏററം സംഗതവും അന്വർത്ഥവും ആകുന്നു.

മേരിയും ജോസഫും ഒരു യുക്തിവാദത്തിനോ, സമ്മതത്തിനു തന്നെയോ ഒരുങ്ങിയില്ല. യേശുവിനെ കണ്ടുകിട്ടിയതിലുള്ള സന്തോഷം മാത്രം അവർക്കു മതിയായിരുന്നു. സ്വന്തം അയോഗ്യതമൂലം ഇത്ര വലിയ സമ്പത്തു് കൈവിട്ടു പോകാൻ ഇടയായില്ല എന്ന ചിന്ത അവരെ അത്യധികം കൃതാർത്ഥരാക്കി.

അഞ്ചു ദിവസങ്ങൾ കൂടി. അവർ വീണ്ടും നസറത്തിലെത്തി. ദൈനംദിന ജോലികളിൽ അവർ വീണ്ടും ഉല്ലാസപൂർവ്വം ഏർപ്പെട്ടു. ജോസഫിന്റെ ഉളികൾ മരസാമാനങ്ങൾ പലതും പണി തീർത്തു. യേശുവിന്റെ കൈവേലയും നസറത്തിലെ ഭവനങ്ങ

ളിലെ ഓരോ ഉപകരണങ്ങളായി രൂപം പ്രാപിച്ചു. മേരി പതിവുപോലെ അടുക്കള ജോലിയിലും മുഴുകി. വർഷങ്ങൾ പലതു കടന്നുപോയി.

എന്നാൽ അന്നത്തെ പെസഹായുടെ സ്മരണ ഉപേക്ഷിക്കുവാൻ മേരിക്ക് ഒരിക്കലും കഴിഞ്ഞില്ല. "എൻെറ പിതാവിൻെറ കാര്യങ്ങളിൽ ഞാൻ വ്യാപൃതനാകേണമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ?" എന്ന മകൻെറ ചോദ്യം സാധുവും ഭക്തയുമായ മേരിക്ക് ദുർഗ്രഹമായിരുന്നു. ജോസഫ് അതിൻെറ ആന്തരാർത്ഥം ഗ്രഹിക്കുകയോ, അതെപ്പററി അധികം ആലോചിക്കുകയോ ചെയ്തില്ല. കുറച്ചു ദിവസങ്ങൾക്കുള്ളിൽ അയാൾ അതു് നിശ്ശേഷം മറക്കുകയും ചെയ്തു. മേരിയാകട്ടെ യേശുവിനെ സംബന്ധിച്ച് കണ്ടതും കേട്ടതും എല്ലാം സ്വന്തം ഹൃദയത്തിൻെറ ഏററം നിഗൂഢമായ ഉള്ളറകളിൽ സൂക്ഷിച്ചുവയ്ക്കുകയും അവയെപ്പററി എപ്പോഴും ആലോചിക്കുകയും പതിവായിരുന്നു. യേശു ബുദ്ധിസാമർത്ഥ്യത്തിലും ശാരീരിക ശക്തിയിലും ആദ്ധ്യാത്മിക ചൈതന്യത്തിലും വളർന്നുവന്നതു് ഒരമ്മയ്ക്കു മാത്രം അനുഭവിക്കാൻ കഴിയുന്ന കൃതാർത്ഥതയോടെ മേരി കണ്ടു. എൻെറ പിതാവിൻെറ കാര്യങ്ങളിൽ ഞാൻ വ്യാപൃതനായിരിക്കണം എന്നു് ജറൂസലേം ദേവാലയത്തിൽവച്ചു് ഉദ്ഘോഷിച്ച സ്വപുത്രൻ തനിക്കും ജോസഫിനും പൂർണ്ണമായി വിധേയനായി പതിനെട്ടു വർഷങ്ങളോളം നസറത്തിൽ ജീവിച്ചതു കണ്ടു് മേരി ആനന്ദിക്കുകയും വിസ്മയിക്കുകയും ചെയ്തു.

★

# 7. യേശുവും യോഹന്നാനും

യഹൂദന്മാർ ആഴ്ചവട്ടത്തിൽ ഒരു ദിവസം ദൈവത്തെ മഹത്വപ്പെടുത്തുന്നതിനായി 'ശാബത്ത്' ആചരിച്ചു വിശ്രമിച്ചു വന്നതുപോലെ ഏഴു കൊല്ലത്തിൽ ഒരു കൊല്ലം വിശ്രമത്തിന്റെയും അനുഗ്രഹത്തിന്റെയും കാലമായി ആചരിക്കുകയും ഒരു പതിവായിരുന്നു. ആ വിശ്രമവർഷത്തിൽ നിലങ്ങൾ കൃഷി ചെയ്യുകയോ, ഫലവൃക്ഷങ്ങൾ പുഷ്ടിപ്പെടുത്തുകയോ, വിളവുകൾ ശേഖരിക്കുകയോ ചെയ്യുന്നതുപോലും ശരിയല്ലെന്നായിരുന്നു അവർ കരുതിയതു്. ഭൂമിയുടെ ഫലദായകത്വം അപ്പോൾ അഗതികളും, രോഗികളും ആവശ്യക്കാരും നിറഞ്ഞ ലോകം പൊതുവിൽ അനുഭവിക്കേണ്ടതാണെന്നു് അവർ വിശ്വസിച്ചു കടക്കാരുടെ കടങ്ങൾ എല്ലാം ഈ ഏഴാംവർഷത്തിൽ പൂർണ്ണമായി ഇളവുചെയ്യുന്നതിനും സാമൂഹ്യ വ്യവസ്ഥിതിയിൽ നിയമമുണ്ടായിരുന്നു. വിമോചനത്തിന്റെ സംവത്സരം എന്നുപോലും ഈ വർഷത്തെ വിളിച്ചിരുന്നു. ഏഴു ഏഴു വർഷങ്ങൾ കഴിഞ്ഞുള്ള ജൂബിലി വർഷത്തിൽ ശാബത്തു് വർഷത്തിന്റെ പ്രത്യേകസൗജന്യങ്ങൾക്കു പുറമേ അടിമകൾക്കു സ്വാതന്ത്ര്യം ലഭിക്കുക എന്നു തുടങ്ങി പല അസാധാരണമായ ആനുകൂല്യങ്ങളും അവർക്കു ലഭിച്ചുവന്നു. അന്യാധീനപ്പെട്ടും കാലഹരണപ്പെട്ടുപോയ വസ്തുവകകളിന്മേൽ സാധുക്കൾക്കുള്ള അവകാശവും ഈ ജൂബിലിവർഷത്തിൽ തിരിച്ചുകിട്ടുമായിരുന്നു ഇങ്ങനെ എല്ലാ പ്രകാരത്തിലും മനുഷ്യർക്കു് സാമാന്യന ജീവിതത്തോതിൽ

ഐകരൂപ്യം വരുത്താമായിരുന്ന സാഹചര്യങ്ങൾ ആ പ്രാചീനസാമൂഹ്യ സിദ്ധാന്തങ്ങളിലും നടപടികളിലും അടങ്ങിയിരുന്നു.

ഇങ്ങനെയുള്ള ഒരു ശാബത്തുവർഷത്തിൽ യൂദാമരുഭൂമിയിൽ ഒരു വലിയ വിപ്ലവം ആരംഭിച്ചു. ആ വിപ്ലവകൊടുങ്കാററ് അതിലെ കടന്നുപോയവരെ ബലമായി ആകർഷിച്ച് ഇളക്കി മറിച്ചു.

ജെരുസലേമിൽനിന്നും ഗലീലയിലേയ്ക്കും മററും ഉള്ള യാത്രക്കാർ പലപ്പോഴും യോർദ്ദാൻനദി, ചാവുകടലിനോട് സന്ധിക്കുന്നഭാഗം ചേർന്ന് യാത്ര ചെയ്തിരുന്നു. ആ പ്രദേശം മിക്കവാറും ജനവാസയോഗ്യമല്ലാത്ത ഒരു മരുഭൂമിയുമായിരുന്നു അവിടെനിന്നും വടക്കോട്ടും തെക്കോട്ടും വളരെ ദൂരത്തേയ്ക്ക് മനുഷ്യവാസം ഉണ്ടായിരുന്നില്ല. കച്ചവടങ്ങൾക്കും മററുമായി ആ മാർഗ്ഗം ഉപയോഗിച്ചിരുന്നവർക്ക് വിശ്രമിക്കാൻ പ്രസ്തുത നദീമുഖത്തിനു് അല്പം വടക്കുമാററി ഒരു താവളം ഉണ്ടായിരുന്നു. ആളുകൾക്ക് അവിടെ കരയിൽനിന്നും നദിയിലേക്കിറങ്ങുന്നതിനും അതിൽനിന്നു കയറുന്നതിനും വലിയ പ്രയാസമില്ലാതിരുന്നതിനാൽ മണലാരണ്യത്തിൽക്കൂടിയുള്ള യാത്രക്കാർക്ക് അവിടം അനുഗ്രഹത്തിൻെറ ഒരു സങ്കേതംതന്നെ ആയിരുന്നു എന്നു കരുതാം.

ഈ വിപ്ലവം ആരംഭിച്ച കാലത്ത് അവിടെ എത്തിയ യാത്രക്കാർ അടുത്തു നിന്നും ഒരു രോദനം— അല്ല ഒരു അട്ടഹാസം—അതുമല്ല ഉപദേശം എന്നു വേണമെങ്കിൽ പറയാം — കേട്ടു. മരുഭൂമിയിലെ

കൊടുംവെയിലത്തു് ജടാധാരിയായ ഒരു യുവസന്യാസി, ഒട്ടകത്തിന്റെ രോമം കൊണ്ടു് നിർമ്മിച്ച വസ്ത്രാംശത്താൽ നഗ്നത കഷ്ടിച്ചു് മറച്ചു, വലിയ ജനക്കൂട്ടങ്ങളുടെ നടുവിൽ നിന്നുകൊണ്ടു് ചില നിത്യസത്യങ്ങൾ വിളിച്ചു പറയുന്ന ഒരു അട്ടഹാസം ആയിരുന്നു അതു്.

"ഏററം പ്രിയപ്പെട്ട എന്റെ സഹോദരങ്ങളെ, നിങ്ങളുടെ മനസ്സു് നന്മയിലേക്കു തിരിക്കുക. നിങ്ങളുടെ തെററുകളെപ്പററി നിങ്ങൾ ദുഃഖിക്കുക. നിങ്ങൾ സന്മനസ്സുള്ളവരായി, ദൈവത്തോടു് സഹകരിക്കുക. ഈ മരുഭൂമിയിൽ നിന്നു നിലവിളിച്ചു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു, നിങ്ങൾ ദയയുള്ളവരാകുക. നിങ്ങൾക്കു് രണ്ടു വസ്ത്രങ്ങളുണ്ടെങ്കിൽ ഒന്നുമില്ലാത്തവനു് അതിൽ ഒന്നു് നിങ്ങൾ കൊടുക്കുക. നിങ്ങൾക്കു് ഒരു നേരത്തേയ്ക്കു് ഭക്ഷണമുണ്ടെങ്കിൽ, അതിൽ ഒരു ഭാഗം വിശന്നു വലയുന്ന നിങ്ങളുടെ അയൽക്കാരനു് നിങ്ങൾ കൊടുക്കുക. എന്തുകൊണ്ടെന്നാൽ സ്നേഹനാഥനായ ലോകരക്ഷകൻ വരുന്ന കാലം ആസന്നമായിരിക്കുന്നു നിങ്ങൾ അദ്ദേഹത്തെ സ്വീകരിക്കുവാൻ തയാറാകുക."

ഇതുപോലുള്ള ഒരു ഉദ്ബോധനം അന്നു് പലക്കും അത്ഭുതാവഹമായി തോന്നി. 'ഈ സന്യാസി ആരാണു്?' അവർ ചോദ്യം ചെയ്തു. "യോഹന്നാൻ—വൃദ്ധനായ സക്കറിയായുടേയും വൃദ്ധയായ എലിശബായുടേയും പുത്രൻ—നിങ്ങൾ അറിയുകയില്ലേ? അയാൾ ഇക്കാലമെല്ലാം ഈ മരുഭൂമിയിൽ തപസ്സു ചെയ്യുകയും

പ്രാർത്ഥിക്കുകയും മാത്രമായിരുന്നു എന്നു തോന്നുന്നു. ഇതേവരെ അയാൾ അജ്ഞാതനായിരുന്നു.” കൂടുതൽ പരിചയം നടിച്ച് ഒരാൾ വ്യാഖ്യാനം തുടങ്ങി.

‘അതെ. ഈ മണലാരണ്യത്തിൽത്തന്നെയാണ് അയാളുടെ വാസം. ഭക്ഷണവും കുറച്ചു മതി. വല്ല കാട്ടു കിഴങ്ങുകളോ, വെട്ടുകിളികളോ അല്പം തേനോ വല്ലതും ഒന്നു കിട്ടിയാൽ അതു് അയാൾക്കു ധാരാളം മതി,’— എന്നു വേറൊരുത്തൻ കൂടുതൽ അറിവു നല്കി. ‘ഹേയ്, ഇയാൾ കേവലം ഒരു മനുഷ്യനല്ല വല്ല പ്രവാചകനും ആയിരിക്കാം. ഏലിയാസ് ദീർഘദർശി വീണ്ടും വരുമെന്നല്ലെ പറയുന്നതു്? ഇയാൾ ഏലിയാസോ മററാ ആയിരിക്കാം’ എന്നു ചിലർ.

‘അതെ. ഏലിയാസിൻെറ ധൈര്യം ഇയാൾക്കും ഉണ്ടു്. എത്ര ധീരതയോടെയാണു് ഇയ്യാൾ നമ്മുടെ ആചാര്യന്മാരേയും ഭരണാധികാരികളേയും കുററപ്പെടുത്തുന്നതു്. അവരുടെ ഹൃദയശൂന്യത എത്ര നഗ്നമായി അദ്ദേഹം എടുത്തു കാണിക്കുന്നു!’ മററു ചിലർ ആ അഭിപ്രായം പിന്താങ്ങി.

‘ഹൃദയത്തിൽ കാപട്യവും വഞ്ചനയും നിറഞ്ഞവരേയും പ്രമാണിത്വം നടിക്കുന്നവരേയും മാത്രമല്ല അദ്ദേഹം പഴിക്കുന്നുള്ളു? കുററം ചെയ്തിട്ടുള്ള പാവപ്പെട്ടവരെ എത്ര സ്നേഹത്തോടും അനുകമ്പയോടുംകൂടി അയാൾ സ്വീകരിക്കുന്നു. ഇയാൾ ഒരു വെറും പ്രവാചകൻ മാത്രമായിരിക്കയില്ല. പാപികളുടെ മാലിന്യങ്ങളെ കഴുകിക്കളയുവാനെന്നപോലെ അവരെ യോർദ്ദാൻ നദിയിലിറക്കി. നദീജലം കൊണ്ടു് ശുദ്ധി

ചെയ്യുന്ന ഈ മനുഷ്യൻ—ഇയ്യാൾ നാം പ്രതീക്ഷിക്കുന്ന അഭിഷിക്തനായ ആ ലോകരക്ഷകൻതന്നെ ആയിരിക്കുമോ?' ചിലർ സംശയം ഉന്നയിച്ചുതുടങ്ങി.

ചിലർ യോഹന്നാനോട് നേരിട്ടു ചോദിച്ചു സംശയനിവൃത്തി വരുത്താൻ ഉറച്ചു.

"അങ്ങ് ആരാകുന്നു? ഏലിയാസോ, ഞങ്ങൾ വളരെ നാളുകളായി പ്രതീക്ഷിച്ചിരിക്കുന്ന ആ ലോകരക്ഷകനോ ആരാണ്?"

യോഹന്നാൻ ശബ്ദം ഉയർത്തി. അതു നിശ്ശേഷം നിഷേധിച്ചു മരുഭൂമിയിൽ മുഴങ്ങത്തക്കതുപോലെ അദ്ദേഹം അലറി. "അല്ല. ഞാൻ ഏലിയാസുമല്ല, നിങ്ങൾ പ്രതീക്ഷിക്കുന്ന അഭിഷിക്തനായ രക്ഷകനുമല്ല, പ്രവാചകനുമല്ല. ഏശയ്യാ ദീർഘദർശിയുടെ വാക്കുകളിൽ 'ദൈവത്തിൻെറ മാർഗ്ഗത്തെ ശരിപ്പെടുത്തുക' എന്നു മരുഭൂമിയിൽ വിളിച്ചറിയിക്കുന്ന ഒരുവൻെറ സ്വരം മാത്രമാകുന്നു. എന്നെക്കാൾ പ്രബലനായ, എന്നെക്കാൾ അനേകമടങ്ങ് ഉൽകൃഷ്ടനായ ഒരാൾ ഇനിയും വരുന്നുണ്ട്" യോഹന്നാൻ യോർദ്ദാൻ നദീതീരത്തുനിന്നു് ഉപദേശങ്ങൾ തുടർന്നു. അനുതപിച്ചു് ദുർമ്മാർഗ്ഗത്തിൽനിന്നും പിന്തിരിയുവാൻ തയ്യാറായവരെ അദ്ദേഹം സന്മാർഗ്ഗത്തിലേക്കുള്ള ഒരു സ്വീകരണത്തിൻെറ സൂചനയായി നദീജലത്തിൽ കഴുകുകയും ചെയ്തു. ആസന്നമായ ദൈവരാജ്യത്തിനു് മനുഷ്യരെ അർഹരാക്കുന്ന ഒരടയാളമായി യോഹന്നാൻ ഈ ചടങ്ങ് അനുഷ്ഠിച്ചിരുന്നു.

ഈ ചട്ടങ്ങളും ഉപദേശങ്ങളും കഠിനമായ തപസ്സുചെയ്തുവന്ന അദ്ദേഹത്തിന്റെ വിസ്മയാവഹമായ ജീവിതരീതികളും യഹൂദവംശത്തെ ഇളക്കി. പലസ്തീനായുടെ നാനാഭാഗങ്ങളിൽ നിന്നും ആളുകൾ അദ്ദേഹത്തിന്റെ സമീപത്തേയ്ക്കു ഓടി. മേൽജാതികൾ എന്നു സ്വയം അഭിമാനിച്ചിരുന്ന നിയമജ്ഞരും ഫരിസേയരും ഒഴിച്ചു എല്ലാവരും അദ്ദേഹത്തെ ഹാർദ്ദമായി സ്വീകരിച്ചു.

ഇക്കാലമത്രയും യേശു നസ്രത്തിൽ അജ്ഞാതനായുള്ള ഒരു യുവാവായി കഴിയുകയായിരുന്നു യോഹന്നാന്റെ പേരും പെരുമയും വളർന്നു വന്നതോടുകൂടി യേശു നസറത്തിൽ നിന്നു തെക്കോട്ടു തിരിച്ചു് യോഹന്നാന്റെ പ്രവർത്തനരംഗത്തു വന്നു. അവർ തമ്മിൽ കണ്ടു. പക്ഷേ യോഹന്നാൻ വളരെക്കാലമായി വീട്ടിൽ നിന്നകന്നു്; സന്യാസിയായി ജീവിച്ചതുകൊണ്ടു് തന്റെ ഏററം അടുത്ത ബന്ധുവായ യേശുവിനെ അറിഞ്ഞില്ല. യേശു മററുള്ളവരെപ്പോലെ, മരുഭൂമിയിലെ ആ സ്വരത്താൽ ആകൃഷ്ടനായവിധം, വിനീതനായി യോർദ്ദാൻ ജലത്തിൽ അഭിഷിക്തനാകുവാൻ, യോഹന്നാന്റെ സമീപത്തുവന്നു യോഹന്നാൻ എന്തോ അദൃശ്യമായ ഒരു ശക്തിക്കു വിധേയനായി. അദ്ദേഹം യേശുവിനോടു പറഞ്ഞു 'അങ്ങാണു് എന്നെ ശുദ്ധിചെയ്തു അംഗീകരിക്കേണ്ടവൻ. എന്നിട്ടു് അവിടുന്നു് എന്റെ പക്കൽ ഈ 'ജ്ഞാനസ്നാന'ത്തിനു് വരികയോ?"

1013 1013

യേശു മറുപടി പറഞ്ഞു. "ഇപ്പോൾ ഇങ്ങനെയാകട്ടെ. ലോകനീതി അനുസരിച്ച് നടക്കേണ്ടതെല്ലാം നമ്മിൽ പൂർത്തിയാകുന്നതു് ഉചിതമാകുന്നു."

യേശു നദിയിൽ ഇറങ്ങി. യോഹന്നാൻ പതിവുപോലെ ശുദ്ധീകരണ ചിഹ്നമായ പശ്ചാത്താപത്തിന്റെ, ജ്ഞാനസ്നാനകർമ്മം, അദ്ദേഹത്തിലും നടത്തി അനന്തരം യേശു നദിയിൽ നിന്നും കരയ്ക്കു കയറി അടുത്ത ക്ഷണത്തിൽ ആകാശത്തിൽ നിന്നും ഒരു മാടപ്രാവ് ഇറങ്ങി വന്നു അദ്ദേഹത്തിന്റെ ശിരസ്സിനു മുകളിൽ നിലകൊണ്ടു. ആകാശത്തിൽ നിന്നു് ഉച്ചത്തിൽ ഒരു അശരീരി വാക്യം മുഴങ്ങി.

"ഇവൻ എന്റെ പ്രിയപ്പെട്ട പുത്രനാകുന്നു. ഇവനിൽ ഞാൻ ഏററം സംപ്രീതനായിരിക്കുന്നു."

യോഹന്നാൻ വളരെ നാളുകളായി പ്രതീക്ഷിച്ചിരുന്ന അടയാളം ലഭിച്ചു കഴിഞ്ഞു. അഭിഷിക്തനായ രക്ഷകൻ യേശു ആണെന്നു് അയാൾ അറിഞ്ഞു. യേശുവിനെ കാണിച്ചുകൊണ്ടു് അദ്ദേഹം വിളിച്ചു പറഞ്ഞു

"കണ്ടാലും! ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട് ഇതാ! എന്നേക്കാൾ ശക്തനായ ഒരുവൻ വരുവാനിരിക്കുന്നു എന്നു ഞാൻ നേരത്തെ പറഞ്ഞതു് ഇദ്ദേഹത്തെപ്പററി ആയിരുന്നു. ഞാൻ ജനിക്കുന്നതിനു മുമ്പു തന്നെ ഇദ്ദേഹം ഉണ്ടായിരുന്നു ജ്ഞാനസ്നാനവേളയിൽ ഒരു മാടപ്രാവിന്റെ രൂപത്തിൽ ആകാശത്തിൽ നിന്നു് പരിശുദ്ധാത്മാവു് ഇറങ്ങി അദ്ദേഹത്തിൽ നിറയുന്നതു് ഞാൻ കണ്ടു."

യോഹന്നാന്റെ പ്രധാന ദൗത്യം നിർവ്വഹിച്ചു കഴിഞ്ഞു. നാഥന്റെ ആഗമനത്തെ അറിയിക്കുകയും, നാഥനെ ലോകത്തിന് അസന്നിഗ്ദ്ധമായി കാണിച്ചു കൊടുക്കുകയും ചെയ്തു ശേഷം അയാളുടെ പ്രവർത്തനങ്ങൾക്ക വിഘ്നം നേരിട്ടു. ദുഷ്ടതയിലും സുഖലോലുപതയിലും മുഴുകി ജീവിച്ചിരുന്നവരെ, നിർദ്ദാക്ഷിണ്യമായി ഭർത്സിച്ചുവന്ന അദ്ദേഹം അന്ന് ഗലീലയിൽ അധികാരിയായിരുന്ന ഹേറോദേസിന്റെ പത്നി ഹിറോദിയായുടെ അതൃപ്തിക്കു പാത്രീഭവിച്ചു. ഭാര്യയുടെ പ്രേരണയ്ക്കു വശഗനായി ഹേറോദേസ് യോഹന്നാനെ ബന്ധിച്ചു കാരാഗൃഹത്തിലടച്ചു. തങ്ങളെ പരസ്യമായി കുററപ്പെടുത്തിവന്ന ഒരു ജനകീയ പ്രമാണിയെ ജനങ്ങളുടെ ഇടയിൽ നിന്നും മാററിയതിൽ ഫരിസേയരും നിയമജ്ഞരും വളരെ സന്തോഷിച്ചു. അവരും അയാളെ നിഗ്രഹിക്കുന്നതിന് പ്രേരണ നൽകി. യോഹന്നാന്റെ ബന്ധനം പത്തുമാസം മാത്രം ദീർഘിച്ചു മദോന്മത്തനായ ഭർത്താവിനെ സ്വപുത്രിയുടെ നൃത്തവൈദഗ്ദ്ധ്യത്താൽ മയക്കി അവരുടെ ഏതു് ആഗ്രഹവും സാധിച്ചുകൊടുക്കാമെന്ന് ഹിറോദിയാ വാഗ്ദാനം ചെയ്യിച്ചു. അനന്തരം അമ്മയുടെ ആഗ്രഹത്തിനു വിധേയയായി മകൾ യോഹന്നാന്റെ തല അച്ഛനോടു ആവശ്യപ്പെട്ടു. ഹേറോദേസ്സ് ഉടൻ തന്നെ ആ യോഗിയുടെ തല വെട്ടിക്കൊണ്ടുവന്നു പുത്രിക്കു കൊടുക്കുവാൻ രാജകിങ്കരന്മാർക്കു ആജ്ഞ നല്കി. അടുത്ത നിമിഷം രാജാജ്ഞ നിർവ്വഹിക്കപ്പെടുകയും ചെയ്തു.

## 8. യേശുവും ശിഷ്യന്മാരും

യേശുവിൻെറ ജീവിതം ഒരു പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കുന്നതിൻെറ പ്രാരംഭമായിരുന്നു. യോഹന്നാനുമായുള്ള സമാഗമവും യോർദ്ദാനിലെ 'ജ്ഞാനസ്നാനവും' വളർത്തച്ഛൻെറ മരണശേഷം നസറത്തിൽനിന്നും മാതാവിനോട് അനുമതിയും അനുഗ്രഹവും വാങ്ങി തൻെറ അമൂല്യമായ സേവനങ്ങൾ ലോകത്തിനു് സംഭാവന ചെയ്യുവാൻ യേശു ഇറങ്ങിയപ്പോൾ ആദ്യമായി അനുഷ്ഠിച്ച ഈ വിനയപ്രകടനം, തൻെറ ദിവ്യത്വത്തിൻെറ ഒരു പരസ്യപ്രകടനംകൂടിയായിരുന്നു. അവിടെനിന്നു് വീണ്ടും യേശു തപസ്സും ഉപവാസവും അനുഷ്ഠിക്കുന്നതിനായി ജനങ്ങളുടെ ഇടയിൽനിന്നും പിൻവാങ്ങി. നാൽപതു ദിവസത്തെ ഏകാഗ്രമായ ധ്യാനത്തിനും ഉപവാസത്തിനുംശേഷം അദ്ദേഹത്തിൻെറ മാനുഷികത്വം പൈശാചിക പ്രലോഭനങ്ങളാൽ പരീക്ഷിക്കപ്പെട്ടു. വിശന്നു തളർച്ച പ്രാപിച്ച ശരീരത്തിനു് ആവശ്യമായ അപ്പം ചുററംകിടന്ന കല്ലുകളെ രൂപാന്തരപ്പെടുത്തി നിർമ്മിക്കുവാനായി തൻെറ ദൈവികശക്തി ഉപയോഗിച്ചുകൂടെ എന്ന ചിന്ത ആദ്യമായി അദ്ദേഹത്തിൽ ഉണ്ടായി. അപ്പം കൊണ്ടുമാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു് എന്ന ആദ്ധ്യാത്മികബോധം ആ ശാരീരികമായ ഇച്ഛയെ പരാജയപ്പെടുത്തി. ജനതാമദ്ധ്യത്തിൽ എന്തെങ്കിലും ഒരു വലിയ അത്ഭുതം പ്രവർത്തിച്ചു് വലിയ ഒരു ഗോപുരത്തിൻെറ മുകളിൽ നിന്നു് താഴോട്ടു ചാടി വാനദൂത

ന്മാരുടെ സേവനവും ശുശ്രൂഷയും വെളിപ്പെടുത്തുതോ എന്നായി അടുത്ത പ്രേരണ. ന്യായമായ പ്രവൎത്തനമാൎഗ്ഗങ്ങളുള്ളപ്പോൾ അത്ഭുതം പ്രവൎത്തിക്കുന്നതു് ശരിയല്ല എന്ന ധൎമ്മബോധം ആ പരീക്ഷണത്തെയും തടഞ്ഞു. ആത്മീയമൂല്യങ്ങൾ നോക്കാതെ ഭൗതികസുഖസമൃദ്ധി നിറഞ്ഞ സാമ്രാജ്യങ്ങളുടെ ഉടമസ്ഥതയിൽ അഹങ്കരിച്ചു് ലൗകികൈശ്വൎയ്യങ്ങളുടെ സത്തയെ ആദരിക്കുക, എന്നു് അടുത്ത നിമിഷത്തിൽ ഒരു പ്രലോഭനംകൂടി. യേശുവിൻെറ ദിവ്യബോധം അധികാരത്തോടെ ഉണൎന്നു. പൈശാചികപ്രേരണകളിൽ അദ്ദേഹത്തിനു് അമൎഷം തോന്നി. ദൈവമായ തന്നെ പ്രലോഭിപ്പിക്കാൻ ശ്രമിക്കാതെ പിൻവാങ്ങുവാൻ അന്ധകാരശക്തികളോടു് അദ്ദേഹം ആജ്ഞാപിച്ചു. അനന്തരം ഉപവാസവും പ്രാൎത്ഥനയുംകൊണ്ടു് കൂടുതൽ ദൃഢമായിത്തീൎന്ന മനഃശക്തിയോടുകൂടി യേശു ജനങ്ങളുടെ ഇടയിലേക്കു വന്നു.

"യോഹന്നാൻ അപ്പോഴേക്കും ബന്ധനസ്ഥനായിരുന്നു. യേശു തിരിച്ചു് നസറത്തിലേക്കു പോയി. എന്നാൽ അവിടെ അധികം താമസിച്ചില്ല. അദ്ദേഹം അപ്പോൾ കുറേക്കൂടി വടക്കോട്ടു് നീങ്ങി ഗലീലക്കടലിൻെറ തീരത്തുള്ള കഫർണഹാമിൽ താമസം തുടങ്ങി.

ഗലീലക്കടലിൽക്കൂടി ധാരാളം മുക്കുവന്മാർ അവരുടെ ചെറുവഞ്ചികളിൽ കയറി മീൻപിടിക്കാൻ പോകുന്നതും തിരിച്ചുവരുന്നതും അദ്ദേഹം പതിവായി കണ്ടു. അവരുടെ ജീവിതരീതി അദ്ദേഹത്തിൻെറ

ഹൃദയത്തിൽ ചില നൂതനവികാരങ്ങൾ അങ്കുരിപ്പിച്ചു സാധുക്കൾ, മീൻപിടുത്തക്കാർ-അവരുടെ ശുദ്ധഗതിയും ആത്മാർത്ഥതയും അദ്ദേഹത്തെ സന്തോഷിപ്പിച്ചു. അവർ അദ്ദേഹത്തോടുകൂടി സ്ഥിരമായി ജീവിക്കണമെന്നു് അദ്ദേഹം ആഗ്രഹിച്ചു. അവരെക്കൊണ്ടു് പല മഹാകാര്യങ്ങളും നടത്തുന്നപക്ഷം, അതു് ലോകത്തിനു വലിയ ഒരു ഗുണപാഠമായിരിക്കുമെന്നു് അദ്ദേഹം കണ്ടു. മനുഷ്യർ വലിയ കാര്യങ്ങൾ സാധിക്കുന്നതു് അവരുടെ ആന്തരികമായ പ്രത്യേക സാമർത്ഥ്യമോ ഒന്നും കൊണ്ടല്ലെന്നും, ദൈവശക്തി അവരിൽ പ്രവർത്തിക്കുന്നതുകൊണ്ടാണെന്നും തെളിയിക്കുവാൻ പററിയ മാർഗ്ഗ , അജ്ഞരും, ദരിദ്രരും ആയ ഈ തൊഴിലാളികളെക്കൊണ്ടു് ലോകത്തിൽ താൻ സ്ഥാപിക്കുവാൻ വന്ന ഭരണക്രമം നിർവഹിക്കുകയാണെന്നു് അദ്ദേഹം മനസ്സിൽ ഉറച്ചു കടലിൽ വലവീശിക്കൊണ്ടിരുന്ന രണ്ടു ജോലിക്കാരെ അദ്ദേഹം സമീപിച്ചു. ഐകരൂപ്യമുള്ള അവരുടെ ആകൃതിയും പ്രകൃതിയും സംസാരവും മൂലം അവർ സഹോദരന്മാരായിരുന്നു എന്നു് മനസ്സിലാക്കുവാൻ യേശുവിനു് ദൈവികശക്തി ഒന്നും ആവശ്യമില്ലായിരുന്നു. അദ്ദേഹം അവരോടു് സ്വാതന്ത്ര്യമായി സംസാരിക്കത്തക്കവിധം അടുത്തു വന്നിട്ടു് പറഞ്ഞു "വരിക, നിങ്ങൾ എന്നെ അനുഗമിക്കുക. നിങ്ങളെ ഞാൻ മനുഷ്യരെ ബന്ധിക്കുന്ന മീൻപിടുത്തക്കാരാക്കാം."

ആ ദാശസഹോദരന്മാർ യേശുവിന്റെ നേരെ നോക്കി. അദ്ദേഹത്തിന്റെ വശീകരണശക്തി അവരറി

യാതെ തന്നെ അവരിൽ പ്രവർത്തിച്ചു കഴിഞ്ഞിരുന്നു മാതാപിതാക്കളെയോ ബന്ധുക്കളെയോ പററി അവർ ചിന്തിച്ചില്ല. അവരുടെ ജീവസന്ധാരണത്തിനുള്ള ഏകമാർഗ്ഗമായിരുന്ന വലകൾ പോലും അവർ സൂക്ഷിച്ചില്ല 'എന്നോടുകൂടി വരിക,'—അപരിചിതനായ ഒരു മഹാപുരുഷൻ അവരുടെ സഹവാസവും സാന്നിദ്ധ്യവും ആവശ്യപ്പെടുന്നു. അതുമാത്രം അവർ അറിഞ്ഞു അവർ ആ 'വിളി' സ്വീകരിച്ചു.' യേശുവിനെ അനുഗമിച്ചു ജോനാസിന്റെ പുത്രനായ സൈമൺ, സഹോദരൻ ആൻഡ്രൂ—യേശു തന്റെ ശിഷ്യസഞ്ചയത്തിന്റെ ബീജാവാപം ഇവർ വഴി ചെയ്തുകഴിഞ്ഞു. അദ്ദേഹം വീണ്ടും മുന്നോട്ടുനീങ്ങി. അടുത്തൊരു വള്ളത്തിൽ ഒരു വൃദ്ധനും രണ്ടു യുവാക്കന്മാരും കൂടി അവരുടെ വലകൾ നന്നാക്കിക്കൊണ്ടിരിക്കുന്നത് അദ്ദേഹം കണ്ടു വൃദ്ധനായ സബദിയെയും അദ്ദേഹത്തിന്റെ മക്കളായ ജെയിംസിനേയും, യോഹന്നാനേയും യേശു നേരത്തെ ദിവ്യജ്ഞാനം കൊണ്ടു് കണ്ടറിഞ്ഞിരുന്നു. അവരെയും അദ്ദേഹം തന്റെ കൂടെവരുന്നതിനു് ആംഗ്യം കാണിച്ചു പ്രഥമശിഷ്യന്മാരെപ്പോലെ ജെംയിസും യോഹന്നാനും വല തുടങ്ങിയ സമ്പാദ്യങ്ങളും സ്വപിതാവിനേയും മറന്നു് യേശുവിനെ അനുഗമിക്കുവാൻ തയ്യാറായി.

യേശുവിന്റെ ആഹ്വാനം തീർച്ചയായും സ്വഭാവാതീതമായിരുന്നു. തന്നെ അനുഗമിക്കുവാനുള്ള ഒരു ആംഗ്യം മാത്രം മതി ലൗകിക ബന്ധത്തിൽ ഏററം മുഴ

കിയിരുന്നവർ പോലും തന്നെ അംഗീകരിക്കുന്നതിനു്
എന്ന നിലയായി. മീൻപിടുത്തക്കാരെ മനുഷ്യവേട്ട
ക്കാരാക്കിയതുപോലെ, മനുഷ്യരെ പരിശോധിക്കുന്ന
വരെ, അദ്ദേഹം മനുഷ്യസ്നേഹികളും കരുണയുള്ളവരു
മായ അയല്ക്കാരാക്കി. ചെറുക്കകളിൽ കൂടി വസ്തുവക
കൾ കടത്തിക്കൊണ്ടു പോകുന്നവരെ പരിശോധിക്കു
കയും, അവരോടു നികുതി ഈടാക്കുകയും ചെയ്യുന്ന
ചുങ്കം പരിശോധകരിൽ ഒരാളെ യേശു ഒരിക്കൽ
കണ്ടു മററവരോടെന്നപോലെ അയാളോടും തന്നെ
അനുഗമിക്കാൻ ആജ്ഞാപിച്ചു അതുകേട്ട മാത്യൂ ഇരു
ന്നിടത്തു നിന്നു് എഴുന്നേററു. എങ്ങോട്ടെന്നോ, എന്തു
കൊണ്ടെന്നോ അയാൾ അന്വേഷിച്ചില്ല. സ്നേഹഭാവം
തിളങ്ങിയിരുന്ന യേശുവിൻെറ മുഖം.......അതു മാത്രം
അയാൾക്കു് മതിയായിരുന്നു. അയാളും യേശുവിൻെറ
പിന്നാലെ പോയി. ഇങ്ങനെ പല അവസരങ്ങളി
ലായി അദ്ദേഹം പലരെ തൻെറ സന്തതസഖാക്കളായി
ക്ഷണിച്ചു സ്വീകരിച്ചു. തോമസ്, ഫിലിപ്പ്, ബാർത്ത
ലോമ്യൂ, അൽഫേവൂസിൻെറ പുത്രനായ ജേംസ്,
തദ്ദേവൂസ്, സൈമൺ, യൂദാസ് ഇങ്ങനെ ഏഴുപേർ
കൂടി ചേർന്നു് പന്ത്രണ്ടു് ശിഷ്യന്മാർ "എന്നെ അനുഗ
മിക്കുക" എന്ന ക്ഷണം ആദ്യമായി ഔദ്യോഗികമായി
അംഗീകരിച്ചു്, യേശുവിനോടുകൂടി സ്ഥിരമായി
ജീവിക്കുവാൻ തയാറായി

# 9. യേശു കാനായിൽ

നസറത്തിൽ നിന്നു് ഉദ്ദേശം നൂറമൈൽ വടക്കുപടിഞ്ഞാറായി റ്റൈബീരിയസിൽ നിന്നും കഫർണഹാമിലേക്കുള്ള പാതയോടടുത്തു് 'കാനാ' എന്നു് ഒരു സ്ഥലം ഉണ്ടു്. യേശുവിന്റെ ശിഷ്യന്മാരിൽ ഒരാൾ കാനാ ദേശക്കാരൻ ആയിരുന്നു മേരിയുടെ അടുത്ത ചില ബന്ധുക്കളും കാനായിൽ ഉണ്ടായിരുന്നു. അതിൽ ഒരു ബന്ധുവിന്റെ ഒരു കല്യാണം ആഘോഷിച്ചു മേരി നേരത്തെ അന്വേഷണത്തിനും മററുമായി അവിടെ പോയിരുന്നു ക്ഷണം അനുസരിച്ചു് യേശുവും കല്യാണവിരുന്നിൽ സംബന്ധിച്ചു വിരുന്നു നടന്നുകൊണ്ടിരിക്കുമ്പോൾ അപ്രതീക്ഷിതമായി അവരുടെ വീഞ്ഞു് തീർന്നുപോയി. അതിഥികളിൽ ഒരു ഭാഗം വീഞ്ഞു കിട്ടാത്തവർ ആയിരുന്നു. വീട്ടുകാരുടെ ഈ വിഷമാവസ്ഥ കണ്ടു് മേരി യേശുവിനെ വിവരം അറിയിച്ചു യേശു മാതാവിന്റെ ആഗ്രഹം മനസ്സിലാക്കി പക്ഷേ അത്ഭുതങ്ങൾ പ്രവത്തിച്ചു തന്റെ ദിവ്യത്വം തെളിയിക്കുന്നതിനുള്ള സമയം ഇനിയും ആയിട്ടില്ല എന്നു് അദ്ദേഹം മേരിയെ അറിയിച്ചു. ശൂന്യതയിൽ നിന്നു് സമസ്തവും സൃഷ്ടിച്ച ദൈവത്തിനു് സമയവും സാഹചര്യങ്ങളും ഗണിക്കാതെ എന്തും ഉണ്ടാക്കുവാൻ കഴിയും എന്നു മേരി വിശ്വസിച്ചു. ദൈവപുത്രനായ തന്റെ വത്സലകുമാരൻ— മുപ്പതു വർഷത്തോളം തന്നെ അനുസരിച്ചും സ്നേഹിച്ചും സഹായിച്ചും നസ്രത്തിൽ ജീവിച്ച ആ ദിവ്യ

കുമാരൻ, യേശു—തൻെറ മിത്രങ്ങളുടെ ഈ നിസ്സഹായാവസ്ഥയിൽ അനുകമ്പയുള്ളവനായിരിക്കുമെന്നും അവൾ പറഞ്ഞു പക്ഷേ, 'എൻെറ പിതാവിൻെറ കാര്യങ്ങളിൽ ഞാൻ വ്യാപൃതനായിരിക്കണം എന്നു നിങ്ങൾക്കറിഞ്ഞുകൂടെ' എന്നു പതിനെട്ടു വർഷങ്ങൾക്കുമുമ്പ് യേശു ജറുസലേം ദേവാലയത്തിൽ വച്ചു തന്നെ മൂകയാക്കിയതുപോലെ അന്നും 'എൻെറ സമയമായില്ല' എന്നു് ഒരു അമ്മയുടെപോലും പ്രേരണാശക്തിയെ താൻ തടയുകയായിരുന്നു എന്നും മേരി കണ്ടു. വീണ്ടും യാതൊരു പ്രേരണയ്ക്കും ശ്രമിക്കാതെ മേരി മൗനയായി യേശുവിനെ നോക്കി. അർത്ഥഗർഭമായ നോട്ടങ്ങൾ—നിശ്ശബ്ദങ്ങളായ യാചനകൾ, യേശു അവയെ അംഗീകരിച്ചു. മാതാവിൻെറ ഇഷ്ടം എന്തോ അതു അനുഷ്ഠിക്കുമെന്നു് അദ്ദേഹത്തിൻെറ മുഖഭാവത്തിൽനിന്നും മേരി മനസ്സിലാക്കി. ഉന്മേഷത്തോടും ഒരു ശക്തനായ പുത്രൻെറ അമ്മയുടെ കൃതാർത്ഥതയോടുംകൂടി ആ വീട്ടിലെ വേലക്കാരെ വിളിച്ചു യേശു കല്പിക്കുന്നതു് എല്ലാം അനുസരിക്കുവാൻ നിർദ്ദേശിച്ചു.

യഹൂദാചാരമനുസരിച്ചു് പ്രാർത്ഥിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും മററു് ഏതെങ്കിലും ചെയ്യുന്നതിനും മുമ്പും പിമ്പും കൈകാലുകൾ കഴുകി ശുദ്ധിവരുത്തണമെന്നു നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടു് കല്യാണവിരുന്നുകളിലും മററും പന്തലിൽ ധാരാളം വെള്ളം കോരിവയ്ക്കുക പതിവായിരുന്നു. ഈ കല്യാണവിരുന്നിൽ ആറു വലിയ കൽഭരണികൾ നിറയെ

വെള്ളം കരുതിയിരുന്നു ഓരോന്നും ശരാശരി ഇരുപത്തിയഞ്ചു ഗ്യാലൻവെള്ളം കൊള്ളാവുന്ന ഭരണികളായിരുന്നു സദ്യ ഏകദേശം അവസാനിക്കാറായിരുന്ന ആ സമയത്തു് അവ മിക്കവാറും ഒഴിഞ്ഞിരുന്നു.

യേശു ഗൃഹത്തിലെ സേവകരെ അരികത്തു വിളിച്ചു് ആ ഭരണികളിൽ വീണ്ടും വെള്ളം നിറയ്ക്കുവാൻ ആജ്ഞാപിച്ചു. അവർ അതുപോലെ ചെയ്തു. അനന്തരം ആ വെള്ളം പകർന്നു അതിഥികൾക്കു വീഞ്ഞിനു പകരം കൊടുക്കുവാൻ യേശു അവരോടു പറഞ്ഞു.

ആ നിമിഷത്തിൽ പ്രകൃതിനിയമങ്ങൾക്കു് അതീതമായ ഒരു അസാധാരണസംഭവം അവിടെ നടന്നു. ഭരണികളിൽ സേവകന്മാർ കോരി നിറച്ചിരുന്ന വെള്ളം അതിഥികൾക്കു പകർന്നു കൊടുത്തപ്പോൾ അതു മധുരമേറിയ വീഞ്ഞായി രൂപാന്തരപ്പെട്ടിരുന്നു. നേരത്തെ അവിടെ ഉണ്ടായിരുന്ന വീഞ്ഞിനേക്കാൾ കൂടുതൽ രുചികരമായ വീഞ്ഞു് അതു രണ്ടും രുചിച്ചു നോക്കിയവർ. അവസാനം കിട്ടിയ വീഞ്ഞിൻെറ ഗുണക്കൂടുതൽ കണ്ടു് അത്ഭുതപ്പെട്ടു. സാധാരണ എല്ലാവരും നല്ല വീഞ്ഞു് ആദ്യവും ഗുണം കുറഞ്ഞ വീഞ്ഞു് അവസാനവും വിളമ്പുകയാണു് ചെയ്യുക ഇവിടെയാകട്ടെ നല്ല വീഞ്ഞു് അവസാനം മാത്രം വിളമ്പിയതുപോലെ അവർക്കു തോന്നി.

മേരി കൃതാർത്ഥയായി. യേശു തൻെറ മനുഷ്യാവതാരം ലോകത്തെ സംശയാതീതമായി ബോദ്ധ്യപ്പെടുത്തുവാനും ലോകത്തിനു് നന്മ ചെയ്യുവാനും തിരു

മനസ്സായ നിരവധി അത്ഭുത പ്രവൃത്തികളിൽ ഒന്നാമത്തേതു് അവിടെ നിർവഹിക്കപ്പെട്ടു. സമയമാകുന്നതിനു മുമ്പുപോലും മാതാവിൻെറ ഹിതം അനുഷ്ഠിക്കുവാൻ തയ്യാറായ യേശു ലോകത്തിനു് അവിസ്മരണീയമായ ഒരു മാതൃകയും നൽകി. കുടുംബജീവിതത്തിൻെറയും കുടുംബബന്ധങ്ങളുടെയും മാഹാത്മ്യവും പവിത്രതയും പ്രത്യക്ഷപ്പെടുത്തുവാൻ ഒരു കുടുംബത്തിൽകൂടി ലോകരംഗത്തുവന്ന ദൈവപുത്രൻ, ഒരു കുടുംബത്തിൻെറ അഭിമാന സംരക്ഷണത്തിനു് ആവശ്യപ്പെടുന്നപക്ഷം അത്ഭുതങ്ങൾ പ്രവർത്തിക്കാൻ പോലും തയാറാകുമെന്നു് കാണിച്ചുകൊടുത്തു് ആകാശത്തിലും ഭൂമിയിലും ഉള്ള സകല വസ്തുക്കളുടേയും മേൽ തൻെറ പിതാവു് തനിക്കു് അധീശത്വം നല്കിയിരിക്കുന്നു എന്നു് ജനങ്ങളുടെ മുമ്പിൽ സ്ഥാപിക്കുവാനും യേശുവിനു കഴിഞ്ഞു. ദൈവത്തിൻെറ മഹത്വം ജനങ്ങൾക്കു് കൂടുതൽ ബോദ്ധ്യപ്പെടുകയും ശിഷ്യന്മാൎക്കു് യേശുവിലുള്ള വിശ്വാസം കൂടുതൽ ദൃഢമാകുകയും ചെയ്തു.

കാനായിലെ അവിസ്മരണീയമായ കല്യാണത്തിനു ശേഷം യേശുവും മാതാവും, ബന്ധുക്കളും ശിഷ്യന്മാരുംകൂടി കഫർണഹാമിലേയ്ക്കു പോയി. യേശു നേരത്തെതന്നെ നസറത്തിൽ നിന്നും അക്കന്നു് അവിടെ സ്ഥിരതാമസമാക്കിയിരുന്നു. തൻെറ ശിഷ്യന്മാരിൽ ചിലർ സമീപസ്ഥമായ ബത്ത്സെയ്ദാ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു വന്നവരായിരുന്നു.

അവരിൽ പലരും യേശുവിനോടുകൂടി കഫർണഹാമിൽതന്നെ ജീവിച്ചു യേശുവിൻെറ സ്വന്തം നഗരം അഥവാ പട്ടണം എന്നു പറയുവാൻ ഒന്നുണ്ടെങ്കിൽ അതു് കഫർണഹാം അത്രെ. ലോകരക്ഷാർത്ഥമുള്ള അദ്ദേഹത്തിൻെറ പരസ്യജീവിതകാലത്തു് അദ്ദേഹം മുഖ്യമായി താമസിച്ചിരുന്ന ഈ ദേശത്തിനു് തൻെറ 'സ്വന്തനഗരം' എന്നു് കരുതുവാൻ മററതിനേക്കാളും കൂടുതൽ അവകാശമുണ്ടു്.

---

## 10. യേശു ജറുശലേമിൽ

യേശു കാനായിൽ നിന്നും കഫർണഹാമിൽ തിരിച്ചു വന്ന ഉടനെ പെസഹാതിരുനാൾ സംബന്ധിച്ചു് ജറുസലേമിലേയ്ക്കു പോയി. ജറുസലേമിലെ ദേവാലയ പ്രാന്തങ്ങളിൽ പതിവായി നടന്ന കച്ചവടം പലപ്പോഴും അദ്ദേഹത്തെ അസഹ്യപ്പെടുത്തിയിട്ടുണ്ടു്. 'ഇനിയും സമയമായില്ല' എന്നു കണ്ടു് അദ്ദേഹം അന്നു് എല്ലാം ക്ഷമിച്ചു.

ഇപ്രാവശ്യം അദ്ദേഹം ദേവാലയത്തിൽ വന്നപ്പോൾ പതിവുപോലുള്ള കച്ചവടത്തിൻെറ ബഹളം അവിടെ കണ്ടു. ദേവാലയത്തിൻെറ പ്രധാന ഭാഗം ഒഴിച്ചു് അകവും പുറവും പരിസരങ്ങളും ആട്ടിൻപററങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. അവയുടെ സ്വരവും

ക്രയവിക്രയം നടത്തുന്നവരുടെ വിലപേശലും, പല സ്ഥലത്തുനിന്നും വന്ന ആളുകൾ പണം മാറി ജരുസലേമിൽ നടപ്പിലിരുന്ന നാണയങ്ങൾ വാങ്ങുന്ന ബഹളവും എല്ലാം കൂടി അവിടം ഒരു വലിയ ചന്തസ്ഥലം പോലെ കാണപ്പെട്ടു. വിശുദ്ധ സ്ഥലത്തുനിന്നുള്ള പ്രാർത്ഥനാശീതങ്ങൾ വ്യാപാരികളുടെ വിലപേശലിൽ അടഞ്ഞു പോയിരുന്നു. വിശുദ്ധ സങ്കേതങ്ങളിലെ വിളക്കുകളും ചന്തസ്ഥലത്തെ പന്തങ്ങളെ അപേക്ഷിച്ചു് നിസ്സാരങ്ങളായി കാണപ്പെട്ടു. എന്തു്? പിതാവായ ദൈവത്തെ ബഹുമാനിക്കുവാൻ ഉയർത്തപ്പെട്ട ഈ ബ്രഹ്മാണ്ഡ ദേവാലയം വെറും ഒരു കച്ചവടശാലയായിത്തീരുകയോ? സ്വന്തം പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടിയിരുന്ന യേശു ഇതെല്ലാം കണ്ടു് ക്ഷമയററവനായി കയ്യിൽ കിട്ടിയ ഒരു കയറു് മടക്കി ചാട്ടപോലെ വളച്ചു് പിടിച്ചു്, കണ്ണിൽ കണ്ട കച്ചവടക്കാരെയെല്ലാം അദ്ദേഹം അടിച്ചു ഓടിച്ചു അമിതമായ പലിശ വാങ്ങി സാധുക്കളെ ചൂഷണം ചെയ്തുപോന്ന പണവ്യാപാരികളുടെ മേശയെല്ലാം തട്ടിമറിച്ചു. അവരുടെ നാണയങ്ങൾ മേശപ്പുറത്തു നിന്നും തെറിച്ചു കിലുകിലാരവത്തോടെ തറയിൽ കൂടി നാലുവശത്തേയ്ക്കും ചിതറി. തികഞ്ഞ നീതിബോധത്തോടെ യേശു വ്യാപാരോത്സുകർ മാത്രമായിരുന്ന ആ ജനങ്ങളെയും, ആദായത്തിലോഹരി കാംക്ഷിച്ചു കൊണ്ടു് ദേവാലയ പരിസരങ്ങളെ ചന്തസ്ഥലമാക്കുവാൻ അനുവദിച്ചു കൃത്യവിലോപികളായ ആചാര്യന്മാരേയും അതികഠിനമായി ശാസിച്ചു.

"എൻെറ പിതാവിൻെറ ഭവനം പ്രാർത്ഥനയുടെ ആലയമാകുന്നു. എന്നാൽ നിങ്ങൾ അതു് കള്ളന്മാരുടെ ഒരു ഗുഹയാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നു എൻെറ പിതാവിൻെറ ആലയത്തെ നിങ്ങൾ വെറും ഒരു വ്യാപാരശാലയാക്കുന്നു."

പ്രവചനങ്ങൾ മനഃപാഠമാക്കിയിരുന്ന മഹാചാര്യന്മാർക്കു് 'കള്ളന്മാരുടെ ഗുഹ' എന്ന വാക്കുകൾ പരിചിതമായിരുന്നു. ജറമിയാ എന്ന പ്രവാചകൻ ഈ ദയനീയമായ അധഃപതനത്തെപ്പററി മുന്നറിയിപ്പു നൽകിയിരുന്നു. പക്ഷേ പ്രവാചകൻെറ സ്വരം അവഗണിക്കത്തക്കവിധം വിദൂരസ്ഥവും, നാണയങ്ങളുടെ കിലുക്കം ഏററം ആകർഷമായി സമീപസ്ഥവും ആയിരുന്നു. അതുകൊണ്ടു് ആചാര്യന്മാർ ഈ കച്ചവടത്തിനു് അതിൻെറ കൊള്ളരുതായ്മ അറിഞ്ഞുകൊണ്ടുതന്നെ കൂട്ടുനില്ക്കുകയായിരുന്നു.

ദേവാലയത്തെ അശുദ്ധമാക്കിയവരെ യേശു അധികാരസമേതം അടിച്ചോടിച്ചതു കണ്ടു് ആചാര്യന്മാരും ജനങ്ങളും ഒന്നുപോലെ അത്ഭുതപ്പെട്ടു. യേശുവിൻെറ തൻേറടത്തോടുകൂടിയുള്ള പെരുമാററം ശരിയാണെന്നു് എല്ലാവരും സമ്മതിച്ചു അദ്ദേഹത്തിൻെറ ശാസനയിലോ ശിക്ഷണത്തിലോ അസംഗതമായി ഒന്നും അവർ കണ്ടില്ല. എന്നാൽ വളരെ നാളുകളായി ദേവാലയാധികൃതർ മൗനാനുവാദം നൽകി പോഷിപ്പിച്ചു വന്ന ഈ വ്യാപാരം ഇത്ര സ്പഷ്ടമായി പ്രതിരോധിക്കുവാൻ യേശുവിനുള്ള അധികാരം മാത്രം ചോദ്യം

ചെയ്യാവുന്നതായി അവർ കണ്ടു. അവർ കൂട്ടംകൂടി യേശുവിനെ സമീപിച്ചു ചോദിച്ചു.

'ഇങ്ങനെ ദേവാലയത്തിൽ അധികാരപൂർവ്വം പെരുമാറുവാൻ നിനക്കു് കാര്യമെന്തു്? നിനക്കു് അതിനു് അധികാരമുണ്ടെന്നു് തെളിയിക്കുന്ന ഏതെങ്കിലും അടയാളം നീ ഞങ്ങളെ കാണിക്കുക.'

'അടയാളം!'—യേശു ആത്മഗതംകൊണ്ടു. അവിസ്മരണീയവും അസന്നിഗ്ദ്ധവുമായ അടയാളം ഞാൻ ഇവക്കു നല്കാം. പക്ഷേ ഇപ്പോൾ അതിനു് സമയമായില്ല എല്ലാം കാലത്തിന്റെ പൂർണ്ണതയിൽ സംഭവിച്ചുകൊള്ളും. എങ്കിലും അവർ ആവശ്യപ്പെട്ടതിനു് തക്ക ഒരു അടയാളം ഉടനെ തന്നെ സൂചിപ്പിക്കാമെന്നു് യേശു നിശ്ചയിച്ചു. മാറിൽ കൈവച്ചുകൊണ്ടു് അദ്ദേഹം അരുളിച്ചെയ്തു.

“ഈ ദേവാലയം നിങ്ങൾ നശിപ്പിക്കുക. മൂന്നാം ദിവസത്തേക്കു് അതു ഞാൻ വീണ്ടും പൂർവ്വസ്ഥിതിയിലാക്കാം.”

അതുകേട്ടവർ പുച്ഛരസത്തിൽ ചിരിച്ചു. നാല്പതിയാറുകൊല്ലംകൊണ്ടു് അവർ കെട്ടി ഉയർത്തിയ ബ്രഹ്മാണ്ഡദേവാലയം ഇടിച്ചുപൊളിച്ചാൽ മൂന്നു ദിവസംകൊണ്ടു് ഗലീലയിലെ ഈ കൊച്ചുതച്ചൻ പണിതീക്കുമെന്നു്! അവക്കു് അതു് വിശ്വസിക്കുവാനോ മനസ്സിലാക്കുവാനോ കഴിഞ്ഞില്ല.

യേശുവിനെ ജരുസലേം കണ്ടു. അധികാരം നിറഞ്ഞ ഒരു മനുഷ്യൻ—ദൈവാലയത്തെ ചന്തസ്ഥലമാ

ക്കിയ കച്ചവടക്കാരെ ക്ഷണത്തിൽ ആട്ടിപ്പായിക്കുവാൻ ധൈര്യം ഉണ്ടായിരുന്ന ഒരു വ്യക്തി—ബ്രഹ്മാണ്ഡമായ ദേവാലയത്തെ ഇടിച്ചുപൊളിച്ചാൽ മൂന്നു ദിവസംകൊണ്ടു് അതു വീണ്ടും പണിയാൻ കഴിയുന്ന അതിമാനുഷികമായ ഒരു ദിവ്യപ്രാഭവം—ശക്തി--അവർ അതിന്റെ മുമ്പിൽ മൂകരായി. ഓരോരുത്തർ രഹസ്യമായോ പരസ്യമായോ അദ്ദേഹത്തിന്റെ പക്കൽ ചെന്നു. രക്ഷാമാർഗ്ഗത്തെയും യോഹന്നാന്റെ ഉപദേശങ്ങളുടെയും ജ്ഞാനസ്നാനത്തിന്റെയും സ്വഭാവത്തെയും വ്യാപ്തിയെയും പററി അവർ അന്വേഷിച്ചു. അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ പലതും അവർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും യേശുവിന്റെ ഈ ജരുസലേം സന്ദർശനത്തോടുകൂടി അനേകായിരം ജനങ്ങൾ അദ്ദേഹത്തെ അറിയുകയും വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്തു.

## 11. യേശുവും സമേരിയാക്കാരിയും

യേശു ജെറുസലേമിൽ നിന്ന് ഗലീലയിലേക്ക് മടങ്ങുന്ന വഴി സമേരിയായിലുള്ള സിക്കാർ എന്ന സ്ഥലത്ത് ഒരു കിണററിൻകരെ അല്പസമയം വിശ്രമിച്ചു തൻെറ ശിഷ്യന്മാർ ഭക്ഷണം അന്വേഷിച്ചു അവിടെ നിന്നും പട്ടണത്തിലേക്കു പോയി. അപ്പോാം സമേരിയാക്കാരിയായ ഒരു സ്ത്രീ വെള്ളം കോരുന്നതിന് അവിടെ വന്നു. കുടിക്കുന്നതിന് കുറച്ചു വെള്ളം വേണമെന്നു യേശു ആ സ്ത്രീയോട് ആവശ്യപ്പെട്ടു സമേരിയാക്കാരോട് ഒരു യഹൂദ ഗുരു കുടിക്കാൻ വെള്ളം ചോദിക്കുക! അവാം വിസ്മയാധീനയായി. യഹൂദന്മാരും സമേരിയാക്കാരും തമ്മിൽ വലിയ വിരോധം ആയിരിക്കെ, ഈ ചോദ്യം അവളെ വിഷമിപ്പിച്ചു യേശു സ്നേഹപൂർവ്വം അവളോട് സംസാരിച്ചു ഒന്നിനു പുറകെ ഒന്നായി അഞ്ചു പുരുഷന്മാരോടുകൂടി ജീവിച്ചു വരുന്ന ദുർവ്വൃത്തമായ ആ സ്ത്രീയെ അവളുടെ ഹീനകൃത്യത്തെ അനുസ്മരിപ്പിച്ചുകൊണ്ടു അവാംക്കു അനുഗ്രഹം സദുപദേശം നൽകി. അവാം വിസ്മിതയായി. ഭയഭക്തി ആദരങ്ങാം അവാം പ്രകടിപ്പിച്ചു യേശു ഒരു പ്രവാചകനാണെന്ന് അവാം പറഞ്ഞു പക്ഷേ അവളുടെ പൂർവ്വികന്മാർ സമേരിയാ കുന്നുകളിലുള്ള ദൈവിക ശക്തിയെ ആരാധിച്ചിരുന്നതിനാൽ യേശുവിനെപ്പോലുള്ള യഹൂദന്മാർ ജെറുസലേം ദേവാലയത്തിൽ യഹോവയെ ആരാധിക്കുന്ന പതിവ് അവാംക്ക് സ്വീകാര്യമല്ലെന്ന് അവാം സൂചിപ്പിച്ചു.

2013

അരൂപിയെങ്കിലും സത്യസ്വരൂപിയായ ദൈവത്തെ പ്രത്യേക സ്ഥലങ്ങളിലല്ല, ഹൃദയത്തിന്റെ ആത്മാർത്ഥതയിലാണ് ശരിയായി ആരാധിക്കേണ്ടതു് എന്നു യേശു അവളെ ധരിപ്പിച്ചു. അതുപോലുള്ള സത്യാവസ്ഥകൾ വിശദമാക്കുന്ന ഒരു രക്ഷകനെ അവൾ പ്രതീക്ഷിച്ചിരിക്കുന്നു എന്നു് അവൾ തുടർന്നു 'എന്നാൽ നീ പ്രതീക്ഷിക്കുന്ന ആ അഭിഷിക്തൻ, ക്രിസ്തു ഞാനാകുന്നു.'

സ്ത്രീ പെട്ടെന്നു് ഉദ്ബുദ്ധയായി. അവൾ വെള്ളം നിറയ്ക്കുവാൻ കൊണ്ടുവന്ന ഭരണി അവിടെ വച്ചിട്ടു് അടുത്തുള്ള പട്ടണത്തിലേയ്ക്കോടി. അവൾക്കു് പരിചയമുണ്ടായിരുന്നവരോടു് വിളിച്ചു പറഞ്ഞു, "എന്റെ ജീവിതരഹസ്യങ്ങൾ എല്ലാം ഞാൻ പറയാതെ അറിയുന്ന ഒരു മഹാഗുരു—അതാ വന്നിരിക്കുന്നു. നിങ്ങൾ വന്നു കാണുക. വരുവാനിരിക്കുന്ന രക്ഷകൻ ഇയാൾ ആയിരിക്കുമോ?" അവൾ വീണ്ടും യേശുവിന്റെ പക്കലേക്കു വന്നു. ആ സ്ത്രീയെ അനുഗമിച്ചു് പലരും യേശുവിനെ കാണുവാൻ ഓടിക്കൂടി. സ്ത്രീ നല്കിയ സാക്ഷ്യം വഴിയല്ലാതെയും പലരും യേശുവിന്റെ ദിവ്യദൌത്യത്തിൽ വിശ്വസിച്ചു് അദ്ദേഹത്തെ സ്നേഹിച്ചു. അവരോടുകൂടി കുറെ ദിവസം അവിടെ താമസിക്കണമെന്നു് അവർ അദ്ദേഹത്തോടു് അഭ്യർത്ഥിച്ചു. അതനുസരിച്ചു് അവിടെ അദ്ദേഹം രണ്ടു ദിവസം താമസിച്ചു. അനന്തരം യേശു ഗലീലയിലേക്കു പോയി.

★

# 12. യേശു വീണ്ടും കാനായിൽ

ഗലീലക്കാരിൽ പലരും ജെറുസലേമിൽ വെച്ച് യേശു അധികാരത്തോടെ ദേവാലയത്തെ ക്രമപ്പെടുത്തുന്നതും മററും കണ്ടവരായിരുന്നു. പ്രാദേശികമായ ഒരു അഭിമാനത്തോടെ അക്കഥയെല്ലാം അവിടെ പ്രചരിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് വളരെ ഉല്ലാസപൂർവം ഗലീല യേശുവിനെ സ്വാഗതം ചെയ്തു. അദ്ദേഹം ജെറുസലേമിൽ വെച്ച് ധാരാളം അത്ഭുതങ്ങൾ പ്രവത്തിച്ച് രോഗികളെ സുഖപ്പെടുത്തുക തുടങ്ങി അനേകം നല്ല പ്രവത്തികൾ ചെയ്തു എന്ന് അവർ വിശ്വസിച്ചിരുന്നു.

യേശുവിൻെറ മടക്കയാത്രയിൽ അദ്ദേഹം കാനായിലെത്തി. അപ്പോൾ കഫർണഹാമിൽ മരണാസന്നനായി കിടക്കുന്ന സ്വപുത്രനെ സുഖപ്പെടുത്തി രക്ഷിക്കുവാൻ ഓടിവരണമേ എന്ന് ഒരാൾ യേശുവിനോടപേക്ഷിച്ചു. എന്നാൽ അടയാളങ്ങളും അത്ഭുതങ്ങളും അനുഗ്രഹങ്ങളും കണ്ടും സ്വീകരിച്ചും മാത്രം യേശുവിനെ വിശ്വസിക്കാൻ തയ്യാറായിരുന്ന അയാളെപ്പോലുള്ള ജനങ്ങളെ യേശു പ്രോത്സാഹിപ്പിക്കുവാൻ മടിച്ചു. പക്ഷേ കുട്ടിയുടെ പിതാവ് വീണ്ടും നിർബന്ധബുദ്ധിയോടെ, 'ഗുരോ എൻെറ കുഞ്ഞ് മരിക്കുന്നതിനു മുമ്പ് അങ്ങു വന്നാലും' എന്ന് ആവലാതിപ്പെട്ടു. യേശുവിനു് അയാളോട് അനുകമ്പ തോന്നി. "നിങ്ങളുടെ പുത്രൻ ജീവിക്കുന്നു" അദ്ദേഹം അയാളെ ആശ്വസിപ്പിച്ചു. യേശുവിൻെറ ദൃഢമായ സ്വരം അയാളെ

സമാധാനപ്പെടുത്തി ഏറെത്താമസിയാതെ സേവകന്മാർ ഓടിവന്നു് പുത്രൻ സുഖപ്പെട്ട വിവരവും സമയവും അയാളെ അറിയിച്ചു. യേശു കാനായിൽ വച്ചു് രണ്ടാമത്തും ഒരു അത്ഭുതം പ്രവർത്തിച്ചു എന്നു് എല്ലാവർക്കും ബോദ്ധ്യമായി.

---

## 13. യേശു കഫർണഹാമിൽ

യേശു പിന്നീടു് കഫർണഹാമിലേക്കു പോയി. അവിടെ താമസിച്ചുകൊണ്ടു് അദ്ദേഹം ഒരു പുതിയ പ്രവർത്തനം ആരംഭിച്ചു. ഗലീലയിൽ പല സ്ഥലങ്ങളിലും ഉണ്ടായിരുന്ന പ്രാർത്ഥനാലയങ്ങളിൽ പ്രവേശിച്ചു് അവിടെ കൂടിയവർക്കു് ഉപദേശവും മറ്റു നിർദ്ദേശവും നല്കുകയായിരുന്നു അതു്. പട്ടണങ്ങൾതോറും ഉണ്ടായിരുന്ന ഈ പ്രാർത്ഥനാലയങ്ങളിൽ എല്ലാ ദിവസവും കുറഞ്ഞപക്ഷം ശാബത്തു് ദിനങ്ങളിലെങ്കിലും യഹൂദന്മാർ കൂട്ടം കൂടുകയും, ആചാര്യന്മാർ വിശുദ്ധഗ്രന്ഥങ്ങൾ വായിക്കുകയും പതിവായിരുന്നു. അതിനുശേഷം ആർക്കെങ്കിലും അഭിപ്രായം പറയുന്നതിനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. യേശു ഈ അഭിപ്രായപ്രകടനത്തിനുള്ള അവസരങ്ങൾ ഒന്നും പാഴാക്കിയില്ല. ഈ പ്രാർത്ഥനാലയങ്ങൾ മാത്രമായിരുന്നില്ല യേശുവിന്റെ പ്രസംഗവേദികൾ. നാലുപേർ ഒരുമിച്ചുകൂടുന്ന സ്ഥലങ്ങളിലെല്ലാം ഉപദേശം നൽകുവാൻ അദ്ദേഹം തയ്യാറായി. സ്നേഹിതന്മാരുടെ

വീടുകളിൽ, അവരുടെ ആഘോഷങ്ങളിൽ, പൊതുനിരത്തുകളിൽ, അദ്ദേഹത്തെ അന്വേഷിച്ചുവരുന്ന ആൾക്കൂട്ടത്തോട്, അദ്ദേഹത്തെ അറിയാതിരുന്ന ജനാവലിയോട്, ഇങ്ങനെ സദാ സമയവും സകല സ്ഥലത്തും മനുഷ്യരെ സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന ഉപദേശങ്ങൾ നൽകുവാൻ അദ്ദേഹം ബന്ധപ്പെട്ടു. യേശുവിൻെറ ഉപദേശങ്ങളും പ്രസംഗങ്ങളും പലസ്തീനായിൽ പ്രകീർത്തിതങ്ങളായി. അവയിൽ സംബന്ധിക്കുവാൻ വലിയ ജനക്കൂട്ടങ്ങൾ പല സ്ഥലങ്ങളിൽ നിന്നും ഗലീലയിൽ ഓടി എത്തി. തെക്ക് ജെറുസലേമിൽ നിന്നും, യൂദയായിൽ നിന്നും ഇദുമിയായിൽ നിന്നും കിഴക്ക് യോർദ്ദാൻെറ മറുകരയിൽ നിന്നും വടക്കു കടൽത്തീരത്തുള്ള ടയർ, സിദോൺ തുടങ്ങിയ പട്ടണങ്ങളിൽ നിന്നും ഗലീലയിലേയ്ക്കു അസംഖ്യമായി ജനങ്ങൾ വന്നുകൊണ്ടിരുന്നു.

ജനങ്ങൾക്ക് അന്നുവരെ പരിചിതരായിരുന്ന ആചാര്യന്മാർ പഴയ നിയമഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുകമാത്രമേ ചെയ്യുള്ളൂ. നിയമഗ്രന്ഥങ്ങളുടെ അധികാരം പാലിക്കുവാനാണ് അവർ ശ്രമിച്ചതു്. എന്നാൽ യേശു അധികാരസമേതം പുത്തനായി പലതും പഠിപ്പിച്ചു പഴയ നിയമത്തിലെ കാര്യങ്ങൾ ശരിയാണെന്നു് ഉറപ്പിച്ചുപറയുവാനും, അതിൽ പരിഷ്കരിക്കേണ്ടവ പരിഷ്കരിക്കുവാനും ഉള്ള അവകാശവും അധികാരവും കഴിവും തനിയ്ക്കു് ഉണ്ടെന്നു് അദ്ദേഹത്തിൻെറ പ്രവൃത്തികൾ വിളിച്ചുപറഞ്ഞു. ജനങ്ങൾ

ക്ക് നിഷേധിക്കാൻ വയ്യാത്തവിധം അത്ര ശക്തമായിരുന്നു യേശുവിന്റെ ഉപദേശങ്ങളും മാതൃകയും.

സാധാരണക്കാരായ മനുഷ്യൎക്കു്, വിശ്വാസം കൂടുതൽ ദൃഢമാക്കുന്നതിനു് യേശു തന്റെ ദൈവികശക്തിയേയും പരസ്യമായി കാണിച്ചുകൊടുത്തു. ഒരിക്കൽ കഫർണ്ണിഹാമിൽവച്ചു് പിശാചു ബാധിതനായ ഒരുവനെ സ്വസ്ഥനാക്കി. അടുത്ത ഒരു ദിവസം തന്റെ പ്രിയപ്പെട്ട ശിഷ്യന്റെ ഭാൎയ്യയുടെ മാതാവു് സുഖക്കേടായിരിക്കുന്ന വിവരം അറിഞ്ഞു് അവിടെച്ചെന്നു് അവരുടെ സുഖക്കേടു് ക്ഷണത്തിൽ നീക്കി, അവരെ അടുക്കളജോലിക്കു പറഞ്ഞയച്ചു വിസ്മയാവഹമായ ഈ വൃത്താന്തങ്ങൾ കാട്ടുതീപോലെ നാട്ടിൽ പരന്നു. രോഗികളും പിശാചുബാധിതരും ആയി നിരവധി ആളുകൾ ചിലർ സ്വമനസ്സാലെയും, ചിലർ ബന്ധുക്കളുടെ പ്രേരണമൂലവും—യേശുവിന്റെ സന്നിധിയിൽ എത്തി. അദ്ദേഹം അവരുടെ ഇടയിൽ നിന്നും അകന്നുപോകരുതേ എന്നു് അവർ അപേക്ഷിച്ചു. തന്റെ ദൌത്യം ഒരു പ്രത്യേക സ്ഥലത്തിനോ, വിഭാഗത്തിനോ മാത്രമല്ലാത്തതുകൊണ്ടു് താൻ പലസ്തീനായിൽ പലയിടത്തും പോകുവാൻ ഉറച്ചിരിക്കുന്നു എന്നു് അവരോടു് സമാധാനം പറഞ്ഞു. വീണ്ടും സൽകൎമ്മങ്ങളുടെ നിർവാഹകനായി അദ്ദേഹം ഗലീലയിൽ കൂടി സഞ്ചാരം തുടൎന്നു. ഒരിക്കൽ ഒരു കുഷ്ഠരോഗി അദ്ദേഹത്തെ സമീപിച്ചു നികൃഷ്ടമായ ആ രോഗം പിടിപെട്ടവർ ജനങ്ങളുടെ ഇടയിൽ

നിന്നും അകന്നു് ജീവിച്ചിരുന്നു എങ്കിലും അവരും യേശുവിൻെറ അസാധാരണ ശക്തികളെപ്പററി കേട്ടിരുന്നു. അങ്ങനെ യേശുവിൻെറ കാരുണ്യത്തിലും ശക്തിയിലും വിശ്വാസം തോന്നിയ ആ രോഗി ആശയോടെ യേശുവിനോട്ട് പറഞ്ഞു. "നാഥാ, അങ്ങു മനസ്സാകുന്ന പക്ഷം അങ്ങേയ്ക്കു് എന്നെ സ്വസ്ഥനാക്കുവാൻ കഴിയും." ആ രോഗിയുടെ ഭയാനകമായ നികൃഷ്ടാവസ്ഥയിൽ യേശു സഹതപിച്ചു സ്നേഹത്തോട്ട് കൂടി അയാളുടെ അടുത്തു ചെന്നു്, അയാളുടെ ദേഹത്തു് തലോടിക്കൊണ്ടു് അദ്ദേഹം പറഞ്ഞു! "ഞാൻ മനസ്സാകുന്നു. നീ സുഖം പ്രാപിക്കുക" അതുവരെ ദുർഗ്ഗന്ധപൂർണ്ണമായിരുന്ന രോഗിയുടെ ശരീരം ക്ഷണത്തിൽ അരോഗദൃഢമായി അയാൾ കൃതജ്ഞതാഭാരം കൊണ്ടു് തല താഴ്ത്തി. ഈ കഥയും അല്പസമയത്തിനുള്ളിൽ പട്ടണത്തിൽ പ്രസിദ്ധമായി

യേശു പ്രവർത്തിച്ച നിരവധി അത്ഭുതങ്ങൾ അന്നു് അധികാരത്തിൽ ഇരുന്ന നിയമജ്ഞരേയും ഫരിസേയ പ്രമാണികളേയും അസൂയാലുക്കളാക്കി. അവരുടെ അധികാരത്തേയും സ്ഥാനമാനങ്ങളേയും ഏതു നിമിഷത്തിലും തകർത്തുകളയുവാൻ യേശുവിനു് കഴിയും എന്നു് അവർ ഭയപ്പെട്ടു ജെരുസലേമിൽ നിന്നും, യൂദയായിൽ നിന്നും, മററു പലയിടങ്ങളിൽ നിന്നും പണ്ഡിതരായ പല പ്രമാണികളും ഗലീലയിൽ നിന്നു് യേശുവിൻെറ പ്രവർത്തനങ്ങളെ രഹസ്യമായും പരസ്യമായും അന്വേഷിച്ചു കൊണ്ടിരുന്നു.

യേശുവും ഈ വസ്തുത മനസ്സിലാക്കി. പ്രതിയോഗികളോട് പരസ്യമായി എതിക്കുന്നതിനു മുമ്പ്, തൻെറ പിതാവിൻെറ ഹിതം അനുസരിച്ച് വളരെ കാൎയ്യങ്ങൾ ചെയ്യേണ്ടിയിരുന്നതു കൊണ്ട് അദ്ദേഹം കഴിയുന്നതും അവരെ നേരിട്ട് എതിരിടാതെ മാറി, മാറി, ജീവിച്ചു കഴിയുന്നതും പൊതുസ്ഥലങ്ങളിൽ നിന്നു് ഒഴിഞ്ഞു് സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും ഗൃഹങ്ങളിൽവച്ച് ഉപദേശങ്ങളും മററ് സേവനകൎമ്മങ്ങളും അദ്ദേഹം നിർവ്വഹിച്ചു. ഒരിക്കൽ അദ്ദേഹം ഒരു വീട്ടിനുള്ളിൽ വിവിധ സ്ഥലങ്ങളിൽ നിന്നു വന്ന പണ്ഡിതപ്രമാണികളുമായി വിവാദം നടത്തിക്കൊണ്ടിരുന്നു. ആ ഭവനവും പരിസരങ്ങളും ഏറെത്താമസിയാതെ അനുഗ്രഹാൎത്ഥികളായ ജനങ്ങളെക്കൊണ്ട് നിറഞ്ഞു തളർവാതരോഗിയായ ഒരുവനെ യേശുവിൻെറ പക്കൽ കൊണ്ടുവരാൻ ശ്രമിച്ച അയാളുടെ ബന്ധുക്കൾക്ക് ആ വീടിൻെറ വാതലിനോട് അടുക്കുവാൻ പോലും കഴിഞ്ഞില്ല. എന്നാൽ നിരാശരാകാതെ വീടിൻെറ പിൻഭാഗത്തുകൂടി ഭിത്തിയിൽ ഏണി ചാരി രോഗിയെ കിടക്കയോടുകൂടി മേൽക്കൂരയിൽ കയററി മുകളിലെ ഓടുകളും തട്ടും ഇളക്കി, രോഗിയെ കിടക്കയോടുകൂടി കയറുകൊണ്ടു കെട്ടി താഴോട്ടു ഇറക്കി യേശുവിൻെറ മുമ്പിലാക്കി. കരുണാനിധിയായ അദ്ദേഹം ഈ പുതിയ അതിഥിയുടെ വിചിത്രമായ ആഗമനമാൎഗ്ഗത്തിൽ പ്രത്യക്ഷപ്പെട്ട വിശ്വാസദാൎഢ്യത്തെ അഭിനന്ദിച്ചു അംഗീക

രിച്ചു. രോഗിയേയും അയാളുടെ വിശ്വാസം നിറഞ്ഞ സഹായികളേയും അദ്ദേഹം മാറി മാറി നോക്കി. തന്നെയും, തന്റെ അധികാരത്തേയും താൻ പഠിപ്പിച്ച പുതിയ ദൈവശാസ്ത്രത്തേയും ചോദ്യം ചെയ്തുകൊണ്ടും സംശയിച്ചും അവിടെ കൂടിയിരുന്ന നിയമജ്ഞരേയും ഫരിസേയരേയും അദ്ദേഹം വിസ്മരിച്ചില്ല. എല്ലാവരും കേൾക്കത്തക്കതുപോലെ അദ്ദേഹം രോഗിയോട് 'നിന്റെ പാപങ്ങൾ ഞാൻ വിമോചിക്കുന്നു' എന്നു അരുളിച്ചെയ്തു. എല്ലാവരും പരസ്പരം നോക്കി. യേശുവിനേയും ഇടയ്ക്കിടയ്ക്ക് അവർ നോക്കി. പാപങ്ങൾ മോചിക്കുവാൻ യേശുവിനുള്ള അധികാരം അവർക്കു ദുർഗ്രഹമായിരുന്നു. അവർ അതിൽ സംശയിച്ചു അതു മനസ്സിലാക്കിക്കൊണ്ട് സംശയാലുക്കളായ അവരോട് അദ്ദേഹം ചോദിച്ചു "ഏതാണ് കൂടുതൽ എളുപ്പം, ഇയാളുടെ പാപങ്ങൾ മോചിക്കുകയോ, അഥവാ ഇയാൾ എഴുന്നേററു നടക്കുവാൻ മാത്രം അയാളെ സുഖപ്പെടുത്തുകയോ?" അവർ മറുപടി പറയാൻ ധൈര്യപ്പെട്ടില്ല. യേശു മറുപടി പ്രതീക്ഷിച്ചുമില്ല. അസന്നിഗ്ദ്ധമായ ഭാഷയിൽ ഗാംഭീര്യത്തോടെ അദ്ദേഹം ആ സദസ്സിൽ വച്ച് ഉറക്കെ വിളിച്ചുപറഞ്ഞു. "മനുഷ്യപുത്രന് ഭൂമിയിൽ പാപങ്ങൾ മോചിക്കുന്നതിനുള്ള ശക്തി ഉണ്ടെന്നു നിങ്ങൾ അറിയുന്നതിനായി" അദ്ദേഹം തളർവാതക്കാരനെ നോക്കിക്കൊണ്ട് തുടർന്നു: "ഞാൻ നിന്നോടു പറയുന്നു. എഴുന്നേല്ക്കുക. നിന്റെ കിടക്കയും എടുത്തുകൊണ്ടു നീ വീട്ടിലേയ്ക്കു പോകുക"

അനേക വർഷങ്ങളായി തളർന്നു കിടന്നവൻ ചാടിഎഴുന്നേററ, കിടക്കയും മടക്കി എടുത്തുകൊണ്ടു് യേശുവിനെ വണങ്ങിയിട്ടു അവിടെ നിന്നും പോയി. അവിടെ കൂടിയിരുന്നവർ പലരും വിസ്മയിച്ചു് യേശുവിൽ കൂടുതൽ വിശ്വസിക്കുകയും ചിലർ അദ്ദേഹത്തെ കൂടുതൽ ഭയപ്പെടുകയും ദ്വേഷിക്കുകയും ചെയ്തു.

യേശുവിനെ ദ്വേഷിച്ചവർ അദ്ദേഹത്തെ പല പ്രവൃത്തികളിലും കുററപ്പെടുത്തുവാൻ ശ്രമിച്ചു. അഴിമതിക്കാരുടേയും അക്രമികളുടേയും ഗൃഹങ്ങളിൽ കൂടി യേശുവും ശിഷ്യന്മാരും പോകുന്നതും അവരോടുകൂടി ഭക്ഷണം കഴിക്കുന്നതും യഹൂദാചാര്യന്മാക്കു ചേർന്നതല്ല എന്നു് അവർ വാദിച്ചു. "സുഖമായിരിക്കുന്നവക്കല്ല, വൈദ്യൻെറ ആവശ്യം രോഗികൾക്കാണു്. അതുപോലെ പുണ്യമായി ജീവിക്കുന്നവരെ പരിഷ്കരിക്കുവാനല്ല ആചാര്യന്മാർ ബദ്ധപ്പെടേണ്ടതു്. ദുർമ്മാർഗ്ഗത്തിൽ ജീവിക്കുന്നവരെ നേർവഴിയിലേക്കു കൊണ്ടുവരാനാണു് അവർ അനുസ്യൂതം പരിശ്രമിക്കേണ്ടതു്" എന്നു് അദ്ദേഹം സമാധാനം പറഞ്ഞു ശാബത്തു ദിവസത്തിൽ യേശുവിൻെറ ശിഷ്യന്മാർ വയലുകളിൽ നിന്നു് ഗോതമ്പുമണികൾ ഉതിർത്തു ഭക്ഷിച്ചു എന്നു, യേശു തന്നെയും ഒരു രോഗിയുടെ കൈ ശാബത്തുദിവസത്തിൽ സ്വസ്ഥമാക്കി എന്നും അവർ കുററാരോപണം ചെയ്തു ശാബത്തു് മനുഷ്യനു് അനുഗ്രഹത്തിനും സഹായത്തിനും വേണ്ടി സ്ഥാപിതമാണെന്നും

ശാബത്തിന്റെ അക്ഷരാർത്ഥത്തിലുള്ള പാലനം മനുഷ്യന്നു് വിനാശകരമായിത്തീരുവാൻ ശാബത്തിന്റെയും മനുഷ്യന്റെയും നാഥനായ ദൈവം ഇച്ഛിക്കുന്നില്ല എന്നും അദ്ദേഹം അവരെ ധരിപ്പിച്ചു ഈ വ്യാഖ്യാനങ്ങൾ നിയമങ്ങളുടെ ഉഗ്രമായ പരിപാലനയിൽ വിശ്വസിച്ചും പരിചയിച്ചുംവന്ന ഫരിസേയരെയും നിയമജ്ഞരെയും തൃപ്തിപ്പെടുത്തിയില്ല. തങ്ങളുടെ ആചാരങ്ങളെയും വിശ്വാസങ്ങളേയും വെല്ലുവിളിക്കുന്ന ഈ വിപ്ലവകാരിയെ കുരുക്കിൽ വീഴിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർ ആരാഞ്ഞു.

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.

Cl. No. M08 Acc. No. 1013

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 26 JUL 1984 | | |
| 6 SEP 1984 | | |
| 1 APR 1992 | | |
| 6 DEC 1995 | | |

1013.
M04
ചാക്കോ. കെ. സി
കൃതികളുടെ ശേഖരം.
1013

~~ARUN P~~
~~MOTHA~~

ൾസ്റ്റോയ
നകഥകൾ
നകഥാസൂനങ്ങൾ
നകഥാ
നകഥ
ലക
ര